
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്


2019 ജൂൺ
വില ₹20



# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ




**ആകാശപ്പറവകൾ**
(തിരക്കഥ)
**ഡോ. അശോക് ഡിക്രൂസ്**
വില ₹80



**ഈസോപ്പ് കഥകൾ**
(പുനരാഖ്യാനം )
**സി. വി. സുധീന്ദ്രൻ**
വില ₹170




**തിരകളില്ലാത്ത കടൽ**
(കഥകൾ)
**സതീഷ് കിടാരക്കുഴി**
വില ₹110




**ഖുദിറാം ബോസ്**
(ജീവചരിത്രം)
**ഡോ. ടി എസ് ജോയി**
വില ₹100




**കുറ്റിപ്പുഴ കൃഷ്ണപിള്ള**
(ജീവചരിത്രം)
**ഡോ. സി ജെ റോയ്**
വില ₹50




**എവറസ്റ്റ് ആരോഹണകഥകൾ**
(വൈജ്ഞാനികം)
**സനിൽ പി തോമസ്**
വില ₹120



**നന്മ മലയാളം നമ്മുടെ മലയാളം**
(വൈജ്ഞാനികം)
**ഷാജി മാലിപ്പാറ**
വില ₹70



**സ്റ്റെഫിയുടെ പന്ത്**
(കഥ)
**ബീന ജോർജ്**
വില ₹80



**അച്ചുവിന്റെ ആമക്കുഞ്ഞുങ്ങൾ**
(വൈജ്ഞാനികം)
**മനോജ് അഴീക്കൽ**
വില ₹70



**ഹായ് അരിയുണ്ട**
(കഥ)
**അംബുജം കടമ്പൂര്**
വില ₹50



**ശർക്കരേം പഞ്ചാരേം**
(കവിത)
**ജോസ് ഗോതുരുത്ത്**
വില ₹80


**കൂടുതൽ പുസ്തകങ്ങൾക്ക്**

**website : www.ksicl.org**

**കോപ്പികൾക്ക്**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം,**
**സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34,**
**ഫോൺ** 0471-233 3790,
e-mail : director@ksicl.org

# തളിര്

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

**ജൂൺ 2019**
**വില ₹20**
**വാർഷികവരിസംഖ്യ ₹200**

## ഉള്ളടക്കം



## കൈതോലത്തുമ്പിലെ പാവക്കുട്ടി

8

**എം ആർ രേണുകുമാർ**

ചീര എന്നായിരുന്നു ആ നാലാം ക്ലാസ്സു കാരിയുടെ പേര്. ഒരു നാലാം ക്ലാസ്സു കാരിയേക്കാൾ ബുദ്ധിയും ലോകവിവ രവും ഉണ്ട് എന്നാണവളുടെ വിശ്വാസം. കൈതക്കാടുകൾ നിറഞ്ഞ കെട്ടുവരമ്പി ലൂടെ ഒരു ദിവസം വെറുതേ നടന്ന പ്പോൾ അവൾക്കുണ്ടായ അനുഭവമാണ് ഫാന്റസിയുടെ മേമ്പൊടിയോടെ ഈ കഥയിൽ അവതരിപ്പിക്കുന്നത്.


## നമുക്കു സംരക്ഷിക്കാം ഈ പൂമ്പാറ്റകളെ...

12

**വിനയരാജ് വി ആർ**

നമ്മുടെ സംസ്ഥാനത്തിന്റെ ഔദ്യോഗികശലഭമായി ഈയിടെ തിരഞ്ഞെടുക്കപ്പെട്ട ബുദ്ധമയൂരിയെ കുറിച്ച് ഏപ്രിൽ ലക്കം തളിരിൽ വായി ച്ചില്ലേ കൂട്ടുകാർ. വിവിധ തരം ശലഭ ങ്ങളെ കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ ഏറെ സഹായിക്കുന്ന ഈ ലേഖനം വായിക്കൂ...





## ഇരുട്ടിന്റെ മുറിവ്

21

**ഇ ജിനൻ**

ഇരുട്ടിലൊറ്റയ്ക്ക്
മുറിഞ്ഞു വീഴുന്നു-
ണ്ടൊരു മിന്നാമിന്നി-
യിവിടെ, മുറ്റത്ത്.

നുറുങ്ങു സൂര്യനാ-
യെവിടെയോ നിന്നും
നുഴഞ്ഞുവീണതാ-
ണത്, പൊടുന്നനെ.

**മുൻമൊഴി** .......... 4
സുഗതകുമാരി
**ആനക്കാര്യം** .......... 5
എൻ ടി രാജീവ്
**നല്ലൊരു നാളേക്കായ്** .......... 6
**കവിതാപരിചയം** .......... 11
**സ്കൂൾഡെയ്സ്** .......... 17
എൻ ടി രാജീവ്
**സൂര്യകാന്തിപ്പെൺകൊടി** .......... 18
പുനരാഖ്യാനം: റോസ്മേരി
**ആരോഗ്യം** .......... 22
ഡോ. ബി പത്മകുമാർ
**ഗാന്ധിജിയും കുറ്റിപ്പെൻസിലും** .......... 24
ഉല്ലല ബാബു
**പുഴയോട്...** .......... 25
ശിവപ്രസാദ് പെരിയച്ചൂർ
**ടോം സോയറുടെ സാഹസികജീവിതം** .......... 26
പുനരാഖ്യാനം: ജോളി വർഗീസ്
**മോഹം** .......... 28
യാസ്മി ഷെരീഫ്
**അപ്പൂപ്പന്റെ കാവൽ** .......... 29
സതീശൻ മോറായി
**ജൂൺ 8: ലോക സമുദ്രദിനം** .......... 30
മേരി അനീറ്റ
**വിതച്ചതേ കൊയ്യൂ** .......... 33
പുനരാഖ്യാനം: പീറ്റർ കുരിശിങ്കൽ
**സഹ്യന്റെ മക്കളും മക്കളുടെ കൂട്ടുകാരനും** .......... 34
സീമ സുരേഷ്
**കടപയാദി** .......... 40
പള്ളിയറ ശ്രീധരൻ
**കുന്നിൽ നിന്ന് കീഴോട്ട്** .......... 42
ജനാർദ്ദനൻ പള്ളിക്കുന്ന്
**നവസ്വർഗം** .......... 43
കൈനകരി ഷാജി
**മഹാഭാരതം** .......... 44
സുഗതകുമാരി
**കൊറ്റിയോട്** .......... 46
അസുരമംഗലം വിജയകുമാർ
**ഇളംതളിര്** .......... 47
**ഇൻസ്റ്റിറ്റ്യൂട്ട് വാർത്തകൾ...** .......... 51

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**സി ആർ ദാസ്**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**
**അഞ്ജന സി ജി**

ആർട്ട്, ലേഔട്ട്
**വിഷ്ണു പി എസ്**

കവർ
**അരുണ ആലഞ്ചേരി**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
e-mail : thaliru@ksicl.org,
director@ksicl.org

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
www.ksicl.org


പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

സ്കൂൾജീവിതത്തിലെ ഏറ്റവും മനോഹരമായ അനുഭവങ്ങളാണ് സൗഹൃദങ്ങൾ. കൂട്ടുകാരോട് സ്നേഹവും ആരാധനയും കടപ്പാടും അനുസരണയുമെല്ലാം ഈ സമയത്ത് കുട്ടികളിൽ രൂപപ്പെടുന്നു. അവർ പറയുന്നതുപോലെ കേൾക്കുക, അവരെ അനുകരിക്കുക, അവരുടെ മുമ്പിൽ മിടുക്കു കാട്ടുക, ഇതൊക്കെ ഈ പ്രായത്തിൽ പതിവാണ്. പക്ഷേ ഇക്കാലത്ത് ചില കാര്യങ്ങളിൽ നിങ്ങൾ കൂടുതൽ ശ്രദ്ധാലുക്കളാകേണ്ടതുണ്ട്.

കേരളത്തിൽ കുട്ടികളുടെയിടയിൽ മദ്യപാനം, പുകവലി, കഞ്ചാവ് തുടങ്ങിയ മയക്കുമരുന്നുകൾ ഉപയോഗിക്കൽ ഇവയെല്ലാം അമിതമായി വർധിക്കുന്നു എന്ന് ഉന്നതനായ ഒരു പോലീസുദ്യോഗസ്ഥൻ എന്നോടു പറയുകയുണ്ടായി. മയക്കുമരുന്നുകൾ വിവിധ രൂപത്തിലും രുചിയിലും ലഭ്യമാണ്. സ്കൂളുകളുടെ ചുറ്റും ഇവയുടെ വ്യാപാരം രഹസ്യമായി ധാരാളം നടക്കുന്നുണ്ട്. വീട്ടുകാരും അധ്യാപകരും ഇക്കാര്യത്തിൽ നിസ്സഹായരാണ്. അവർ പലതും അറിയുന്നില്ല. അധ്യാപകർ അറിയുന്നുണ്ടെങ്കിലും പലരും മിണ്ടാതിരിക്കുന്നു. ക്ലാസ്സിൽ വന്നു മയങ്ങിയിരിക്കുന്ന കുട്ടികളെപ്പറ്റി പല അധ്യാപകരും വീട്ടുകാരോടു പരാതിപ്പെടാറുണ്ടെങ്കിലും എന്റെ മകൾ അങ്ങനെ ചെയ്യുകയില്ലാ എന്ന വിശ്വാസമാണ് പല രക്ഷാകർത്താക്കൾക്കും.

13 ഉം 14 ഉം വയസ്സായ കുട്ടികളെ കഞ്ചാവു ലഹരി ചികിത്സയ്ക്കായി ഞങ്ങൾ നടത്തുന്ന 'ബോധി' യിൽ കൊണ്ടുവരാറുണ്ട്. ആ കളങ്കമറ്റ കൊച്ചു മുഖങ്ങൾ എന്നെ വേദനിപ്പിക്കുന്നു.





വര: സുധീർ പി വൈ

എത്രയും പ്രിയപ്പെട്ട കുഞ്ഞുങ്ങളേ, നിങ്ങൾ ശ്രദ്ധിച്ചേ കഴിയൂ. എത്ര പ്രിയപ്പെട്ട കൂട്ടുകാരൻ നിർബന്ധിച്ചാലും 'No' എന്ന് ദൃഢസ്വരത്തിൽ പറഞ്ഞാലേ കഴിയൂ.


ലഹരി നിങ്ങളുടെ ബുദ്ധിയെയും ശരീരത്തെയും ക്ഷയിപ്പിക്കുന്നു. നിങ്ങളെ സ്വയം നിയന്ത്രിക്കാൻ കഴിവില്ലാത്തവരാക്കുന്നു. ലഹരിവസ്തുക്കൾ ആദ്യമെല്ലാം നിങ്ങൾക്കു സൗജന്യമായി ലഭിക്കും. പിന്നീട് പണത്തിനുവേണ്ടിയുള്ള ഒരുക്കമായി. അച്ഛനമ്മമാരോടു കള്ളം പറഞ്ഞ് കുട്ടികൾ രൂപ വാങ്ങുന്നു. പിന്നെപ്പിന്നെ അവരറിയാതെ പണം മോഷ്ടിക്കുന്നു. വീട്ടുകാരുടെ മാത്രമല്ല കിട്ടുന്നിടത്തുനിന്നെല്ലാം പണമുണ്ടാക്കാൻ ശ്രമിക്കുന്നു. ലഹരി ബുദ്ധിയെ അടിമപ്പെടുത്തുമ്പോൾ എല്ലാ നിയമങ്ങളും ബന്ധങ്ങളും ശിഥിലമാവുന്നു. പഠിത്തം തകരാറിലാക്കുന്നു. സ്വഭാവം ദുഷിക്കുന്നു. പലരും അക്രമത്തിലും കുറ്റകൃത്യങ്ങളിലും ആത്മഹത്യയിലും ജീവിതം അവസാനിപ്പിക്കുന്നു. ഇതെല്ലാം അറിയാമെങ്കിലും താത്കാലികമായ ഒരു രസത്തിനുവേണ്ടി കൂട്ടുകാരുടെ നിർബന്ധത്തിനുവഴങ്ങി നിങ്ങളിൽ പലരും സ്വയം നശിക്കുന്നു.

അരുതു കുഞ്ഞുങ്ങളേ, ഇതു കളിയല്ല, മിടുക്കല്ല, കൗമാരകാലത്തെ ഈ ഭ്രമങ്ങളെ ശക്തമായി ചെറുക്കുക. ഇതിൽപ്പെട്ടുപോയ മറ്റു കുട്ടികളെയും പിന്തിരിപ്പിക്കാൻ ശ്രമിക്കുക. അതാണ് നിങ്ങളുടെ കടമ. എന്തുകൊണ്ടെന്നാൽ നിങ്ങളെ നിങ്ങളുടെ വീടിനുമാത്രമല്ല ഈ നാടിനും ആവശ്യമുണ്ട്.

വീരന്മാരും സംശുദ്ധിയുള്ളവരും അഭിമാനികളുമായി എന്റെ കുട്ടികൾ വളർന്നുവരട്ടെ.

വേദനയോടെ....
ആശങ്കയോടെ....
എന്നാൽ പ്രതീക്ഷയോടെ...
**സുഗതകുമാരി**

## ആനക്കാര്യം



# നല്ലൊരു നാളേക്കായ്

ലഹരി ഉപയോഗത്തെക്കുറിച്ച് കഴിഞ്ഞ ലക്കത്തിൽ പറഞ്ഞതെല്ലാം കൂട്ടുകാർ വായിച്ചിരിക്കുമല്ലോ. ഇതാ ചില കാര്യങ്ങൾ കൂടി.

## ലഹരി ഉപയോഗിക്കുന്നതിന്റെ ലക്ഷണങ്ങൾ

❖ മാനസികാവസ്ഥയിൽ പെട്ടെന്നുണ്ടാകുന്ന മാറ്റം.

❖ വിശപ്പില്ലായ്മയും മനം പുരട്ടലും.

❖ മയക്കമോ അല്ലെങ്കിൽ ഉറക്കമില്ലായ്മയോ.

❖ ക്രമരഹിതമായ കാൽച്ചുവടുകൾ.

❖ ടോയ്‌ലറ്റിൽ അധികനേരം ചെലവഴിക്കുക.

❖ കള്ളം പറയുക.

❖ പഠനത്തിലും മറ്റു പ്രവർത്തനങ്ങളിലുമുള്ള താത്പര്യവും ശ്രദ്ധയും കുറയുക.

❖ പണത്തിന് വർധിച്ചുവരുന്ന ആവശ്യവും മോഷണശ്രമവും.

❖ ഗുളികകൾ, സിഗററ്റ്, സിറിഞ്ച് മുതലായവ സൂക്ഷിക്കുക.

## ലഹരി ഉപയോഗിക്കുന്നതിന്റെ ദൂഷ്യഫലങ്ങൾ

❖ പകർച്ചവ്യാധികൾ പിടിപെട്ട് ആരോഗ്യം നശിക്കുക.

❖ എച്ച് ഐ വി/ എയ്ഡ്സ് പിടിപെടുക.

❖ സ്കൂളിൽ/കോളജിൽ പോകാതെയും പഠനം പൂർത്തിയാക്കാൻ കഴിയാതെയുമിരിക്കുക.

❖ ജോലി / വരുമാനം നഷ്ടപ്പെടുക.

❖ ഇച്ഛാഭംഗം മൂലമോ അനാരോഗ്യം കാരണമോ ആത്മഹത്യാപ്രവണത ഉണ്ടാവുക.

❖ മോഷണം, ബലാത്സംഗം, കൊലപാതകം മുതലായ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുക.

❖ അഴിമതി, കള്ളപ്പണം, ഭീകരപ്രവർത്തനങ്ങളെ സഹായിക്കൽ.



വര: സചീന്ദ്രൻ കാറഡുക്ക

## അധ്യാപകർ എന്താണ് ചെയ്യേണ്ടത്?

❖ കുട്ടികളുമായി നല്ല ബന്ധം സ്ഥാപിക്കുകയും കുടുംബ പശ്ചാത്തലം അറിയുവാൻ ശ്രമിക്കുകയും ചെയ്യുക.


❖ എല്ലായ്പ്പോഴും സമ്മർദ്ദങ്ങളെ അതിജീവിക്കാൻ കുട്ടികളെ പരിശീലിപ്പിക്കുക.

❖ പാർട്ടികളിലും മറ്റും നൽകുന്ന ശീതളപാനീയങ്ങളും മറ്റും വളരെ ശ്രദ്ധയോടെ മാത്രം ഉപയോഗിക്കുവാൻ പെൺകുട്ടികൾക്ക് അവബോധം നൽകുക.

❖ ലഹരിഉപയോഗം സംബന്ധിച്ച അറിവ് ലഭിച്ചാൽ ബന്ധപ്പെട്ട അധികാരികളെ അറിയിക്കുന്നതിന് കുട്ടികളെ ബോധവാന്മാരാക്കുക.

❖ സ്കൂൾ, കോളജ് പരിസരങ്ങളിലെ കച്ചവടക്കാരെയും അലഞ്ഞ് തിരിയുന്നവരെയും നിരീക്ഷിക്കുക. അവർ കുട്ടികളോട് ഇടപഴകുന്നത് തടയുകയും ചെയ്യുക.

**ലഹരിക്ക് അടിമപ്പെടുന്ന നമ്മുടെ കുഞ്ഞുങ്ങളെ എങ്ങനെ സഹായിക്കാം? ഇവയുടെ ദൂഷ്യവശങ്ങൾ അവർക്കു മനസ്സിലാക്കി കൊടുക്കാൻ നമുക്കു കഴിയണം. രക്ഷകർത്താക്കളും അധ്യാപകരും അവർക്ക് താങ്ങായി മാറണം. അഭിമാനികളും മിടുക്കരുമായി അവർ വളരട്ടെ.**




❖ കുട്ടികളുടെ പഠനത്തിലും സ്വഭാവത്തിലും പെട്ടെന്നുണ്ടാകുന്ന മാറ്റം ശ്രദ്ധിക്കുക.

❖ ഹോസ്റ്റൽറൂമുകൾ ഇടയ്ക്കിടെ പരിശോധന നടത്തുക. സ്കൂളുകളിലും കോളജുകളിലും ലഹരി ഉപയോഗത്തിനെ തിരെയുള്ള ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുക.

❖ ക്രിയാത്മകവും ആരോഗ്യകരവുമായ പ്രവൃത്തികളിൽ ഏർപ്പെടാൻ കുട്ടികളെ സഹായിക്കുക.

❖ മൂല്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന വ്യക്തിത്വം കുട്ടികളിൽ വളർത്തിക്കൊണ്ടു വരുവാൻ ശ്രമിക്കുക.

❖ ലഹരി ഉപയോഗം സംബന്ധിച്ച അറിവുകൾ ഉടൻതന്നെ ബന്ധപ്പെട്ട എക്സൈസ്/പോലീസ് ഉദ്യോഗസ്ഥരെ അറിയിക്കുക.

## ലഹരി ഉപയോഗത്തിനെ തിരെയുള്ള നിയമങ്ങൾ

❖ ചെറിയ അളവിൽപ്പോലും മയക്കുമരുന്നുകൾ കൈവശം വയ്ക്കുന്നത് ശിക്ഷാർഹമാണ്.

❖ മയക്കുമരുന്ന് ഇനത്തിൽപെട്ട ചെടികൾ കൃഷി ചെയ്യുന്നത് കുറ്റകരമാണ്.

❖ അനധികൃതമായി മയക്കുമരുന്നുകൾ ഉപയോഗിക്കുന്നതും വിൽക്കുന്നതും മയക്കുമരുന്ന് സൂക്ഷിക്കുന്നതിന് സൗകര്യം ചെയ്തുകൊടുക്കുന്നതും ശിക്ഷാർഹമാണ്.

❖ പൊതുസ്ഥലത്ത് മദ്യപിക്കുന്നതും പുകവലിക്കുന്നതും ശിക്ഷാർഹമാണ്.

❖ 21 വയസ്സിൽ താഴെ പ്രായമുള്ളവർക്ക് മദ്യം വിൽക്കുന്നത് ശിക്ഷാർഹമാണ്.

*(കടപ്പാട് : കേരള സംസ്ഥാന എക്സൈസ് വകുപ്പ്)*

കഥ

# കൈതോലത്തുമ്പിലെ പാവക്കുട്ടി

എം ആർ രേണുകുമാർ

ഞാനൊരു നാലാംക്ലാസ്സുകാരിയാണ്. പക്ഷേ ഒരു നാലാം ക്ലാസ്സുകാരിയേക്കാൾ ബുദ്ധിയും ലോകവിവരവും എനിക്കുണ്ടെന്നാണ് ഞാൻ കരുതുന്നത്. എനിക്ക് വേണമെങ്കിൽ ഈസിയായി ക്ലാസിൽ ഫസ്റ്റാകാവുന്നതേയുള്ളൂ. പക്ഷേ ഞാൻ ഫസ്റ്റായാൽ എന്റെ പ്രിയകൂട്ടുകാരൻ എവിൻ വിഷമിക്കും.

എവിൻ രണ്ടാമതായാൽ അവന്റെ മമ്മി കരയും. അതോടെ അവന്റെ മമ്മിയും പപ്പയും തമ്മിലുള്ള ബന്ധം പിന്നെയും വഷളാകും. ഞാൻ രണ്ടാമതായാൽ ഒരു കുഴപ്പോമില്ല. എന്റെ അച്ചൻ ഒന്നു ചിരിക്കത്തേയുള്ളൂ. ഒന്നു ചേർത്തുപിടിക്കത്തേയുള്ളൂ. അപ്പോപ്പിന്നെ ഞാൻ രണ്ടാമതാകുന്നതല്ലേ നല്ലത്. എവിൻ ഹാപ്പിയാകുവേം ചെയ്യും. നമ്മുടെ പ്രിയപ്പെട്ടവരുടെ സന്തോഷമല്ലേ നമ്മുടെ സന്തോഷം. എന്റെ അച്ചൻ എന്നോട് സായിപ്പന്മാരെ അന്തംവിടുവിച്ച ആഫ്രിക്കയിലെ കുട്ടികളുടെ ഓട്ടത്തെക്കുറിച്ചും ഉബുണ്ടുവിനെക്കുറിച്ചുമൊക്കെ പറഞ്ഞുതന്നിട്ടുണ്ട്. എനിക്കറിയാം ഉബുണ്ടുവെന്നോ ഉബുണ്ടു ഫിലോസഫിയെന്നോ കേട്ടിട്ടുള്ള ഒരു കുട്ടിയും ക്ലാസിലുണ്ടാവില്ലെന്ന്. ചിലപ്പോ അധ്യാപകർക്കുപോലും അതേപ്പറ്റി അറിവുണ്ടാവില്ല. അതാ ഞാൻ പറഞ്ഞത് എനിക്ക് കുറച്ച് ലോകവിവരമൊക്കെയുണ്ടെന്ന്.

പക്ഷേ എന്റെ ലോകവിവരം എന്റെ അച്ചനൊഴിച്ച് മറ്റാരും അംഗീകരിച്ചുതരില്ല എന്നൊരു പ്രശ്നമുണ്ട്. അധ്യാപകർക്ക് എന്നെ ഇഷ്ടമാണെങ്കിലും അവർ എന്നോട് എപ്പോഴും ഒരകലം കാണിക്കാറുണ്ട്. അവരുടെ പ്രിയപ്പെട്ടവരുടെ ലിസ്റ്റിൽ ഞാനില്ല എന്നെനിക്കറിയാം. പക്ഷേ ഞാനതൊന്നും അത്ര കാര്യമാക്കാറില്ല കേട്ടോ. പിന്നെ എന്റെ കൈയിലുമുണ്ട് ചില കുസൃതിത്തരങ്ങൾ. ഒരാപ്പിൾ ഏഴായി മുറിച്ചാൽ എന്നൊക്കെയുള്ള മാത്സ് ടീച്ചറിന്റെ ഉദാഹരണം കേൾക്കുമ്പോൾ ഓറഞ്ചുപോരേ ടീച്ചറേ അപ്പോ മുറിക്കണ്ടല്ലോ എന്നൊക്കെ ഞാനങ്ങ് ചോദിച്ചുപോകും. ഇതൊക്കെ കൊണ്ടാവാം മറ്റു



വര: ഗോപു പട്ടിത്തറ

ള്ളവരുടെ പേരന്റ്സ് വർഷത്തിലൊരിക്കൽ സ്കൂളിൽ വരുമ്പോൾ എന്റെ പേരന്റ്സ് മാസത്തിലൊരിക്കൽ വരേണ്ടി വരുന്നത്.

ഇങ്ങനെയൊക്കെ ആലോചിച്ച് ഒരു വെള്ളിയാഴ്ച വൈകുന്നേരം വീടിനു പുറകിലുള്ള തെങ്ങുന്തോപ്പിലൂടെ നടന്ന്, അതിനപ്പുറം ഇരുവശത്തും കൈതക്കാടുകൾ നിറഞ്ഞ കെട്ടുവരമ്പിലൂടെ ചുമ്മാ പടിഞ്ഞാട്ട് നടക്കുമ്പോഴാണ് ആരോ എന്നെ പേരുചൊല്ലി വിളിക്കുന്നതായി കേട്ടത്.

''ചീരേ...'' ചീര എന്റെ വീട്ടിലെ പേരാണ്. സ്കൂളിലെ പേര് നിമിഷ എന്നാണ്. ഇവിടിപ്പോ ആരാ എന്റെ പേരുവിളിക്കാൻ. ഞാൻ ഒന്നു വട്ടംതിരിഞ്ഞ് എല്ലായിടവും നോക്കി. വീട് കുറെ പുറകിൽ ദൂരത്താണ്. അടുത്തെങ്ങും ആരെയും കാണാനുമില്ല. ദൂരെ പാടത്തിന് നടുവിൽ കുറേപ്പേർ പണിയെടുക്കുന്നുണ്ട്. അവരൊന്നും വിളിച്ചാൽ വിളി ഇവിടെയെത്തില്ല. മാത്രമല്ല, എനിക്കവരെ കാണുമ്പോലെ അവർക്കെന്നെ കാണാനേ കഴിയില്ല. ഞാനെല്ലാ വീക്കെൻഡിലും ഇതിലൂടെ ഇങ്ങനെ പടിഞ്ഞാട്ട് നടന്ന് പുഴയോരം വരെ പോയി തിരിച്ചുവരുന്നതല്ലേ. പുഴയോരത്ത് മൂന്നാല് വീടുകളുണ്ട്. എല്ലാം എന്റെ അപ്പച്ചന്റെ സഹോദരങ്ങളുടെയും അവരുടെ മക്കളുടെയും വീടുകളാണ്. ഈ തെങ്ങുന്തോപ്പും ഏക്കറുകണക്കിന് പാടവും നടപ്പുവഴിയായി മാറിയ ഈ കെട്ടുവരമ്പുമൊക്കെ ഞങ്ങളുടെ സ്വന്തം പുരയിടമാണ്. എല്ലാം അപ്പച്ചന്റെ അച്ചൻ ചേരിക്കലെ വല്യപ്പൂപ്പൻ പണിയെടുത്ത് ഉണ്ടാക്കിയതാണെന്ന് അച്ചമ്മ പറഞ്ഞ് ഞാൻ കേട്ടിട്ടുണ്ട്. പക്ഷേ എന്നെ വിളിച്ചത് ആരാണെന്ന് ഇതുവരെ മനസ്സിലായില്ലല്ലോ. അതൊരു തോന്നലാണെന്നു കരുതി ഞാൻ വീണ്ടും നടക്കാൻ തുടങ്ങി. അപ്പോഴതാ വീണ്ടും കേൾക്കുന്നു.

''നിമിഷേ...'' ഇത്തവണ ഞാൻ ശരിക്കും വിരണ്ടുപോയി. ആ വിളി കുറച്ചുകൂടെ അടുത്തുനിന്നായിരുന്നു. തൊട്ടുപുറകിൽ നിന്നെന്നപോലെ തിരിഞ്ഞുനോക്കിയാൽ എന്താവും കാണുക. അച്ചമ്മ പറഞ്ഞ നൂറുനൂറു കഥകൾ മനസ്സിലേക്കോടിയെത്തി. ഇത്തരം സാഹചര്യത്തിൽ ഒരിക്കലും തിരിഞ്ഞുനോക്കരുത്. വേഗത്തിൽ നടന്നോണം. കഴിയുമെങ്കിൽ നിലത്തേക്ക് കാർക്കിച്ച് തുപ്പണം. എന്നിട്ട് വലിച്ചുവിട്ടോണം. പക്ഷേ എന്റെ മനസ്സറിഞ്ഞപോലെ, തൊട്ടുവിളിക്കുമ്പോലെ ആ ശബ്ദം പിന്നെയും കേട്ടു.

''തിരിഞ്ഞുനോക്കിക്കൊള്ളൂ... പേടിക്കേണ്ട...'' പിന്നാലെ കൂടിയ ശബ്ദം ഇളംകാറ്റുപോലെ കൈതപ്പൂ വാസനയോടെ മനസ്സിൽ വന്നുരുമ്മി... എന്റെ മേലാകെ കുളിരുകോരിപ്പോയി. ഒരു ചെറുചിരിയോടെ എനിക്ക് മുഖം ഇടത്തേക്ക് തിരിച്ച് നോക്കാതിരിക്കാൻ കഴിഞ്ഞില്ല. അപ്പോൾ വിടർന്ന കൈതപ്പൂവിന് അടുത്തായി കുരുന്ന് കൈതോലയിൽ തൂങ്ങിയാടി കിളിക്കുഞ്ഞിനെപ്പോലെ ഒരു പാവക്കുട്ടി. അതിന്റെ മുഖം നിറച്ചും കണ്ണുകളാണ്. ഉറക്കത്തിൽ പാലുനുണയുന്ന കുട്ടികളുടേതുപോലുള്ള ചുണ്ടുകളാണ്. എന്റെ ഭയം മെല്ലെ ഓടിയൊളിച്ചു. കൗതുകംകൊണ്ട് ഞാനുമൊരു കൈതപ്പൂവായി വിരിഞ്ഞേക്കുമോ എന്ന് എനിക്കുതോന്നി. തുമ്പിയെ പിടിക്കാനെന്നപോലെ ഞാനാ പാവക്കുട്ടിയുടെ നേരേ വിരലുകൾ നീട്ടി.

''എന്നെ തൊടരുതേ....'' മറ്റൊരു കൈതോലയിലേക്ക് ഊയലാടിക്കൊണ്ട് പാവക്കുട്ടി പറഞ്ഞു. അവൾക്കൊപ്പം അവളുടെ കുഞ്ഞുടുപ്പും ഇളകിയാടി. ഞാൻ കൈ പിൻവലിച്ചു.

''അതെന്താ... തൊട്ടാല്?'' അരുമയോടെ ഞാൻ ചോദിച്ചു.

''ഞാൻ പൊടിഞ്ഞ് ഇല്ലാണ്ടായിപ്പോകും.'' പാവക്കുട്ടി വലിയ ഗൗരവം നടിച്ചുപറഞ്ഞു.

''ഉവ്വോ...'' ഞാൻ അത്ഭുതംകൂറി.

''അതേന്നേ.... ഞാനൊത്തിരി യൊത്തിരി യൊത്തിരി പഴയതല്ലേ....'' പാവക്കുട്ടി തുടർന്നു.

''ശരിക്കും...'' ഞാൻ തെല്ലുവിതുമ്മി ചോദിച്ചു.

''ഉം.... ആളുകൾ തൊട്ടുതൊട്ട്... പ്പോ ഭൂമീല് ഞങ്ങള് വളരെ കുറച്ചേയുള്ളൂ...''

''ആണോ...ന്നാ തൊടുന്നില്ല...''

''ഡാങ്കൂ'' പാവക്കുട്ടി ചിരിച്ചു. അവളുടെ മറുപടി കേട്ട് ഞാൻ പൊട്ടിച്ചിരിച്ചുപോയി. അവളെന്നെയും ഞാനവളെയും ഇമചിമ്മാതെ നോക്കി നോക്കിനിന്നു. പിന്നെയും കുടഞ്ഞിട്ടു ചിരിച്ചു ഞങ്ങൾ.

ഈ അത്ഭുതക്കാഴ്ചയെപ്പറ്റി അച്ചമ്മയോട് പറയുന്നതോർത്തപ്പോൾ ഉള്ള് തുടിച്ചു. അച്ചനോടു പറഞ്ഞാൽ അച്ചൻ ഇതൊന്നും വിശ്വസിക്കുകേല. അതിനു പറ്റിയത് അച്ചമ്മയാണ്. ഞാൻ കെട്ടുവരമ്പിലൂടെ തിരിച്ച് വീട്ടിലേക്കോടാൻ തുടങ്ങി. കൈതോലയിൽ ഊയലാടി പാവക്കുട്ടിയും എന്നോടൊപ്പം ഓടാൻ തുടങ്ങി. ആഹാ....

**പിന്നാലെ കൂടിയ ശബ്ദം ഇളംകാറ്റുപോലെ കൈതപ്പൂ വാസനയോടെ മനസ്സിൽ വന്നുരുമ്മി... എന്റെ മേലാകെ കുളിരുകോരിപ്പോയി. ഒരു ചെറുചിരിയോടെ എനിക്ക് മുഖം ഇടത്തേക്ക് തിരിച്ച് നോക്കാതിരിക്കാൻ കഴിഞ്ഞില്ല. അപ്പോൾ വിടർന്ന കൈതപ്പൂവിന് അടുത്തായി കുരുന്ന് കൈതോലയിൽ തൂങ്ങിയാടി കിളിക്കുഞ്ഞിനെപ്പോലെ ഒരു പാവക്കുട്ടി.**

അതുകൊള്ളാമല്ലോ. ഞാൻ നിന്നു. അപ്പോ അവളും നിന്നു. ഞാൻ ഓടാൻ ഭാവിച്ചു. അപ്പോ അവളും ഭാവിച്ചു. ഞാൻ കണ്ണു മിഴിച്ചു. അപ്പോ അവളും മിഴിച്ചു. ഞാൻ കോക്രി കാട്ടി. അപ്പോ അവളും കാട്ടി. ഞാനൊരു സിനിമാപ്പാട്ട് പാടി, അവളതിന്റെ ബാക്കി പാടി. അവളെന്റെ കണ്ണാടിയാണോന്നുപോലും തോന്നിപ്പോയി. ഞാൻ വീണ്ടുമോടാൻ തുടങ്ങി. അപ്പോ അവളും ഒപ്പം ഓടിത്തുടങ്ങി. ഇരുവശവും കൈതക്കാടുകളുള്ള കെട്ടുവരമ്പ് തീരാറായപ്പോൾ അവൾ പറഞ്ഞു.

''നില്ല്... നില്ല്... നില്ല്... എനിക്കിത്രേ വരാൻ പറ്റൂ...''

''അതെന്താ...?'' ഞാൻ ചോദിച്ചു.

''അതങ്ങനാ...'' പാവക്കുട്ടി കണ്ണിറുക്കിക്കൊണ്ട് പറഞ്ഞു.

**ഞാൻ നിന്നു. അപ്പോ അവളും നിന്നു. ഞാൻ ഓടാൻ ഭാവിച്ചു. അപ്പോ അവളും ഭാവിച്ചു. ഞാൻ കണ്ണു മിഴിച്ചു. അപ്പോ അവളും മിഴിച്ചു. ഞാൻ കോക്രി കാട്ടി. അപ്പോ അവളും കാട്ടി. ഞാനൊരു സിനിമാപ്പാട്ട് പാടി, അവളതിന്റെ ബാക്കി പാടി.**

''എന്നാ ഞാൻ പോട്ടെ...''

ഞാൻ തെങ്ങുന്തോപ്പിലേക്കുള്ള മട ചാടിക്കയറി ഓടാൻ തുടങ്ങി.

''നിന്നോടൊപ്പം ഞാനൊരാളെക്കൂടി തന്നുവിട്ടിട്ടുണ്ട്.'' അവസാനത്തെ കൈതയുടെ ഓലത്തുമ്പിൽ ഞാന്നു കിടന്നുകൊണ്ട് പാവക്കുട്ടി വിളിച്ചു പറഞ്ഞു. അതിന്റെ കണ്ണുകൾ നിറഞ്ഞിരുന്നു.

''ഒരാളോ...!'' അതെന്താവും? മനസ്സിൽ ചിരിച്ചുകൊണ്ട് ഞാൻ വീട്ടിലേക്കോടി.

വീടിന്റെ പുറകുവശത്തെ വാതിലിലൂടെ ഞാൻ അടുക്കളയിലേക്ക് ഓടിക്കയറി. കറിക്കരിഞ്ഞുകൊണ്ടിരുന്ന അച്ചമ്മ എന്നെക്കണ്ട് അന്തംവിട്ടുനോക്കി. കൊരണ്ടിയിൽ നിന്നെഴുന്നേറ്റ് എന്റെ ഇരുചുമലുകളിലും പിടിച്ചോണ്ടു ചോദിച്ചു.

''ഹെന്തൊരു കൈതപ്പൂമണമാ പെണ്ണെ നിന്നെ.''

അച്ചമ്മ എന്നെ ചേർത്തണച്ചു പിടിച്ചു.

''അതേല്ലോ...'' അപ്പോഴാണ് ഞാനുമത് ശ്രദ്ധിച്ചത്. ഞാൻ നടക്കുന്നിടത്തും ഇരിക്കുന്നിടത്തുമൊക്കെ കൈതപ്പൂമണം കൊണ്ടുനിറഞ്ഞു. അച്ചമ്മയെന്നെ അടിമുടിയൊന്ന് നോക്കി ഊറിച്ചിരിച്ചു.

രാത്രി ആമ്പലിന്റെ മണമുള്ള അച്ചമ്മയോട് ചേർന്നുകിടക്കുമ്പോൾ ഞാൻ പറയാൻ തുടങ്ങി.

''ഇന്നുണ്ടല്ലോ... അച്ചമ്മേ...''

''നീ കൈതോലയിലെ പാവക്കുട്ടിയെ കണ്ടല്ലേ...'' അച്ചമ്മ ഇടയ്ക്കുകയറി ചോദിച്ചു.

''ഉയ്യോ....അച്ചമ്മയ്ക്ക് അതെങ്ങനെ പിടികിട്ടി?''

ഞാൻ ചാടിയെഴുന്നേറ്റു. അച്ചമ്മ ഒരുനിമിഷം മൗനത്തിലാണ്ടു. പിന്നെ മെല്ലെ പറഞ്ഞു. ''നിന്റെ പ്രായത്തിൽ ഞാനുമതിനെ കണ്ടിട്ടുണ്ട്.'' അന്നു രാത്രിമുഴുവൻ എനിക്കും നിന്നെപ്പോലെ കൈതപ്പൂമണമായിരുന്നു. അന്നുരാത്രി ഇതേപോലെ എന്നെ ചേർത്തുകിടത്തി എന്റെ വല്യമ്മച്ചി എന്നോട് കുഞ്ഞുന്നാളിലവർ ഈ പാവക്കുട്ടിയെ കണ്ട കഥ പറഞ്ഞു. നീയും ഒരുപക്ഷേ നിന്റെ പേരക്കുട്ടിയോട് ഒരു രാത്രിയിൽ ഈ പാവക്കുട്ടിയുടെ കഥ പറയുമായിരിക്കും.'' അന്നുരാത്രി എനിക്കും അച്ചമ്മയ്ക്കും ഉറങ്ങാനേ കഴിഞ്ഞില്ല.





# കൊച്ചുകിളി

മഹാകവി കുമാരനാശാൻ

ചൊല്ലുകെന്തു ചെറുപക്ഷി നീ കളി-
ച്ചുല്ലസിപ്പതിതുപോലെയെപ്പൊഴും
അല്ലൽ നീയറികയില്ലയോ? നിന-
ക്കില്ലയോ പറകെഴുത്തുപള്ളിയും?

കൊച്ചുശാഖകളിലാഞ്ഞിരിപ്പതും
പിച്ചിയന്നപടി പാടിടുന്നതും
ഇച്ഛപോലുയരെ നീ പറപ്പതും
മെച്ചമിന്നിവയെനിക്കു കൂടുമോ?

കാലുയർത്തിയയി, കാറ്റിലാടുമൂ-
ഞ്ഞാലിൽ മേവി രസമേലുമെത്ര ഞാൻ!

നീലവിൺ വഴി പറന്നെഴും സുഖം
ലോലമെയ്യിതിൽ നിനക്കൊതുങ്ങുമോ?

ചിത്രമിങ്ങു, പുഴ കുന്നിവറ്റ തെ-
ല്ലത്തലെന്നി കിളി, നീ കടപ്പതും
എത്തി വന്മുതലമേലുമാനതൻ-
മസ്തകത്തിലുമിരുന്നിടുന്നതും!

ചേണിയന്ന ചിറകാർന്നൊരോമന-
പ്രാണി, നിൻ തടവകന്ന ലീലകൾ
കാണുകിൽ കൊതിവരും- പഠിക്കുവാൻ
പോണു- കൊച്ചുകിളിയായതില്ല ഞാൻ!





വര: സുധീർ പിള്ള

ഫോട്ടോഫീച്ചർ

# നമുക്കു സംരക്ഷിക്കാം ഈ പൂമ്പാറ്റകളെ...

വിനയരാജ് വി ആർ



Author Fir0002 at English Wikipedia



"ഈ വല്ലിയിൽ നിന്നു ചെമ്മേ
പൂക്കൾ പോവുന്നിതാ പറന്നമ്മേ!"

എന്നുപാടിയ കുട്ടിയെപ്പറ്റി കുമാരനാശാന്റെ കവിതയിൽ വായിക്കുമ്പോൾ പൂമ്പാറ്റകൾ പറക്കുന്നത് കാൺകെ ചെടിയിൽ നിൽക്കുന്ന പൂക്കളൊക്കെ ആകാശത്തേക്ക് പറന്നുപോകുന്നത് കണ്മുന്നിൽ കാണുന്നൊരു തോന്നൽ നമുക്കുമുണ്ടാകും. പൂക്കളും പൂമ്പാറ്റകളും തമ്മിൽ അത്രയ്ക്കാണ് ബന്ധം, അത്രയ്ക്കാണ് സാമ്യം. ഇതിലൊക്കെയുമുപരി ഭൂമിയിലെ ജീവന്റെ നിലനിൽപ്പിനുപോലും കാഴ്ചയിൽ ദുർബലരെന്നുതോന്നുന്ന ഈ കൊച്ചുജീവികളുടെ സംഭാവനകൾ വളരെയേറെയാണ്.

ആറു കാലുകളുള്ള പ്രാണികളെ ഷഡ്പദങ്ങൾ എന്നാണ് വിളിക്കുന്നത്. തുമ്പിയും പാറ്റയും വണ്ടും എട്ടുകാലിയും പുൽച്ചാടിയും ഉറുമ്പും എല്ലാം ഷഡ്പദങ്ങളാണ്. ഭൂമിയിലെ ഷഡ്പദങ്ങളുടെ കണക്കുകൾ ആരെയും അമ്പരപ്പിക്കുന്നതുമാണ്. ഏതു സമയത്തും ഭൂമിയിൽ ആകെയുള്ള ഷഡ്പദങ്ങളുടെ എണ്ണമെടുത്താൽ ഓരോ മനുഷ്യനും ഏതാണ്ട് 20 കോടി എണ്ണം ഷഡ്പദങ്ങളെ വീതം കിട്ടും. ഇങ്ങനെ ഏകദേശം 50 ലക്ഷം വ്യത്യസ്തതരം ഷഡ്പദങ്ങൾ ഭൂമിയിൽ ഉള്ളതിൽ കേവലം 17500 തരം മാത്രമേ പൂമ്പാറ്റകൾ ഉള്ളൂ, അതിനാൽത്തന്നെ പ്രാണികളെപ്പറ്റി പറയുമ്പോൾ ശലഭങ്ങൾ വളരെവളരെക്കുറവേ ഉള്ളു എന്നുകാണാം. ഇതിൽ പത്തുശതമാനത്തിൽത്താഴെ കേവലം 1500 എണ്ണത്തോളമേ ഇന്ത്യയിൽ കണ്ടുവരുന്നുള്ളൂ, അതിൽത്തന്നെ വെറും 332 എണ്ണമാണ് കേരളത്തിൽ ഉള്ളത്. ഷഡ്പദങ്ങളിലെ ലെപിഡോപ്റ്ററാ എന്ന കുടുംബത്തിലാണ് രാത്രിയിൽ പറക്കുന്ന നിശാശലഭങ്ങളും അല്ലെങ്കിൽ രാപ്പാറ്റകളും പകൽ കാണുന്ന പൂമ്പാറ്റകളും ഉള്ളത്. പൂമ്പാറ്റകളുടെ പത്തിരട്ടിയോളമാണ് രാപ്പാറ്റ

കളുടെ എണ്ണം.

ഇന്ത്യയിലെ ശലഭങ്ങളെ പ്പറ്റിയുള്ള പഠനം ബ്രിട്ടീഷു കാരുടെ കാലത്ത് തുടങ്ങിയ താണ്. ഇപ്പോൾ ഡിജിറ്റൽ ക്യാമറ കളുടെ ഒക്കെ ആവിർഭാവ ത്തോടെ ഭംഗിയുള്ള ശലഭങ്ങ ളുടെ ചിത്രങ്ങൾ പകർത്താനായി അതിന്റെ പിന്നാലെ കൂടുന്നവരും അവയെപ്പറ്റി പഠിക്കുന്നുണ്ട്. കേരളത്തിൽ കാണുന്ന 330 – തിലേറെ ശലഭങ്ങൾക്കും മലയാളത്തിൽ അവയുടെ ആകാരത്തിനും ഭംഗിക്കും ഭക്ഷണസസ്യങ്ങളുടെ രീതിക്കും അനുസരിച്ചുള്ള മലയാളം പേരുകൾ നൽകിയിട്ടുണ്ട്. ശലഭങ്ങളെപ്പറ്റി പഠിക്കുന്നതിൽ ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തേക്കാളും മുന്നി ലാണ് കേരളം. ഇതിനുള്ള കാര ണങ്ങളിലൊന്ന് നിരന്തരമായി ഇവിടെ നടക്കുന്ന വാർഷിക ശലഭസർവ്വേകളാണ്. കേരള ത്തിലെ ശലഭ സർവ്വേകളിൽ ഏറ്റവും ആദ്യം തുടങ്ങിയതും കൃത്യമായി നടക്കുന്നതുമായ ഒന്നാണ് കണ്ണൂർ ജില്ലയിലെ ആറളം വന്യജീവിസങ്കേതത്തിൽ കഴിഞ്ഞ 18 വർഷമായി എല്ലാ ജനുവരിയിലും നടക്കുന്ന ശലഭസർവ്വേ. മലബാർ നാച്ചു റൽ ഹിസ്റ്ററി സൊസൈറ്റിയും വനംവകുപ്പും സംയുക്തമായാണ് ഇത് നടത്തുന്നത്. ഇന്ത്യയിലെ പ്രമുഖരായ മിക്ക ശലഭഗവേഷ കരും ഇതിൽ പങ്കെടുത്തിട്ടുണ്ട്. ശലഭസർവ്വേകളിൽ നിരീക്ഷി ക്കുന്ന കാര്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് ഇവയുടെ ദേശാടനമാണ്. ആറളത്തെ ശലഭനിരീക്ഷണത്തിലെ പ്രധാന കാഴ്ചയാണ് എവിടുന്നോ നിര നിരയായി നൃത്തമെന്നോണം പറന്നുവന്ന് പുഴയോരത്തുകൂടി നീങ്ങുന്ന ചന്ദനനിറത്തിലുള്ള ആൽബട്രോസ് പൂമ്പാറ്റകൾ. ഇവയുടെ ദേശാടനം ഇന്നും മുഴുവനായി കുരുക്കഴിയാത്ത ഒരു സമസ്യയാണ്. ഈ പൂമ്പാറ്റ കൾ മുട്ടയിടുന്ന മരങ്ങളിൽ ഒന്നായ ചൂട്ട ആറളത്തിന്റെ ഉയർന്ന പ്രദേശങ്ങളിലും കുടകു മേഖലകളിലും ധാരാളമായി കാണുന്ന ഒന്നാണ്. മിക്ക ശലഭ ങ്ങളും ചെടികളുടെ താഴെഭാഗ


ഫോട്ടോ: Anidebo

ആൽബട്രോസ് ചിത്രശലഭം


ഫോട്ടോ: John Tann

പെൺ വിഭാഗത്തിലെ ആൽബട്രോസ് ചിത്രശലഭം

ങ്ങളിലുള്ള ഇലകളിൽ മുട്ടയിടുമ്പോൾ ആൽബട്രോസ് ഈ മരങ്ങളുടെ മുകളിലെ ഇലകളിലാണ് മുട്ടയിടുന്നതെന്ന് കരുതുന്നു. ഡിസംബർ ജനുവരി മാസങ്ങളിൽ കൂട്ടമായി വിരിഞ്ഞിറങ്ങുന്ന ഇവയുടെ യാത്രയുടെ ഉദ്ദേശവും രഹസ്യവുമെല്ലാം കണ്ടുപിടിക്കുകയെന്നത് ഗവേഷകർക്ക് ഇന്നും വെല്ലുവിളിയായി തുടരുകയാണ്. അതോടൊപ്പമുള്ള മറ്റൊരുപ്രതിഭാസമാണ് ശലഭങ്ങളുടെ ചെളിയൂറ്റൽ. ചെളിയിൽ അടിയുന്ന ലവണങ്ങൾ അകത്താക്കലാണ് ഇതിന്റെ ഉദ്ദേശം.

ഓരോ തരം ശലഭവും അതിന്റെ ജീവിതം തുടങ്ങുന്നത് അമ്മപ്പൂമ്പാറ്റ ഇലയിൽ മുട്ടയിടുന്നതോടെയാണ്. അങ്ങനെ ഏതെങ്കിലും ഇലയിലൊന്നുമല്ല ഇവ മുട്ടയിടുക. ഓരോ ഇനം പൂമ്പാറ്റയും ഒന്നോ അതിലധികമോ ഇനം പ്രത്യേകസസ്യങ്ങളിൽ മാത്രമാണ് മുട്ടയിടുക. ഏതെങ്കിലും ശലഭം മുട്ടയിടുന്ന ചെടി ഇല്ലാത്ത സ്ഥലത്ത് ആ ഇനം പൂമ്പാറ്റ ഉണ്ടാവുകയേ ഇല്ല. ഇലയിൽ മുട്ട ഒട്ടിച്ചു വയ്ക്കുകയാണ് ചെയ്യുന്നത്, ചില ഇനങ്ങൾ ഒരിലയിൽ ഒരു മുട്ട മാത്രം ഇടുമ്പോൾ മറ്റുചിലത് ഒന്നിലേറെ എണ്ണം ഇടുന്നവയാകും. ഏതാനും ദിവസങ്ങൾക്കുള്ളിൽ മുട്ട വിരിഞ്ഞു പുറത്തുവരുന്ന ശലഭപ്പുഴു ആദ്യംതന്നെ താൻ ഇരുന്ന മുട്ടയുടെ അവശിഷ്ടം തിന്നുതീർക്കുകയാണ് ചെയ്യുന്നത്. ആദ്യത്തെ പോഷകങ്ങൾ ലഭിക്കുന്നതിനൊപ്പം മുട്ടക്കൂടുകണ്ട് തന്റെ സാമീപ്യം ശത്രുക്കൾ മനസ്സിലാക്കാതിരിക്കാൻ കൂടി ആയിരിക്കാം ഈ സൂത്രം. തുടർന്ന് തന്റെ നിശ്ചിതഭക്ഷണസസ്യത്തിന്റെ ഇലകൾ തിന്ന് ഇവ വളരുന്നു. എത്രവിശന്നാലും ജീവൻ തന്നെ പോയാലും ഇവയ്ക്ക് മറ്റൊരുതരം ചെടിയുടെ ഇല തിന്നാനാവില്ല. കുറച്ചുവളർന്നുകഴിഞ്ഞാൽ പുഴുവിന്റെ പുറംചട്ട മുറുകുന്നതിനാലാവണം അവ പൊഴിച്ച് പുതിയൊരു പുറംചട്ട രൂപം കൊള്ളുകയായി. ഇങ്ങനെ ഒരു ശലഭപ്പുഴു തന്റെ ജീവദശയിൽ അഞ്ചുതവണ ഇതുപോലെ കുപ്പായം മാറ്റുന്നു. വളർന്നുവലുതായ ഈ പുഴു തന്നത്താൻ ഒരു കൂടൊരുക്കി അതിൽ സമാധിയാവുകയാണ് തുടർന്ന് ചെയ്യുന്നത്. കാണാൻ പൊതുവേ ഭംഗിയില്ലാത്ത, തൊടാനൊക്കെ നമ്മൾ മടിക്കുന്ന പുഴു കുറച്ചുദിവസം ഇങ്ങനെ പ്യൂപ്പാവസ്ഥയിൽ കഴിഞ്ഞശേഷം ഒരുനാൾ എല്ലാവരെയും അമ്പരപ്പിച്ചുകൊണ്ട് മനോഹര വർണങ്ങളിലുള്ള ചിറകുകളുമായി പുറത്തേക്കുവരികയായി. ഇതാണ് പൂമ്പാറ്റയുടെ വളർച്ചയെത്തിയ അവസ്ഥ. തേനിനേയും ഇണയേയും തേടി അത് പറന്നുയരുന്നു.

എല്ലാ ശലഭങ്ങളും ചില പ്രത്യേക സസ്യങ്ങളിൽ മാത്രമേ മുട്ടയിടുകയുള്ളൂ എന്നു നമ്മൾ കണ്ടു. കേരളത്തിലുള്ള മുന്നൂറിലേറെ ശലഭങ്ങൾ മുട്ടയിടുന്ന സസ്യങ്ങൾ ഏതാണ്ട് അറുന്നൂറിലേറെയാണ്. ഇവയിൽ ഭൂരിഭാഗവും ആയുർവേദത്തിലൊക്കെ ഉപയോഗിക്കുന്ന ഔഷധസസ്യങ്ങളാണ്. ശലഭങ്ങളെപ്പറ്റിയുള്ള



ചൂട്ട

ബുദ്ധമയൂരി



ഫോട്ടോ: Vinayaraj

പഠനത്തിൽ അവയുടെ ഭക്ഷണസസ്യങ്ങളെപ്പറ്റിയുള്ള പഠനവും ഒഴിച്ചുകൂടാനാവാത്തതാണ്. ശലഭങ്ങൾക്കായി നാം ഈ സസ്യങ്ങളെ സംരക്ഷിക്കുമ്പോൾ അത് പലവിധരോഗങ്ങൾക്കുമുള്ള ഔഷധങ്ങളുടെ നിർമ്മാണാവശ്യത്തിനും പരോക്ഷമായി ഉപകാരപ്പെടും.

നമ്മുടെ സംസ്ഥാനത്തിന്റെ ഔദ്യോഗികശലഭമായി ഈയിടെ തിരഞ്ഞെടുക്കപ്പെട്ട ബുദ്ധമയൂരി അതീവസൗന്ദര്യമാർന്നൊരു പൂമ്പാറ്റയാണ്. അഞ്ച് കുടുംബങ്ങളിലായി വിന്യസിച്ചിരിക്കുന്ന ചിത്രശലഭങ്ങളിൽ ഏറ്റവും വലിപ്പവും ഭംഗിയും ഉള്ളവ ഉൾപ്പെടുന്ന കിളിവാലൻ ചിത്രശലഭങ്ങൾ എന്നുവിളിക്കുന്ന പാപ്പിലോണിഡേ കുടുംബത്തിലാണ് ബുദ്ധമയൂരിയുള്ളത്. വെയിലിൽ പറക്കുമ്പോൾ വിവിധകോണുകളിൽ നിന്നുമുള്ള കാഴ്ചകളിൽ വൈവിധ്യങ്ങളായ നിറങ്ങളിൽ കാണുന്ന ഇവ ഭംഗിയിൽ മറ്റേതൊരു ശലഭത്തോടും കിടപിടിക്കുന്നവയാണ്. തിളങ്ങുമ്പോൾ മയിൽപ്പീലിയോടു സാമ്യം തോന്നുന്ന ബുദ്ധമയൂരി എന്നുവിളിക്കുന്ന ഇവയുടെ പറക്കൽ അതിവേഗത്തിലാണ്. കൊങ്ങിണിയിലും കൃഷ്ണകിരീടത്തിലും തേൻ കുടിക്കാൻ ഇവയെ കാണാം. പശ്ചിമഘട്ടത്തിൽ വടക്ക് മഹാരാഷ്ട്രമുതൽ മധ്യകേരളം വരെയുള്ള പ്രദേശങ്ങളിലാണ് ഇവയെ പ്രധാനമായും കണ്ടുവരുന്നത്. സൗന്ദര്യം ബുദ്ധമയൂരിക്ക് ഒരു ശാപമാണെന്നും പറയാം. പൂമ്പാറ്റകളെ അലങ്കാര ആവശ്യങ്ങൾക്ക് നിയമവിരുദ്ധമായി കയറ്റുമതിചെയ്യുന്നതിൽ ബുദ്ധമയൂരിയും ഉൾപ്പെടുന്നു. 1972 ലെ വന്യജീവിസംരക്ഷണനിയമപ്രകാരം ഷെഡ്യൂൾ രണ്ടിൽ ഉൾപ്പെടുത്തിയിരിക്കുന്ന ബുദ്ധമയൂരിയെ പിടിക്കുന്നത് കടുത്ത ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്. പല ശലഭങ്ങളും ഒന്നിലധികം ചെടികളുടെ ഇലകൾ തിന്നുവളരുന്നവയാണെങ്കിലും ബുദ്ധമയൂരി കേവലം ഒരേയൊരുതരം ചെടിയുടെ ഇലകൾ മാത്രമേ ഭക്ഷിക്കുകയുള്ളൂ. നമ്മുടെ നാട്ടിൽ കാണുന്ന മുള്ളിലം അഥവാ മുള്ളിലവ് എന്ന മരമാണത്. നാരക കുടുംബത്തിൽപ്പെട്ട, തടി നിറയെ മുള്ളുകൾ നിറഞ്ഞ ഈ മരം സാമ്പത്തികമായ വലിയ ഗുണമൊന്നുമില്ലാത്തതിനാൽ ആരും നട്ടുവളർത്താറൊന്നുമില്ല. എന്നു തന്നെയല്ല തോട്ടങ്ങൾ ഉണ്ടാക്കുന്നിടത്തും ചെങ്കൽ വെട്ടുന്നിടത്തും മറ്റുരീതിയിലുള്ള ഖനനം നടക്കുന്നിടത്തും കൃഷിചെയ്യുന്നിടത്തുമെല്ലാം ഇവ വ്യാപകമായി വെട്ടിമാറ്റപ്പെടുന്നു. വംശനാശഭീഷണിയൊന്നുമില്ലെങ്കിലും മുള്ളിലത്തിന്റെ എണ്ണം നാൾക്കുനാൾ കുറഞ്ഞുതന്നെയാണ് വരുന്നത്.

400–500 ലക്ഷം കൊല്ലങ്ങൾക്കു മുൻപാണ് പൂമ്പാറ്റകൾ പരിണമിച്ച് ഉണ്ടായത്. മനുഷ്യൻ ഉണ്ടായിട്ട് കേവലം രണ്ടുലക്ഷത്തോളം വർഷമേ ആയിട്ടുള്ളൂ. മനുഷ്യനെ അപേക്ഷിച്ചുനോക്കുമ്പോൾ എത്രയോ മടങ്ങുകാലം ഈ ഭൂമിയിൽ ജീവിച്ച ശലഭങ്ങൾക്ക് ഇന്നലെയുണ്ടായ മനുഷ്യന്റെ പ്രവർത്തനത്താൽ ജീവനു ഭീഷണി നേരിടുന്നു. ബുദ്ധമയൂരിയെ സംരക്ഷിക്കാൻ നിലവിലുള്ള മുള്ളിലങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം ഉദ്യാനങ്ങളിലും വീട്ടുവളപ്പിലുമെല്ലാം മുള്ളിലങ്ങൾ നട്ടുവളർത്തുന്നതും അതോടൊപ്പം ഈ ശലഭങ്ങൾ തേനുണ്ണാനെത്തുന്ന പൂച്ചെടികൾ നട്ടുപിടിപ്പിക്കുന്നതും നല്ല മാർഗങ്ങളാണ്. സംസ്ഥാനശലഭമായി ബുദ്ധമയൂരിയെ പ്രഖ്യാപിച്ചത് ഇവയുടെ സംരക്ഷണത്തിന് സഹായകമാവും എന്ന് കരുതാം.

പല വിദ്യാലയങ്ങളിലും ഇപ്പോൾ സസ്യോദ്യാന

**പല ശലഭങ്ങളും ഒന്നിലധികം ചെടികളുടെ ഇലകൾ തിന്നുവളരുന്നവയാണെങ്കിലും ബുദ്ധമയൂരി കേവലം ഒരേയൊരുതരം ചെടിയുടെ ഇലകൾ മാത്രമേ ഭക്ഷിക്കുകയുള്ളൂ. നമ്മുടെ നാട്ടിൽ കാണുന്ന മുള്ളിലം അഥവാ മുള്ളിലവ് എന്ന മരമാണത്. നാരക കുടുംബത്തിൽപ്പെട്ട, തടി നിറയെ മുള്ളുകൾ നിറഞ്ഞ ഈ മരം ആരും നട്ടുവളർത്താറൊന്നുമില്ല.**

ഫോട്ടോ: Vinayaraj


ഫോട്ടോ: Vinayaraj

മുള്ളിലവ്



ഫോട്ടോ: Rajeeshraghav



പ്യൂപ്പ

**അന്തരീക്ഷത്തിലെയും കാലാവസ്ഥയിലെയും ഏറ്റവും ചെറിയ വ്യത്യാസങ്ങൾ പോലും ആദ്യം ബാധിക്കുന്നവരിൽ ശലഭങ്ങൾ മുന്നിലാണ്. അതായത് നമ്മളൊക്കെ ഈ വ്യത്യാസം മനസ്സിലാക്കുന്നതിനും മുൻപ് ശലഭങ്ങൾക്ക് അവ മനസ്സിലാവുന്നു.**

ങ്ങളും ശലഭോദ്യാനങ്ങളും ഉണ്ടാക്കാറുണ്ട്. പൂമ്പാറ്റകൾക്ക് തേൻ കുടിക്കാൻ ഉതകുന്ന പൂച്ചെടികളും അവ മുട്ടയിടുന്ന ഭക്ഷണസസ്യങ്ങളും നട്ടുപിടിപ്പിക്കുന്ന ഈ രീതിയിൽ പലയിടത്തും പൂമ്പാറ്റകളുടെ ആവാസവ്യവസ്ഥയുണ്ടാകാൻ ഇത് സഹായകമാകുന്നു. ഇതോടൊപ്പം സ്കൂൾവിദ്യാർഥികളിൽ വളരെച്ചെറുപ്പം മുതൽ പ്രകൃതിപഠനത്തിൽ താത്പര്യമുണ്ടാകുവാനും സസ്യങ്ങളും ജീവജാലങ്ങളും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെപ്പറ്റി അറിവുകൾ സ്വന്തമാക്കാനും ഇത് ഉപകരിക്കുന്നുണ്ട്. പാഠപുസ്തകത്തിൽ നിന്നും വായിച്ചുപഠിക്കുന്നതിലും എത്രയോ ഏറെയായിരിക്കും ഒരു ശലഭപ്പുഴു വളർന്ന് പ്യൂപ്പയായി മാറി അതിൽനിന്നും ഒരു ശലഭം വിരിഞ്ഞു പറക്കുന്നതു കാണുന്ന കുട്ടിക്ക് ലഭിക്കുന്ന അറിവ്. ഓരോ വിദ്യാലയത്തിനും ഇതിനായി വളരെ ചെറിയൊരു സ്ഥലം വേണമെന്നുവച്ചാൽ നീക്കിവയ്ക്കാവുന്നതേയുള്ളൂ.

ശലഭപഠനത്തിന് തുനിയുന്ന ഏതൊരാൾക്കും ഇന്ന് ധാരാളം സഹായകഗ്രന്ഥങ്ങൾ ലഭ്യമാണ്. അതോടൊപ്പം നിരവധി വെബ്സൈറ്റുകളും നിറച്ചും ചിത്രങ്ങളും വിവരങ്ങളുമായി സൗജന്യമായി കിട്ടുന്നുണ്ട്. സോഷ്യൽമീഡിയയുടെ വളർച്ച ശലഭപഠനരംഗത്തും വലിയ മുന്നേറ്റമാണ് കാഴ്ചവച്ചിരിക്കുന്നത്. പരിചയമില്ലാത്ത ഒരു ശലഭത്തെക്കണ്ട് അതിന്റെ ചിത്രമെടുത്ത് ഫേസ്ബുക്കുപോലെയുള്ള സോഷ്യൽ മീഡിയകളിലെ ശലഭഗ്രൂപ്പുകളിൽ പോസ്റ്റുചെയ്താൽ നിമിഷങ്ങൾക്കകം അത് ഏതു ശലഭമാണെന്നും അതിന്റെ പ്രത്യേകതകൾ എന്താണെന്നുമെല്ലാം വിദഗ്ധർ ഉത്തരം തരുന്നതാണ്. ശലഭപഠനം നിരന്തരം തുടരേണ്ട ഒന്നാണ്. കാലാവസ്ഥാവ്യതിയാനവും മഴയുടെയും വേനലിന്റെയും ഏറ്റക്കുറച്ചിലുകളും വനവ്യാപ്തിയുടെ കുറവും എല്ലാം ശലഭങ്ങളുടെ എണ്ണത്തിൽ ഉണ്ടാക്കുന്ന വ്യത്യാസങ്ങൾ നിരന്തരമായി നിരീക്ഷിച്ചു പഠിക്കേണ്ടതുണ്ട്. അന്തരീക്ഷത്തിലെയും കാലാവസ്ഥയിലെയും ഏറ്റവും ചെറിയ വ്യത്യാസങ്ങൾ പോലും ആദ്യം ബാധിക്കുന്നവരിൽ ശലഭങ്ങൾ മുന്നിലാണ്. അതായത് നമ്മളൊക്കെ ഈ വ്യത്യാസം മനസ്സിലാക്കുന്നതിനും മുൻപ് ശലഭങ്ങൾക്ക് അവ മനസ്സിലാവുന്നു. ശലഭനിരീക്ഷണത്തിൽക്കൂടി നമുക്കും കാലാവസ്ഥാവ്യതിയാനത്തെപ്പറ്റിയൊക്കെ വളരെ നേരത്തെ സൂചന കിട്ടാൻ പൂമ്പാറ്റകളെപ്പറ്റിയുള്ള സൂക്ഷ്മപഠനങ്ങൾ ഉപകരിക്കും.

വൈലോപ്പിള്ളിയുടെ 'പൂമ്പാറ്റ' എന്ന ഒരു കവിതയിൽ ഒരു കർഷകൻ തന്റെ കറിവേപ്പ് തിന്നാൻ വന്ന പുഴുവിനെ കൊല്ലാനോങ്ങുന്നതെപ്പറ്റിയൊരു സന്ദർഭമുണ്ട്. എന്നാൽ കാര്യങ്ങളൊക്കെ മനസ്സിലാക്കി കവിതയുടെ ഒടുവിൽ കർഷകനു മനംമാറ്റമുണ്ടാകുന്നുണ്ട്.

*മകരന്ദമുണ്ടിവൻ മലരിനത്തിൽ*
*പകരും പരസ്പരം പൂമ്പരാഗം*
*ഏവം പരാഗം പകർന്നുവേണം*
*പൂവിന്നു കായ്കനിയങ്കുരിപ്പാൻ*
*മക്കളേ, നമ്മളെപ്പാലിക്കുവാൻ വന്ന*
*മംഗള ദേവതയീശ്ശലഭം.*

എന്നുപറഞ്ഞാണ് കവിത അവസാനിക്കുന്നത്. ഭൂമിയിലെ ജീവന്റെ സത്യമാണ് കവി അറിഞ്ഞോ അറിയാതെയോ – നമ്മളെ പാലിക്കുവാൻ വന്ന മംഗളദേവതയായി ശലഭത്തെ വാഴ്ത്തുമ്പോൾ പുറത്തുവരുന്നത്.


സ്കൂൾ ഡെയ്സ്
എൻ ടി രാജീവ്
എടീ, ഈ മഴയില്ലാത്ത നേരത്ത് കുടയും നിവർത്തി നീ ഇല്ലാത്ത മഴയെ പെയ്യിക്കണ്ടാട്ടോ...
അങ്ങനെ പെയ്യണെങ്കി പെയ്യട്ടെടീ... നല്ല ഘോര ഘോര മഴ...
അതേ, കഴിഞ്ഞ പ്രളയോക്കെ നീ മറന്നുപോയ്... ല്ലേ... ബല്യ പ്രയാസങ്ങളൊക്കെ ഉണ്ടായില്ലേ...
പ്രളയം ഉണ്ടാവട്ടെ. അങ്ങനെ പ്രളയം വന്ന കൊണ്ടല്ലേ നീ നമ്മടെ വീട്ടിൽ വന്ന് താമസിച്ചത്. കേരളക്കര മുഴുവൻ ഐക്യമുണ്ടായില്ലേ? പരസ്പരസ്നേഹമു ണ്ടായില്ലേ? എല്ലാവരും ജാതിമതങ്ങളൊക്കെ മറന്നില്ലേ...?
അങ്ങനെയാണെങ്കിൽ ഒരു പ്രളയകാലംകൂടി വരട്ടെ... നമുക്ക് വീണ്ടും ഒന്നായി ജീവിക്കാം.

കഥ

# സൂര്യകാന്തിപ്പെൺകൊടി

പുനരാഖ്യാനം: **റോസ്മേരി**

പൂന്തോട്ടത്തിൽ വിരിഞ്ഞുനിൽക്കുന്ന ഈ സൂര്യകാന്തിപ്പൂവിനെ ഒന്നുനോക്കൂ... സ്വർണനിറമാർന്ന ഇതളുകൾ. മറ്റു പൂക്കൾക്കില്ലാത്ത ഒരു പ്രത്യേക തലയെടുപ്പ്... ഈ സൂര്യകാന്തി ച്ചെടി, പണ്ടൊരു ജലകന്യക ആയിരുന്നത്രേ. അതിസുന്ദരി. തവിട്ടുനിറമാർന്ന വിടർന്ന കണ്ണുകളും ചിരിക്കുമ്പോൾ തെളിയുന്ന നുണക്കുഴികളും അവളുടെ ചന്തത്തിനു മാറ്റുകൂട്ടി.

ചുരുളുകളായങ്ങനെ ഒഴുകിക്കിടക്കുന്ന സ്വർണവർണമാർന്ന മുടിത്തഴപ്പ് അവളെ കൂടുതൽ മനോഹരിയാക്കി. സഖിമാരുമൊത്ത് വനതടാകത്തിൽ നീരാടുമ്പോൾ ചെറുമീനുകൾ, ആ മുടിയിഴകൾക്കിടയിലൂടെ നൂണ്ടു നടന്നു. ഓളങ്ങൾ അവളെ ഉമ്മ വച്ചു.

ക്ലൈറ്റി എന്നാണ് അവളുടെ പേര്. ആ പെൺകിടാവിന്റെ വീടിനോടു ചേർന്ന് വിശാലമായ ഒരുദ്യാനമുണ്ട്. തന്റെ അരുമകളായ വളർത്തു പ്രാവുകൾക്കൊപ്പം ആ പൂന്തോപ്പിൽ സമയം ചിലവഴിക്കുക അവളുടെ ഇഷ്ടവിനോദമാണ്.

ഒരുദിവസം അതിരാവിലെ പ്രാവുകൾക്കൊപ്പം അവൾ തോട്ടത്തിലങ്ങനെ ഉല്ലസിച്ചു നടക്കുകയാണ്. പെട്ടെന്നാണ് പ്രാവുകളിലൊന്ന് ആകാശത്തേക്കു പൊങ്ങിപ്പറന്നത്. അതിന്റെ പോക്ക് എങ്ങോട്ടെന്നറിയാൻ അവൾ തല ഉയർത്തി മാനത്തേക്കു നോക്കി.

അപ്പോഴുണ്ട് മേഘവിതാനങ്ങളിലൂടെ ഒരു തേരു പായുന്നു. ആനക്കൊമ്പും സ്വർണവും കൊണ്ടുതീർത്ത കൊത്തുപണികൾ കൊണ്ട് ഗംഭീരമാക്കിയ പ്രൗഢിയാർന്ന ഒരു രഥം. അതു പായിക്കുന്നതോ, സുമുഖനായ ഒരു ചെറുപ്പക്കാരൻ.

തേര് മാനത്തുകൂടി മെല്ലെയായിരുന്നു മുന്നോട്ടുനീങ്ങിയത്. അതുകൊണ്ട് ക്ലൈറ്റിക്ക് ആ തേരാളിയെ ശരിക്കു കാണാൻ സാധിച്ചു. അമ്മമ്മോ, ഇങ്ങനെയുണ്ടോ സൗന്ദര്യം? ആ മുഖത്ത് എന്തൊരു തേജസ്സ്! എന്തൊരു ഐശ്വര്യം!

തേർ തെളിക്കുന്നത് സാക്ഷാൽ അപ്പോളോദേവനാണ്. അതായത് സൂര്യദേവൻ. ദേവാധിദേവനായ സേവൂസിന്റെ പുത്രൻ. ആരെയും മയക്കാൻ പോന്ന ആകർഷകത്വത്തിന് ഉടമ. ഇത്രയും ഗാംഭീര്യമുള്ള ഒരു പുരുഷനെ ക്ലൈറ്റി ആദ്യമായ് കാണുകയാണ്. കണ്ണിൽ നിന്നു മറയുംവരെ അവൾ ആ തേരിലേക്കു തന്നെ ഉറ്റുനോക്കിക്കൊണ്ടിരുന്നു.

എന്തിനധികം പറയുന്നു. ആദ്യകാഴ്ചയിൽത്തന്നെ അവൾക്ക് അപ്പോളോയോട് എന്തെന്നില്ലാത്ത ഇഷ്ടം തോന്നി. വീണ്ടും വീണ്ടും ആ രൂപം കാണണമെന്ന് അതിയായ മോഹം. ഏതു നേരവും ആ തേരാളിയെക്കുറിച്ചു മാത്രമായി



വര: ടി ആർ രാജേഷ്



**അപ്പോഴുണ്ട് മേഘവിതാനങ്ങളിലൂടെ ഒരു തേരു പായുന്നു. ആനക്കൊമ്പും സ്വർണവും കൊണ്ടുതീർത്ത കൊത്തുപണികൾ കൊണ്ട് ഗംഭീരമാക്കിയ പ്രൗഢിയാർന്ന ഒരു രഥം. അതു പായിക്കുന്നതോ, സുമുഖനായ ഒരു ചെറുപ്പക്കാരൻ.**

ചിന്ത. ശരിക്കും അവൾ പ്രേമത്തിൽപ്പെട്ടുകഴിഞ്ഞു.

കിഴക്കുദിക്കിലാണ് അപ്പോളോയുടെ കൊട്ടാരം. എന്നും രാവിലെ തന്റെ തേരിലേറി അദ്ദേഹം കിഴക്കുനിന്നും പടിഞ്ഞാറോട്ട് യാത്ര തിരിക്കും. നമ്മുടെ പെൺകിടാവ് അതിരാവിലെ ഉറക്കമുണർന്ന് തന്റെ പൂന്തോപ്പിൽ ചെന്നിരിക്കും.

ആകാശത്തിന്റെ കിഴക്കേ ചെരിവിലേക്കു കണ്ണയച്ചുംകൊണ്ടാണു കാത്തിരിപ്പ്. ആ സ്വർണത്തേരിൽ നിന്നു ചിതറുന്ന രശ്മികൾ ഭൂമിയിൽ പതിക്കേണ്ട താമസം, അവളുടെ ഹൃദയം ആനന്ദഭരിതമാകും. പകൽ മുഴുവൻ അവൾ ആ തേരിന്റെ പോക്കുനോക്കി, കണ്ണിമയ്ക്കാതെ അങ്ങനെ ഒരേ ഇരിപ്പ്...

വൈകുന്നേരം ആ രഥം, പടിഞ്ഞാറേ ചക്രവാളത്തിൽ മറയുമ്പോൾ സങ്കടം താങ്ങാനാവാതെ അവൾ പൊട്ടിക്കരയും. രാത്രി മുഴുവൻ അവൾ തന്റെ കിടക്കയിൽ കിടന്ന് കണ്ണീർവാർക്കും. ആകാശസഞ്ചാരിയായ ആ കോമളഗാത്രനെ കാണാതെ ഒരുനിമിഷംപോലും കഴിയാനാവാത്ത അവസ്ഥ. ശരിക്കും ഭ്രാന്തൻസ്നേഹം.

അപ്പോളോദേവൻ, ഒരുനാൾ തന്നെ കാണുമെന്നും അദ്ദേഹത്തോടുള്ള തന്റെ അഗാധസ്നേഹം തിരിച്ചറിയുമെന്നും അവൾ ഉറച്ചുവിശ്വസിച്ചു. അതോടെ അദ്ദേഹം തന്നെ ഭാര്യയായ് സ്വീകരിക്കും എന്നായിരുന്നു ആ പെൺകിടാവിന്റെ ധാരണ...

അപ്പോളോദേവനുണ്ടോ ഇതു വല്ലതും അറിയുന്നു? താഴെ ഭൂമിയിൽ നടക്കുന്ന ഇതൊന്നുമേ ദേവന്റെ കണ്ണിൽപ്പെട്ടിരുന്നില്ല. അതിനും പുറമേ ജലദേവന്റെ പുത്രിയായ ഡാഫ്നേയുമായി അദ്ദേഹം ഇഷ്ടത്തിലുമായിരുന്നു.

എങ്ങനെയെങ്കിലും ദേവന്റെ ശ്രദ്ധ ആകർഷിക്കണം എന്ന് ക്ലൈറ്റി നിശ്ചയിച്ചു. അതിനുവേണ്ടി അവൾ നന്നായി അണിഞ്ഞൊരുങ്ങി തന്റെ സ്വർണത്തലമുടിയും വിടർത്തിയിട്ട് തുറസ്സായ ഒരു സ്ഥലത്തെ പാറമേൽ ചെന്നിരിപ്പായി. സൂര്യദേവൻ ഉദിക്കും മുതൽ പടിഞ്ഞാറുപോയ് മറയുംവരെ അവൾ അനങ്ങാതെ അവിടെത്തന്നെ നിലകൊണ്ടു. ഉച്ചയാകാറാകുമ്പോൾ ചൂട് അതികഠിനമായിരുന്നു. തണൽക്കുട നീർത്താൻ ഒരു മരംപോലും അടുത്തില്ല.

പകൽ മുഴുവൻ തീവെയിലേറ്റ് ആ പൂമേനി വാടിത്തുടങ്ങി. ഒപ്പമുള്ള കൂട്ടുകാരികൾ അവളെ പിന്തിരിപ്പിക്കാൻ

**അങ്ങനെ ഒമ്പതു രാപ്പകലുകൾ കടന്നുപോയി. പത്താംനാളാണ് അതു സംഭവിച്ചത്. ക്ലൈറ്റി, തപസ്സിരുന്ന സ്ഥലത്ത് ഒരു ചെടി! ആ സുന്ദര വദനം ഒരു വിടർന്ന പൂവായി പരിണമിച്ചിരിക്കുന്നു. ശരീരവും കൈകളും ആ സസ്യത്തിന്റെ തണ്ടും ഇലകളും.**



ശ്രമിച്ചു. അവൾ അതൊന്നും ചെവിക്കൊണ്ടില്ല. എന്നെങ്കിലും താൻ ദേവന്റെ കണ്ണിൽപ്പെടും എന്നായിരുന്നു അവളുടെ പ്രത്യാശ.

നാൾക്കുനാൾ നമ്മുടെ പെൺകിടാവ് ക്ഷീണിച്ചുവന്നു. ഒരിറ്റു ഭക്ഷണംപോലും കഴിക്കാതെ, ഒരിറക്കു വെള്ളംപോലും കുടിക്കാതെ സൂര്യദേവനെ ധ്യാനിച്ചുധ്യാനിച്ച് അനക്കമറ്റ് ഒരേ ഇരിപ്പ്. ആ സുന്ദരഗാത്രം, നാൾക്കുനാൾ നേർത്തു വന്നു.

അങ്ങനെ ഒമ്പതു രാപ്പകലുകൾ കടന്നുപോയി. പത്താംനാളാണ് അതു സംഭവിച്ചത്. ക്ലൈറ്റി, തപസ്സിരുന്ന സ്ഥലത്ത് ഒരു ചെടി! ആ സുന്ദര വദനം ഒരു വിടർന്ന പൂവായി പരിണമിച്ചിരിക്കുന്നു. ശരീരവും കൈകളും ആ സസ്യത്തിന്റെ തണ്ടും ഇലകളും. പാദങ്ങൾ ഭൂമിയിൽ അതിനെ ഉറപ്പിച്ചു നിർത്തുന്ന വേരുകൾ....

അങ്ങനെ ക്ലൈറ്റി പൂന്തോപ്പിന്റെ അലങ്കാരമായ് മാറിയ ഒരു ചെടിയായ് തീർന്നു. നമ്മൾ ഇന്നു കാണുന്ന സൂര്യകാന്തിച്ചെടി.

ഇക്കഥ വായിച്ചു കഴിഞ്ഞ് നിങ്ങൾ സൂര്യകാന്തിപ്പൂവിനെ ശ്രദ്ധിച്ചുനോക്കണം. പുലർകാലത്ത് അത് കിഴക്കോട്ട് നോക്കിയാണ് നിൽപ്പ്. സൂര്യൻ ആകാശവിതാനത്ത് ഉയർന്നു പൊങ്ങുന്നതനുസരിച്ച് അതിന്റെ നോട്ടം മെല്ലെ മുകളിലേക്കുയരും. ഒടുക്കം പടിഞ്ഞാറേ ചെരിവിങ്കൽ എത്തുമ്പോൾ സൂര്യകാന്തി പൂർണമായും അങ്ങോട്ടു ദൃഷ്ടിയുറപ്പിച്ചാണു നിൽപ്പ്. വൈകുന്നേരമാവുമ്പോൾ ആ പുഷ്പശിരസ്സ് ലേശം കുനിഞ്ഞ് ശോകഭാവത്തിലാവും നിൽപ്പ്....

പാവം നമ്മുടെ ക്ലൈറ്റി! അവളുടെ സ്നേഹം എത്ര ആത്മാർഥമാണ് അല്ലേ?

സൂര്യകാന്തിപ്പൂവിനെക്കുറിച്ചുള്ള ഇക്കഥ സത്യമാണെന്നു വിശ്വസിക്കാനാണ് എനിക്കിഷ്ടം. പ്രതാപിയായ സൂര്യഭഗവാൻ ആ പാവം പെൺകിടാവിന്റെ ദുരന്തം അറിഞ്ഞിട്ടുണ്ടാവുമോ ആവോ?

*(ഗ്രീക്ക് പുരാണം കുട്ടികൾക്ക് എന്ന പുസ്തകത്തിൽ നിന്നും എടുത്തത്.)*

# ഇരുട്ടിന്റെ മുറിവ്

ഇ ജിനൻ



വര: അരവിന്ദ് വട്ടംകുളം

ഇരുട്ടിലൊറ്റയ്ക്ക്
മുറിഞ്ഞു വീഴുന്നു-
ണ്ടൊരു മിന്നാമിന്നി-
യിവിടെ, മുറ്റത്ത്.

നുറുങ്ങു സൂര്യനാ-
യെവിടെയോ നിന്നും
നുഴഞ്ഞുവീണതാ-
ണത്, പൊടുന്നനെ.

ഇരവിൽ പണ്ടെന്നോ
വിളഞ്ഞ പാടത്തിൻ
നിറുകയിൽ വന്നു
പൊഴിഞ്ഞതാണത്.

ചൊടിയിലെൻ കണ്ണു
നിറയെ വന്നുചേർ-
ന്നൊടുവിലൊറ്റയ്ക്ക്
മിടിച്ചതാണത്.

വിശറിച്ചൂട്ടുമായ്
പടികടന്നെത്തി
വിളിച്ചതാണത്
പഴയൊരോർമയിൽ.

അവിടെയാ ക്ഷീര-
പഥത്തിലാകാശ-
ച്ചെരുവിലാകണ-
മതിന്റെ പാർപ്പിടം.
അവിടെയാകണം
ചിതറി വീഴുന്ന
വെളിച്ചപ്പൊട്ടുകൾ
വിതറും താവളം.

കൊടിയ രാത്രിയിൽ
ഇറങ്ങിച്ചാറിയെൻ
തൊടിയിലെത്തിയ
പൊടി പ്രകാശമേ,
തരികെനിക്കൊരു
തരിയതിൽ നിന്നും
ഇരുളുമെൻ കൃഷ്ണ-
മണിയിലിറ്റുവാൻ.

ഒഴിച്ചുവെക്കണ-
മതിനെ, യാസൂക്ഷ്മ
സ്ഫടിക വെണ്മയെ,
മിഴിപ്പിഞ്ഞാണിയിൽ.

ഒളിച്ചുവെക്കണ-
മതിനെ, നാളെയീ-
അരുണനും മെല്ലെ,
അണഞ്ഞു പോയാലോ?

# ആരോഗ്യപാഠങ്ങൾ

ഡോ. ബി പത്മകുമാർ

ആരോഗ്യമാണ് ഏറ്റവും വലിയ സമ്പത്ത്. ആധുനിക വൈദ്യശാസ്ത്രത്തിന്റെ പിതാവായ ഹിപ്പോക്രാറ്റിസ് പറഞ്ഞതാണിത്. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജിയും ഇതുതന്നെ പറഞ്ഞിട്ടുണ്ട്. രണ്ടു കാര്യങ്ങൾ നഷ്ടപ്പെടുമ്പോൾ മാത്രമേ നാം അതിന്റെ വിലയറിയുകയുള്ളൂ. ഒന്ന് സമയം. നഷ്ടപ്പെട്ട സമയം. ഒരിക്കലും തിരിച്ചു കിട്ടുകയില്ലല്ലോ. മറ്റേത് ആരോഗ്യമാണ്. രാവിലെ കുളിച്ചൊരുങ്ങി സ്കൂളിൽ പോകുമ്പോഴും ഓടിച്ചാടി നടക്കുമ്പോഴുമൊന്നും നാം ആരോഗ്യത്തിന്റെ വിലയറിയുകയില്ല. എന്നാൽ രണ്ടുദിവസം പനിപിടിച്ച് കിടക്കുമ്പോഴോ...? ശരീരമാസകലം വേദനയും തലവേദനയും മൂക്കൊലിപ്പുമൊക്കെയായി കിടക്കയിൽ കിടക്കേണ്ടി വരിക. മറ്റു കുട്ടികളൊക്കെ സ്കൂളിൽ പോകുമ്പോൾ സ്കൂളിൽ പോകാൻ കഴിയാതെവരിക. വല്ലാത്ത സങ്കടമായിരിക്കും കൂട്ടുകാർക്ക്.

അതുകൊണ്ട് നമ്മുടെ ഏറ്റവും വലിയ സമ്പത്തായ ആരോഗ്യം സംരക്ഷിക്കുക എന്നത് വളരെ പ്രധാനമാണ്. നല്ല ഭക്ഷണം കഴിച്ചും വ്യായാമം ചെയ്തും ലഹരിവസ്തുക്കൾ ഉപേക്ഷിച്ചും രോഗങ്ങൾ വരാതെ നോക്കണം. നമ്മുടെ ശരീരം എന്ന മഹായന്ത്രത്തെ കണ്ണിലെ കൃഷ്ണമണിപോലെ കാക്കണം.



വര: ടി ആർ രാജേഷ്

'പ്രിവൻഷൻ ഈസ് ബെറ്റർ ദാൻ ക്യുവർ'- അതായത് രോഗം വരാതെ തടയുന്നതാണ് രോഗം വന്നിട്ട് ചികിത്സിക്കുന്നതിനേക്കാൾ നല്ലത്. ഇതാണ് വൈദ്യശാസ്ത്രത്തിലെ പ്രധാന ആപ്തവാക്യം. ആരോഗ്യകരമായ ജീവിതശീലങ്ങൾ ജീവിതത്തിൽ പകർത്തി, ആരോഗ്യത്തോടെ ജീവിച്ച് ജീവിതവിജയം കൈവരിക്കാനാണ് കൂട്ടുകാർ ശ്രമിക്കേണ്ടത്. അതിനുള്ള ലളിതവും പ്രായോഗികവുമായ വഴികൾ നമുക്ക് പഠിക്കാം.

## എന്താണ് ആരോഗ്യം?

എനിക്ക് പനിയില്ല, എനിക്ക് ചുമയില്ല, തലവേദനയില്ല എന്നു പറഞ്ഞതുകൊണ്ടുമാത്രം ഒരാൾ ആരോഗ്യവാനാകുന്നില്ല. ലോകാരോഗ്യ സംഘടനയുടെ ഏറ്റവും പുതിയ നിർവചനപ്രകാരം ശാരീരികം-മാനസികം-സാമൂഹികം-ആത്മീയം എന്നീ നാലു ഘടകങ്ങളിലും സ്വസ്ഥത നേടിയാൽ മാത്രമേ ആ വ്യക്തിയെ നമുക്ക് സമ്പൂർണ ആരോഗ്യവാൻ എന്നു വിളിക്കാനാകൂ. പനിയും ചുമയും ഇല്ല എന്നുപറയുമ്പോൾ ശാരീരികമായ ആരോഗ്യമാണ് എന്നർഥം. അമിത ഉത്കണ്ഠയും ടെൻഷനും വിഷാദവും ഒന്നുമില്ലാതെ മനസ്സ് സ്വസ്ഥമായും സമാധാനമായും ഇരിക്കുന്നുണ്ടെങ്കിൽ മാനസികാരോഗ്യവും ഉണ്ട് എന്നുറപ്പിക്കാം. കൂട്ടുകാരോടൊത്ത് യാത്രചെയ്യുകയും കളികളിലും കായിക വിനോദങ്ങളിലും പങ്കെടുക്കുകയും സ്കൂളിൽ ചെറിയ മീറ്റിങ്ങുക

ളൊക്കെ സംഘടിപ്പിക്കുകയും മറ്റും ചെയ്യുന്നതോടെ സാമൂഹികാരോഗ്യവും ഉറപ്പാക്കാം. ഇനി ആത്മീയാരോഗ്യം- യോഗ, പ്രാർഥന, വ്രതാനുഷ്ഠാനങ്ങൾ എന്നിവയിലൂടെ ആത്മീയമായ സ്വസ്ഥതയും നേടിയെടുക്കാം. അങ്ങനെ ഫിസിക്കൽ, മെന്റൽ, സോഷ്യൽ, സ്പിരിചൽ എന്നീ നാലു ഘടകങ്ങളിലും സ്വസ്ഥത നേടി പരിപൂർണ സ്വാസ്ഥ്യത്തിന്റെ സമുന്നത തലത്തിലെത്തിച്ചേരാനാണ് നാമോരോരുത്തരും ശ്രമിക്കേണ്ടത്.

## രോഗങ്ങൾ രണ്ടുതരം

രോഗങ്ങളെ പൊതുവായി നമുക്ക് രണ്ടായി തരം തിരിക്കാം. ഒന്ന് പകരുന്ന രോഗങ്ങൾ അഥവാ പകർച്ചവ്യാധികൾ. ഒരു വ്യക്തിയിൽ നിന്ന് മറ്റൊരു വ്യക്തിയിലേക്ക് പകരുന്ന രോഗങ്ങളാണിവ. വായുവിൽക്കൂടി പകരുന്ന ന്യുമോണിയ, ക്ഷയം, ജലദോഷം, വെള്ളത്തിലൂടെയും ഭക്ഷണത്തിലൂടെയും പകരുന്ന മഞ്ഞപ്പിത്തം, ഛർദ്ദി, അതിസാര രോഗങ്ങൾ, രോഗിയുമായി ഇടപഴകുമ്പോൾ പകരുന്ന ചിക്കൻപോക്സ്, അഞ്ചാംപനി തുടങ്ങിയവയൊക്കെ പകർച്ചവ്യാധികളാണ്.

പകർച്ചേതരവ്യാധികളാണ് മറ്റൊന്ന്. നോൺ കമ്യൂണിക്കബിൾ ഡിസീസ് ( എൻ സി ഡി) എന്ന് അവയെ വിളിക്കും. ഇവ ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് പകരുകയില്ല. പ്രമേഹം, രക്താതിസമ്മർദ്ദം അഥവാ ഹൈപ്പർ ടെൻഷൻ, കാൻസർ, ഹൃദ്രോഗം തുടങ്ങിയവയൊക്കെ പകർച്ചേതര വ്യാധികളാണ്. ഇവയെ ജീവിതശൈലീരോഗങ്ങൾ അഥവാ ലൈഫ് സ്റ്റൈൽ ഡിസീസ് എന്നു വിളിക്കാറുണ്ട്. കാരണം തെറ്റായ, അനാരോഗ്യകരമായ ജീവിതശൈലികൾ കൊണ്ട് ഉടലെടുക്കുന്നവയാണിവ. ലോകമെമ്പാടും ആധുനിക മനുഷ്യൻ ഏറ്റവും കൂടുതൽ വെല്ലുവിളി ഉയർത്തിയിരിക്കുന്നത് ലൈഫ് സ്റ്റൈൽ രോഗങ്ങളാണ്.

**ലോകാരോഗ്യ സംഘടനയുടെ ഏറ്റവും പുതിയ നിർവചനപ്രകാരം ശാരീരികം-മാനസികം-സാമൂഹികം-ആത്മീയം എന്നീ നാലു ഘടകങ്ങളിലും സ്വസ്ഥത നേടിയാൽ മാത്രമേ ആ വ്യക്തിയെ നമുക്ക് സമ്പൂർണ ആരോഗ്യവാൻ എന്നു വിളിക്കാനാകൂ..**



## നിശ്ശബ്ദഘാതകർ

ജീവിതശൈലീരോഗങ്ങളെ നിശ്ശബ്ദഘാതകർ എന്നാണ് വിളിക്കാറുള്ളത്. കാരണം നമ്മുടെ ശരീരത്തെ നിശ്ശബ്ദമായി ആക്രമിക്കുന്നവരാണിവരൊക്കെ. നമുക്ക് പനിവന്നാൽ പ്രകടമായ രോഗലക്ഷണങ്ങൾ ഉണ്ടാകാം. ശരീരത്തിൽ തൊട്ടുനോക്കുമ്പോൾ ചൂടുകാണും, തലവേദനയുണ്ടാകും, ശരീരവേദനയുണ്ടാകും. നമുക്ക് മനസ്സിലാകും പനിയാണെന്ന്. എന്നാൽ പ്രമേഹവും ഹൈപ്പർ ടെൻഷനുമൊന്നും പ്രകടമായ രോഗലക്ഷണങ്ങൾ കാണിക്കണമെന്നില്ല. യാദൃച്ഛികമായി നടത്തുന്ന ഒരു വൈദ്യപരിശോധനയിലായിരിക്കും ഇവയുണ്ടെന്ന് കണ്ടെത്തുന്നത്.

ഇവയുടെ മറ്റൊരു പ്രത്യേകത നമുക്ക് ഇവയെ പൂർണമായും ചികിത്സിച്ചു ഭേദപ്പെടുത്താൻ കഴിയില്ല എന്നതാണ്. മഞ്ഞപിത്തവും ചിക്കൻപോക്സുമൊക്കെ നമുക്ക് ഒന്നോ രണ്ടോ ആഴ്ച മരുന്നുചികിത്സ കൊണ്ട് ഭേദമാക്കാം. എന്നാൽ പ്രമേഹവും ഹാർട്ടറ്റാക്കുമൊക്കെ മരുന്നുകൊണ്ട് നിയന്ത്രിക്കാൻ മാത്രമേ പറ്റുകയുള്ളൂ. ഭേദമാകുകയില്ല. അതുകൊണ്ടാണ് നല്ല ആരോഗ്യശീലങ്ങൾ ജീവിതത്തിൽ പകർത്തി അമൂല്യമായ ആരോഗ്യത്തെ സംരക്ഷിക്കുകയാണ് ചികിത്സയേക്കാൾ പ്രധാനമെന്ന് പറയുന്നത്.

# ഗാന്ധിജിയും കുറ്റിപ്പെൻസിലും

**ഉല്ലല ബാബു**

ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ നിന്നും മടങ്ങിയെത്തി. ഒരു വലിയ സമ്മേളനം കോൺഗ്രസ്സ് സംഘടിപ്പിച്ചു. ബോംബെയിലായിരുന്നു അത്. ഗാന്ധിജി അതിന്റെ തിരക്കിലായി. സമ്മേളനത്തിന്റെ ചുക്കാൻ പിടിച്ചുകൊണ്ട് കാക്കാകലേക്കർ സാഹിബ് അദ്ദേഹത്തോടൊപ്പമുണ്ട്.

ഒരുദിവസം കാക്കാകലേക്കർ സാഹിബ് ഗാന്ധിജിയുടെ മുറിയിലേക്കു കയറിച്ചെന്നു. അപ്പോൾ അദ്ദേഹം എന്തോ മുറിയിൽ തിരയുകയായിരുന്നു. ഗാന്ധിജിയുടെ മുഖത്തെ പരിഭ്രമം കണ്ട് കാക്കാകലേക്കർ സാഹിബ് ചോദിച്ചു.

''എന്തുപറ്റി ബാപ്പുജി?''

''എന്റെ കുറ്റിപ്പെൻസിൽ കാണുന്നില്ല.'' ഗാന്ധിജി അറിയിച്ചു.

'ഇത്രേം ഉള്ളോ കാര്യം' -സാഹിബ് മനസ്സിൽ ഓർത്തു. സാഹിബ് പുറത്തുപോയി നീളമുള്ള ഒരു പെൻസിലുമായി മടങ്ങിവന്നു. അതു ഗാന്ധിജിയുടെ നേർക്കു നീട്ടി.

''ഏയ് ഇതൊന്നും എനിക്കു വേണ്ട. എന്റെ കുറ്റിപ്പെൻസിൽ തന്നെ വേണം.'' കൊച്ചുകുട്ടിയെപ്പോലെ ഗാന്ധിജി വാശിപിടിച്ചു. ഇതിനിടയിലും ഗാന്ധിജി മുറിക്കകത്ത് തിരയുകയായിരുന്നു.

''ഞാനതു നോക്കാം. അങ്ങ് എന്തിനാണ് ഇത്രയും സമയം അതിനായി കളയുന്നത്?'' അത്ഭുതത്തോടെ സാഹിബ് ചോദിച്ചു.

ചോദ്യംകേട്ട് ഗാന്ധിജി കൂടുതൽ വികാരപരവശനായി. ആ കൺതടങ്ങൾ നനഞ്ഞു. അദ്ദേഹം അറിയിച്ചു.

''നിങ്ങൾക്കതിന്റെ വില അറിയില്ല. അതാണ് ഇങ്ങനെയൊക്കെ പറയുന്നത്. മദ്രാസിൽ വച്ച് ഒരു കൊച്ചുകുട്ടി എനിക്ക് സമ്മാനമായി തന്നതാണത്. അവന്റെ സ്നേഹത്തിന്റെ തൂവൽസ്പർശം അതിലുണ്ട്. എനിക്കത് വളരെ വിലപ്പെട്ടതാണ്.''

സാഹിബ് മറുത്തൊന്നും പറഞ്ഞില്ല. ഗാന്ധിജിയെ പെൻസിൽ തിരയാൻ സഹായിച്ചു. അവസാനം പെൻസിൽ കിട്ടി. കഷ്ടിച്ച് ഒരിഞ്ച് നീളമുള്ള കുറ്റിപ്പെൻസിൽ. ഗാന്ധിജി അത് മാറോട് ചേർത്തുപിടിച്ചു. ഏതോ വിലപ്പെട്ട വസ്തു തിരികെ കിട്ടിയ സന്തോഷം ആയിരുന്നു ആ മുഖത്ത്. ആ സന്തോഷം കാക്കാകലേക്കർ സാഹിബിലേക്കും പടരുകയായിരുന്നു.





വര: സചീന്ദ്രൻ കാറഡുക്ക



# പുഴയോട്...

ശിവപ്രസാദ് പെരിയച്ചൂർ

വര : ബോബി എം പ്രഭ



വേനലിൽ
മെലിയും
പുഴയേ നിന്നെ
പെരുമഴയത്ത്
കണ്ടൂ ഞാൻ...!

വയറു നിറഞ്ഞിട്ടോടി
പ്പോകും
പുഴയേ നിന്നെ
കണ്ടൂ ഞാൻ...!

കരകളിടിച്ച്
രസിച്ചിട്ടോടും
വികൃതികളെല്ലാം
കണ്ടൂ ഞാൻ...!

പെരുമഴയത്ത്
നിറഞ്ഞാടും നീ
വേനലിൽ വെറുമൊരു
പാവം പോൽ!

പെരുമഴയിൽ നീ
കടലിൽ പോയൊരു
കഥ കേൾക്കാനായ്
കൊതിയുണ്ടേ....!

വേനലിൽ വെറുതെ-
യിരിക്കുമ്പോൾ ഞാൻ
കഥ കേൾക്കാനായ്
വന്നീടാം...!

# ടോം സോയറുടെ
# സാഹസികജീവിതം

**മാർക്ക് ട്വയിൻ**
പുനരാഖ്യാനം: **ജോളി വർഗീസ്**

ടോമിന്റെ ഉത്സാഹവും കരുത്തും അധികനേരം നീണ്ടുനിന്നില്ല. അന്നത്തെ ദിവസത്തേക്ക് മനസ്സിൽ കണക്കുകൂട്ടിയിരുന്ന തമാശക്കളികളും കുസൃതികളും ഓർമിച്ചപ്പോൾ അവന്റെ ദുഃഖം ഇരട്ടിച്ചു. അധികം വൈകാതെ കുട്ടികൾ, കളിച്ചുല്ലസിച്ച് തമാശയും പറഞ്ഞുവരും. കഷ്ടപ്പെട്ട്, കുമ്മായം പൂശുന്ന ടോമിനെ നോക്കി അവർ പരിഹസിച്ച് ചിരിക്കുമെന്ന് ഓർത്തപ്പോൾ അവന്റെ മനസ്സു നീറി. അവൻ, അവന്റെ സകല സ്വത്തുവകകളും പുറത്തെടുത്ത് പരിശോധിച്ചു. ഒന്നുരണ്ട് കളിപ്പാട്ടങ്ങൾ, ഗോലികൾ, പിന്നെ കുറെ ലൊട്ടുലൊടുക്കുകളും. പക്ഷേ അരമണിക്കൂർ നേരത്തേക്കുള്ള സ്വാതന്ത്ര്യം വാങ്ങാൻ അവ തികയില്ല. അതൊക്കെ കൊടുത്ത് ആൺകുട്ടികളെ വശീകരിക്കാമെന്നുള്ള ആശ അവൻ ഉപേക്ഷിച്ചു.



വര: ഹോണി ദേവസ്യ

നൈരാശ്യത്തിന്റെ ഇരുണ്ട നിസ്സഹായതയിൽ ഒരു പുത്തൻ ആശയം അവന്റെ തലയ്ക്കു മുകളിൽ പൊട്ടിവീണു.

ടോം ആവേശപൂർവം കുമ്മായം പൂശൽ തുടർന്നു. അല്പസമയത്തിനുള്ളിൽ ബെൻ ഗോഗേഴ്സ് അതുവഴി വന്നു. അവന്റെ പരിഹാസവും കളിയാക്കലും എന്നും ടോമിന് സഹിക്കാവുന്നതിലപ്പുറമായിരുന്നു.

ഡിങ് - ഡോങ് ശബ്ദം ഉണ്ടാക്കി ഒരു ആപ്പിളും കടിച്ചുതിന്നുകൊണ്ടാണ് ബെൻ ഉത്സാഹവാനായി കടന്നുവന്നത്. താൻ ഒരു ആവിക്കപ്പലാണെന്ന് അവൻ ഭാവിച്ചു. ക്യാപ്റ്റന്റെയും എൻജിൻമണിയുടെയും സ്വന്തം കപ്പലിന്റെ ഡെക്കിൽ നിൽക്കുന്നവന്റെയും ഭാഗങ്ങളും ഉത്തരവുകൾ പുറപ്പെടുവിക്കുന്നവനും അവയെല്ലാം നടപ്പിലാക്കുന്ന ജോലിക്കാരനായും അവൻ ഒരേ സമയം കളിച്ചുരസിച്ചു.

ടോം അവനെ ശ്രദ്ധിച്ചില്ല. അത്യുത്സാഹത്തോടെ അത്യാനന്ദത്തോടെ കുമ്മായം പൂശൽ തുടർന്നു.

''ഹായ്... ടോം... നീ ആകെ കുഴപ്പത്തിലാണോ?''

മറുപടി ഇല്ല.

സംഗതി ആകെ മാറി മറിഞ്ഞു. ആപ്പിൾ ചവയ്ക്കുന്നത് ബെൻ തത്കാലത്തേക്കു നിറുത്തി. ടോം ബ്രഷ് ഭംഗിയായി ചലിപ്പിക്കുകയും ഇടയ്ക്കിടയ്ക്ക് പൂർത്തിയാക്കിയ ഭാഗത്തിന്റെ ഭംഗി ആസ്വദിക്കുകയും ചെയ്തു. അതും നോക്കിനിന്ന ബെന്നിന്റെ താത്പര്യവും ഇഷ്ടവും കൂടിക്കൂടി വന്നു.

ടോം താൻ അതുവരെ വെള്ള പൂശിയ ഭാഗത്തേക്ക് ഒരു കലാകാരൻ തന്റെ കലാസൃഷ്ടി വിലയിരുത്തുന്ന രീതിയിൽ നോക്കി. എന്നിട്ട്, അവിടെല്ലാം വീണ്ടും ബ്രഷുകൊണ്ട് ഒന്ന് തലോടി.

ബെന്നിന്റെ കൈയിലെ ആപ്പിൾ ടോമിന്റെ വായിൽ വെള്ളം നിറച്ചു.

''ഹലോ... നിനക്ക് ഇന്ന്, ഈ ജോലി ചെയ്യാനുണ്ട് അല്ലേ?''

ടോം വട്ടം കറങ്ങി തിരിഞ്ഞ്, ബെന്നിനെ നോക്കി ആശ്ചര്യഭാവത്തിൽ പറഞ്ഞു.

''ഹലോ... നിന്നെ ഞാൻ കണ്ടതേയില്ല.''

''ഞാൻ നീന്താൻ പോകുന്നു. നിനക്ക് വരാൻ സാധിക്കില്ലല്ലോ... കഷ്ടം! നിനക്ക് ഈ ജോലി ചെയ്തു തീർക്കണമല്ലോ...''

ടോം ബെന്നിനെ തുറിച്ചുനോക്കിയിട്ടു ചോദിച്ചു.

''നീ എന്താ ഈ കുമ്മായം പൂശലിനെ 'ഒരു ജോലി' എന്നു വിളിച്ചത്?''

''എന്താ ഇതൊരു ജോലിയല്ലേ?'' ടോം കുമ്മായം പൂശൽ തുടർന്നു. അതിനിടയിൽ വളരെ നിസ്സാരമായി പറഞ്ഞു. ''ജോലി ആയിരിക്കാം, അല്ലായിരിക്കാം എന്തായാലും ടോം സോയറിനു ചേരുന്ന ഇഷ്ടപ്പെട്ട പണിയാണ്.''

''വെറുതെ... നിനക്ക് ഈ പണി ഇഷ്ടമാണെന്നാണോ നീ പറയുന്നത്?''

''ഇഷ്ടമാണോയെന്നോ? ഇഷ്ടപ്പെടാതിരിക്കാൻ ഒരു കാരണവുമില്ല. ഒരു വേലി വെള്ള പൂശാനുള്ള അവസരം ഒരു ആൺകുട്ടിക്ക് എന്നും ലഭിക്കുമോ?''


സംഗതി ആകെ മാറി മറിഞ്ഞു. ആപ്പിൾ ചവയ്ക്കുന്നത് ബെൻ തത്കാലത്തേക്കു നിറുത്തി. ടോം ബ്രഷ് ഭംഗിയായി ചലിപ്പിക്കുകയും ഇടയ്ക്കിടയ്ക്ക് പൂർത്തിയാക്കിയ ഭാഗത്തിന്റെ ഭംഗി ആസ്വദിക്കുകയും ചെയ്തു. അതും നോക്കിനിന്ന ബെന്നിന്റെ താത്പര്യവും ഇഷ്ടവും കൂടിക്കൂടി വന്നു.

''ടോം എനിക്ക് ആ ബ്രഷ് അല്പനേരത്തേക്ക് ഒന്നു തരുമോ?''

ടോം ഗാഢമായി ആലോചിച്ചു.

''പോളി ആന്റിക്ക് ഈ വേലിയുടെ ഭംഗിയിൽ വളരെ നിഷ്കർഷയുണ്ട്. മുൻവശത്തെ തെരുവിലല്ലേ വേലി നിൽക്കുന്നത്. പുറകുവശത്തായിരുന്നെങ്കിൽ നിനക്ക് ബ്രഷ് തരാമായിരുന്നു. ആന്റി വഴക്കു പറയില്ലായിരുന്നു. ഒരായിരം ആൺകുട്ടികൾക്കിടയിൽ അല്ലെങ്കിൽ ഒരു രണ്ടായിരം ആൺകുട്ടികൾക്കിടയിൽ ഒരാൾക്കുപോലും എന്നെപ്പോലെ ഭംഗിയായി കുമ്മായം പൂശാൻ കഴിയുമെന്ന് ഞാൻ കരുതുന്നില്ല.''

''അയ്യോ... അങ്ങനെ പറയരുത്. ഞാനൊന്ന് ശ്രമിച്ചു



നോക്കാം. നിന്റെ സ്ഥാനത്തു ഞാൻ ആയിരുന്നെങ്കിൽ തീർച്ചയായും ബ്രഷ് തരുമായിരുന്നു.''

''ബെൻ... എനിക്ക് സമ്മതമാണ്. പക്ഷേ... പോളി ആന്റി? ജിമ്മിനും കൊതിയുണ്ടായിരുന്നു. പക്ഷേ ആന്റി അനുവദിച്ചില്ല. സിദ്ദിനും ആഗ്രഹമുണ്ടായിരുന്നു. ആന്റി സമ്മതിച്ചില്ല. ഇപ്പോൾ മനസ്സിലായോ കാര്യങ്ങളുടെ കിടപ്പ്?''

''ടോം... ഞാൻ ശ്രദ്ധയോടെ ചെയ്യാം. നിനക്ക് എന്റെ ആപ്പിളിന്റെ കാതൽ ഭാഗവും തരാം.''

''ഓ... ബെൻ ശരിയാകില്ല. എനിക്ക് പേടിയാണ്..''

''ഞാൻ മുഴുവൻ ആപ്പിളും തരാം.'' പാതി മനസ്സോടെ കൊടുക്കുന്നതു പോലെ ടോം ബ്രഷ് ബെന്നിന് കൊടുത്തു.

മനസ്സ് നിറയെ സന്തോഷം ആയിരുന്നു. ആവിക്കപ്പൽ നടൻ, വെയിലത്ത് വിയർത്ത് കുളിച്ച് കുമ്മായം പൂശിയപ്പോൾ തത്കാലത്തേക്ക് മോചിതനായ ചിത്രകാരൻ ഒരു ഒഴിഞ്ഞ വീപ്പയുടെ പുറത്ത് കാലും നീട്ടിയിരുന്ന് ആപ്പിൾ കടിച്ചുതിന്നു. അതു വഴി ഇനിയും വരാനിടയുള്ള മറ്റ് നിഷ്കളങ്കരായ കൊതിയന്മാരെ പിടികൂടാനുള്ള വഴികളും ആലോചിച്ചു.

നിരവധി കൂട്ടുകാർ അതുവഴി ടോമിനെ പരിഹസിച്ച് കടന്നുവന്നു. എല്ലാവരും അവസാനം ബ്രഷും പിടിച്ച് കുമ്മായം പൂശാൻ തുടങ്ങി. മധ്യാഹ്നം ആയപ്പോൾ ടോമിന്റെ പക്കൽ ഒരു പട്ടവും ഒരു ചത്ത എലിയും പന്ത്രണ്ട് ഗോലികളും ഒരു കിന്നരത്തിന്റെ ഒടിഞ്ഞ കഷണവും നീലനിറമുള്ള ഒരു കുപ്പിക്കഷണവും രണ്ട് വാൽമാക്രികളും ആറ് പടക്കങ്ങളും ഒരു ഒറ്റക്കണ്ണൻ പൂച്ചയും വാതിലിന്റെ ഒരു പിച്ചളമൊട്ടും പട്ടിയുടെ കഴുത്തിലെ ഒരു കോളറും ഒരു പിച്ചാത്തിപ്പിടിയും നാല് കഷണം ഓറഞ്ച് തൊലിയും ഒരു പഴയ ജനാലച്ചട്ടക്കഷണവും ഉണ്ടായിരുന്നു. ധാരാളം കൂട്ടുകാരുടെ നടുവിൽ അവൻ ഉത്സാഹവാനായി സമയം ചിലവഴിച്ചു. വേലിയിൽ മൂന്നുതവണ കുമ്മായവും പൂശി.

അന്ന് ടോം മനുഷ്യസ്വഭാവത്തെ നിയന്ത്രിക്കുന്ന ഒരു പ്രത്യേക നിയമത്തിന്റെ സവിശേഷത പഠിച്ചു. ഏതെങ്കിലും ഒരു മനുഷ്യന്, എന്തിലെങ്കിലും താത്പര്യം ഉണ്ടാക്കി, അത് അവനെക്കൊണ്ട് വാങ്ങിപ്പിക്കണമെങ്കിൽ, അത് ഒരിക്കലും ലഭിക്കാത്ത അമൂല്യവസ്തുവാണെന്നുള്ള തോന്നൽ ഉണ്ടാക്കിയെടുക്കണം.

ജോലി ഭംഗിയായി പൂർത്തിയാക്കിയ വിവരം പോളി ആന്റിയെ അറിയിക്കാൻ വീട്ടിലേക്കു കയറിപോകുമ്പോൾ തന്റെ സ്വത്തുവകകൾ വർധിച്ചതിൽ അവൻ സന്തോഷവാനായിരുന്നു.

*(തുടരും)*





വര: ബോബി എം പ്രഭ

കുട്ടിക്കവിത

# മോഹം

**യാസ്മി ഷെരീഫ്**

മഴയാകാൻ, മരത്തിന്
പണ്ടേ വളരെ മോഹമെന്ന്
അതത്രേ
മഴ തോർന്നാലും
മരം പെയ്യുന്നത്.





# അപ്പൂപ്പന്റെ കാവൽ

സതീശൻ മോറായി

നങ്ങേലിയമ്മൂമ്മ നെല്ലുപുഴുങ്ങി
ഉമ്മറമുറ്റത്തുണക്കാനിട്ടു
കാക്കയോ കോഴിയോ കൊത്തിടാതെ
നാണുവപ്പൂപ്പനെ കാവലാക്കി
കുളിർകാറ്റുവന്നു തഴുകിയപ്പോൾ
അപ്പൂപ്പനൊന്നു മയങ്ങിപ്പോയി
കൊക്കരേ കോഴികളോടിവന്നു
കാക്കകളേറെപ്പറന്നു വന്നു
ഒറ്റമണിപോലും ശേഷിക്കാതെ
മുറ്റത്തെ നെല്ലൊക്കെ കാലിയാക്കി!



വര: ആശ ആർ







# ജൂൺ 8
# ലോക സമുദ്രദിനം

മേരി അനീറ്റ

അമ്മയുടെ കൈയും പിടിച്ച് അസ്തമയസൂര്യനെ നോക്കിനിൽക്കുകയാണ് ദീപു. കണ്ണെത്താദൂരത്തോളം പരന്നുകിടക്കുന്ന കടലിന്റെ ആഴങ്ങളിലേക്ക് ചുവപ്പുടുപ്പണിഞ്ഞ സൂര്യൻ താഴ്ന്നിറങ്ങുകയാണ്. തിരമാലകളുടെ ചിലമ്പൊലി ശബ്ദം കാതുകളിൽ വന്നടിക്കുന്നുണ്ട്. ഉപ്പുരസം കലർന്ന ഇളംകാറ്റ് അവരെ തഴുകി കടന്നുപോകുന്നു. ആ മനോഹരമായ സന്ധ്യ ആസ്വദിച്ചുകൊണ്ടിരുന്ന ദീപുവിന്റെ കാലിൽ ഈർപ്പമുള്ള എന്തോ ഒന്ന് തടഞ്ഞു. അവൻ താഴേക്ക് നോക്കിയപ്പോൾ കണ്ടത് തന്നെ തലോടിക്കടന്നുപോകുന്ന തിരമാലകളെയാണ്. അവ വെറുതെയല്ല പോയിരിക്കുന്നത്. കുറേയേറെ പ്ലാസ്റ്റിക് മാലിന്യങ്ങളെ തനിക്കു സമ്മാനിച്ചുകൊണ്ടാണ് പോയത്. അവൻ ചുറ്റുപാടും ഒന്നുകൂടി വീക്ഷിച്ചു. ശരിയാണ്, ഇടയ്ക്കിടെ തിരമാലകൾ മാലിന്യങ്ങൾ കൂടി കരയിലെത്തിക്കുന്നുണ്ട്. കുറേ കഴിയുമ്പോൾ അവ തന്നെ അവയെ തിരികെ കൊണ്ടുപോവുകയും ചെയ്യുന്നു. അവന്റെ കുഞ്ഞുമനസ്സിൽ കുറെയേറെ സംശയങ്ങൾ ഉടലെടുത്തു. കടലിൽ ഒരുപാട് മാലിന്യങ്ങൾ ഉണ്ടോ? ഇത് മത്സ്യങ്ങൾ കഴിക്കില്ലേ? പരിസ്ഥിതിദിനത്തിൽ സ്കൂളും പരിസരവും വീടും മാലിന്യവിമുക്തമാക്കിയതും മരങ്ങൾ വച്ചു പിടിപ്പിച്ചതും അവനോർമ വന്നു. സമുദ്രസംരക്ഷണത്തിനായി അങ്ങനെ വല്ല

ദിനങ്ങളും കാണുമോ? ഉണ്ടെങ്കിൽ എനിക്കും കൂട്ടുകാർക്കും എന്തൊക്കെ ചെയ്യാനാകും?

പ്രിയ കൂട്ടുകാരേ, ജൂൺ 8 ലോക സമുദ്രദിനമാണ്. ഭൂമിയുടെ നാലിൽ മൂന്നു ഭാഗങ്ങളാലും ആവരണം ചെയ്യപ്പെട്ട കടലിനെ കുറിച്ചോർക്കാനും അത് സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കാനുമായുള്ള ദിനം. 1992 ൽ റിയോ ഡി ജനീറോയിൽ നടന്ന ഭൗമ ഉച്ചകോടിയിൽ കാനഡയാണ് ലോക സമുദ്രദിനം ആചരിക്കുക എന്ന ആശയം മുന്നോട്ടുവച്ചത്. പിന്നീട് 2008 ൽ അതിന് ഐക്യരാഷ്ട്രസഭ അംഗീകാരം നൽകുകയും തുടർന്നങ്ങോട്ട് എല്ലാവർഷവും ജൂൺ 8 ലോക സമുദ്രദിനമായി ആചരിച്ചു വരികയും ചെയ്യുന്നു. മനുഷ്യനുൾപ്പെടെയുള്ള ജീവജാലങ്ങളുടെ നിലനിൽപ്പിന് സമുദ്രങ്ങൾ വഹിക്കുന്ന പങ്ക് ചെറുതല്ല. നാം ശ്വസിക്കുന്ന ജീവവായുവിന്റെ അമ്പതു ശതമാനത്തിലധികവും പ്രദാനം

**ഭൂമിയുടെ നാലിൽ മൂന്നു ഭാഗങ്ങളാലും ആവരണം ചെയ്യപ്പെട്ട കടലിനെ കുറിച്ചോർക്കാനും അത് സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കാനുമായുള്ള ദിനം. 1992 ൽ റിയോ ഡി ജനീറോയിൽ നടന്ന ഭൗമ ഉച്ചകോടിയിൽ കാനഡയാണ് ലോക സമുദ്രദിനം ആചരിക്കുക എന്ന ആശയം മുന്നോട്ടുവച്ചത്. പിന്നീട് 2008 ൽ അതിന് ഐക്യരാഷ്ട്രസഭ അംഗീകാരം നൽകുകയും ചെയ്തു.**

ചെയ്യുന്നത് കടലാണ്. മാത്രമല്ല, ആഗോളതാപനത്തിന്റെ പ്രധാന കാരണക്കാരനായ കാർബൺഡൈ ഓക്സൈഡിന്റെ പകുതിയിലധികവും കടൽ ആഗിരണം ചെയ്യുകയും കടൽ സസ്യങ്ങൾ ഓക്സിജൻ ധാരാളമായി ഉത്പാദിപ്പിച്ച് ഓക്സിജൻ-കാർബൺ സന്തുലിതാവസ്ഥ നിലനിർത്തുകയും ചെയ്യുന്നു. ജൈവവൈവിധ്യം ഏറ്റവും അധികമുള്ള കടലിലാണ്, ഭൂമിയിലുള്ളതിന്റെ നാലിരട്ടി ജീവജാലങ്ങളുള്ളത്. അവയിൽ 1% ത്തിൽ താഴെ മാത്രമേ ഇതുവരെ പഠനവിധേയമാക്കിയിട്ടുള്ളൂ. പെസഫിക്, ഇന്ത്യൻ, ആർട്ടിക്, അന്റാർട്ടിക് എന്നിവയാണ് പ്രധാനപ്പെട്ട മഹാസമുദ്രങ്ങൾ. പ്രോട്ടീനുകളുടെ കലവറയായ മത്സ്യങ്ങളാണ് ലോകത്തിലെ ഭൂരിഭാഗം പേരുടെയും പ്രധാനാഹാരം. പെട്രോളിയം ഉത്പന്നങ്ങൾ, പ്രകൃതിവാതകങ്ങൾ, ഔഷധങ്ങൾ, കാലാവസ്ഥാ നിയന്ത്രണം, മത്സ്യബന്ധനം, ടൂറിസം, ഗതാഗതം എന്നിങ്ങനെ സമുദ്രത്തിന്റെ സംഭാവനകൾ നിരവധിയാണ്.

എന്നാൽ ഇത്രയേറെ പരോപകാരിയായ നമ്മുടെ കടൽ ഇന്ന് കടുത്ത മലിനീകരണത്തിന്റെ വക്കിലാണ്. പ്ലാസ്റ്റിക് മാലിന്യങ്ങൾ, ഇ-വേസ്റ്റുകൾ, ചരക്കുകപ്പലുകളിൽ നിന്നും ഫാക്ടറികളിൽ നിന്നും പുറന്തള്ളപ്പെടുന്ന വിഷാംശം കലർന്നതും അല്ലാത്തതുമായ



മാലിന്യങ്ങൾ, പുഴകളിലൂടെയും നദികളിലൂടെയും ഒഴുകിയെത്തുന്ന ചപ്പുചവറുകൾ, തീരപ്രദേശങ്ങളിൽ നിന്നു വലിച്ചെറിയുന്ന വേസ്റ്റുകൾ എന്നിങ്ങനെ പ്രതിവർഷം രണ്ടായിരം ടണ്ണിലധികം മാലിന്യങ്ങളാണ് കടലിലേക്ക് ഒഴുകിയെത്തുന്നത്. ഇപ്പോൾ കടലിലുള്ള പ്ലാസ്റ്റിക് മാലിന്യങ്ങളെക്കുറിച്ചുള്ള ഏകദേശ കണക്ക് പറയുന്നത് നൂറു മില്യൺ ടണ്ണോളം വരുമെന്നാണ്. 12 ദശലക്ഷം ആനകളെ നിരത്തി നിർത്തിയിരിക്കുന്നത് ഒന്നാലോചിച്ചു നോക്കൂ. നമ്മുടെ ചിന്തകൾക്കതീതമല്ലേ അത്. അതിലധികം പ്ലാസ്റ്റിക് മാലിന്യങ്ങളാണ് കടലിലൊഴുകി നടക്കുന്നത്. ഇവ വിഘടിക്കുകയും അസിഡിറ്റി വർധിപ്പിക്കുകയും ചെയ്യുന്നു. ഇത് കടലിന്റെ ജൈവവൈവിധ്യത്തെ സാരമായി ബാധിക്കുന്നു.




**മൈക്രോ പ്ലാസ്റ്റിക്കുകളെ ഭക്ഷണമാണെന്ന് തെറ്റിദ്ധരിച്ച് മത്സ്യങ്ങൾ ആഹാരമാക്കുന്നു. ഈ മത്സ്യങ്ങളെയല്ലേ നാം കഴിക്കുന്നതും. ഒരുലക്ഷം കടൽ സസ്തിനികളും അതിന്റെ ഇരട്ടി കടൽപ്പക്ഷികളുമാണ് പ്ലാസ്റ്റിക് കാരണം ഒരു വർഷം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നത്. ഇത് ഗുരുതരമായ പ്രത്യാഘാതങ്ങൾക്കിടവരുത്തും.**

മൈക്രോ പ്ലാസ്റ്റിക്കുകളെ ഭക്ഷണമാണെന്ന് തെറ്റിദ്ധരിച്ച് മത്സ്യങ്ങൾ ആഹാരമാക്കുന്നു. ഈ മത്സ്യങ്ങളെയല്ലേ നാം കഴിക്കുന്നതും. ഒരുലക്ഷം കടൽ സസ്തനികളും അതിന്റെ ഇരട്ടി കടൽപ്പക്ഷികളുമാണ് പ്ലാസ്റ്റിക് കാരണം ഒരു വർഷം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നത്.

അത്യന്തം ഭീകരമായ ഈയവസ്ഥ ഇനിയും തുടർന്നാൽ ഗുരുതരമായ പ്രത്യാഘാതങ്ങളായിരിക്കും നമുക്ക് നേരിടേണ്ടിവരിക. കടലിനെയും കടൽ പരിസ്ഥിതിയെയും വീണ്ടെടുക്കാനായി നാം പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറച്ചേ മതിയാവൂ. കവറുകളും കുപ്പികളും എന്നുവേണ്ട പ്ലാസ്റ്റിക് അമിതോപയോഗങ്ങളോട് നമുക്ക് 'നോ' പറയാം. പുനരുപയോഗിക്കാൻ പറ്റുന്ന പ്ലാസ്റ്റിക്കുകൾ മാത്രമേ ഉപയോഗിക്കൂ എന്ന തീരുമാനമെടുക്കാം.



# വിതച്ചതേ കൊയ്യൂ

പുനരാഖ്യാനം: **പീറ്റർ കുരിശിങ്കൽ**

ജറുസലേം ദേവാലയത്തിൽ പെസഹാത്തിരുനാളിൽ പങ്കെടുത്തു മടങ്ങുകയായിരുന്നു അവർ. യൗസേപ്പും മറിയവും യേശുവും. യേശുവിന് പന്ത്രണ്ട് വയസ്സേ ആയിരുന്നുള്ളൂ. നസറത്തിലേക്ക് ഇനിയും രണ്ടുദിവസത്തെ യാത്രയുണ്ട്.

വയലേലകളുടെ വരമ്പത്തെ ഒറ്റയടിപ്പാതയിലൂടെ നടന്നുനീങ്ങുകയാണ് ആ കുടുംബം. ഉഴുതുമറിച്ച പാടശേഖരങ്ങൾ. വളക്കൂറുള്ള ചെളിയുടെ മണം.

അകലെ ഒരു കൃഷിക്കാരൻ. അയാൾ തന്റെ ഇടതുപള്ളയിൽ ഒരു കുട്ട ചേർത്തു പിടിച്ചിരിക്കുന്നു. കുട്ട നിറയെ വിത്തുകളാണ്. അതിൽ നിന്നും ഓരോ പിടി വിത്തെടുത്ത് പാറ്റിപ്പാറ്റി എറിയുകയാണ്. എറിയുന്ന വിത്തുകൾ കൃത്യമായി ഉഴവുചാലുകളിൽ വീണുകൊണ്ടിരുന്നു.

നടന്നുനടന്ന് യൗസേപ്പും മറിയവും യേശുവും വിതക്കാരന്റെ അടുത്തെത്തി. കൃഷിയെയും കൃഷിക്കാരെയുമൊക്കെ സ്നേഹിക്കുന്ന മനസ്സാണ് മറിയത്തിന്റേത്. ഒരു സാധാരണ നാട്ടുമ്പുറത്തുകാരിയുടെ ചിന്തയോടെ മറിയം വിതക്കാരനോടു ചോദിച്ചു.

''എന്താ വിതയ്ക്കുന്നത്?''

കർഷകന് ആ ചോദ്യം തീരെ രസിച്ചില്ല. അയാൾ പറഞ്ഞു.

''ഇത് കുറച്ചു കല്ലുകളാണ്.''

പാവം കർഷകൻ. നേരുപറഞ്ഞാൽ കണ്ണേറു പറ്റിയെങ്കിലോ എന്നു സംശയിച്ചു കാണും. അങ്ങനെ ചില അന്ധവിശ്വാസങ്ങൾ ചിലയിടങ്ങളിൽ നിലനിൽക്കുന്നുണ്ടല്ലോ.

മറിയവും മറ്റും ഒന്നും സംഭവിക്കാത്തതുപോലെ നടന്നുനീങ്ങി.




കർഷകൻ വിത പൂർത്തിയാക്കി. കൃഷിക്കുവേണ്ട പരിചരണമെല്ലാം നന്നായിചെയ്തു. നനച്ചു. വളമിട്ടു. പയർമണികൾ മുളപൊട്ടി. ആർത്തു തിമർത്തു പൊന്തി പയർച്ചെടികൾ. പയർച്ചെടികൾ പൂവിട്ടു. കുല തിങ്ങിയ പൂക്കൾ. ഇളംനീലപ്പട്ടു പുതച്ചതുപോലുള്ള പാടം. ദിവസങ്ങൾ കഴിഞ്ഞു. അച്ചിങ്ങാപ്പയറുകൾ കരിമ്പച്ച നിറത്തിൽ തൂങ്ങിയാടാൻ തുടങ്ങി. ഇത്തവണ നല്ല വിളവുകിട്ടും. കർഷകൻ മനസ്സാ സന്തോഷിച്ചു.

ആഴ്ചകൾ കഴിഞ്ഞു. പയർമണികൾ മുഴുത്തുതുടുത്തു. കർഷകൻ സഹായികളുമൊത്ത് പാടത്തിറങ്ങി പയർ അടർത്തിക്കൂട്ടി.

മലപോലെ കൂട്ടിയിട്ട പയർക്കൂനയിൽ നിന്നും ഏതാനും പയറുകൾ എടുത്ത് കർഷകൻ പൊളിച്ചുനോക്കി.

''ങേ... ഇതെന്താ കല്ലുകളോ?''

അയാൾ പിന്നെയും കുറെ പയറുകൾ കൂട്ടിയെടുത്തു പൊളിച്ചു. എല്ലാം കല്ലുമണികൾ! ഇതെന്ത്? അയാൾ കൂട്ടുകാരെ വിളിച്ചു. വന്നവർ വന്നവർ പയറ് എടുത്ത് പൊളിച്ചുനോക്കി. പയറുമണികൾക്കുപകരം എല്ലാം കല്ലുമണികൾ!

തന്റെ നിഷേധം തിളച്ച വാക്കുകൾ വരുത്തിയ വിന. കർഷകൻ ഓർത്തു. ആ വയലിറമ്പിൽ അയാൾ തളർന്നിരുന്നുപോയി. വിതച്ചതുതന്നെ അയാൾ കൊയ്തു.



ഓർമ്മ വെച്ച കാലം മുതലേ ആനയ്ക്ക് പിന്നാലെയായിരുന്നു 'കോഴിക്കോട്ടുകാരൻ' ആയ ശ്രീധർ. ആനജീവിതത്തിലെ മിക്ക കാഴ്ചകളും കണ്ട് അവയെ കുറിച്ച് പഠിച്ചുകൊണ്ടിരിക്കുന്ന ഒരാൾ. മലയാളിയായ ജീവശാസ്ത്രജ്ഞൻ ശ്രീധർ വിജയകൃഷ്ണൻ. കാട്ടാനകളുടെ കൂട്ടുകാരനായ അദ്ദേഹത്തെ കുറിച്ചും അദ്ദേഹം പറഞ്ഞ ചില 'ആനക്കാര്യ'ങ്ങളും വായിക്കൂ.

# സഹ്യന്റെ മക്കളും മക്കളുടെ കൂട്ടുകാരനും



**സീമ സുരേഷ്**
**ഫോട്ടോ : ശ്രീധർ വിജയകൃഷ്ണൻ**

കൂട്ടുകാരെ ... എന്തൊക്കെയുണ്ട് വിശേഷങ്ങൾ? എല്ലാവരും വേനലവധി ആഘോഷിച്ചു തീർന്നു പുതിയ ക്ലാസ്സിലേക്ക് കടന്നതിന്റെ സന്തോഷത്തിലാവുമല്ലേ. ഈ അവധിക്ക് ആരൊക്കെ യാത്ര പോയി? ആരെങ്കിലും കാട് കാണാൻ പോയോ? കാട്ടിൽ പോയിട്ട് എന്തൊക്കെ കാഴ്ചകൾ കണ്ടു? ആരൊക്കെ സഹ്യന്റെ മകനെ കണ്ടു? ഇത്തവണ നമ്മൾ സംസാരിക്കാൻ പോവുന്നതു ആ അത്ഭുതത്തെ കുറിച്ചാണ്.

ആ ...ആന .....

നമ്മുടെ കേരളത്തിന്റെ 'സംസ്ഥാന മൃഗ'പദവിയുള്ള ആന. മഹാകവി വൈലോപ്പിള്ളി ശ്രീധരമേനോൻ ആനകളെ തന്റെ കവിതയിലൂടെ വിളിച്ചത് സഹ്യന്റെ മക്കൾ എന്നാണ്. നമ്മുടെയൊക്കെ മനസ്സിൽ സഹ്യപർവതത്തോളം സ്നേഹം ആനകളോടും ഉണ്ട്. അത്രത്തോളം നമ്മൾ മലയാളികൾ ജീവിതത്തിലെ ഒരു അത്ഭുതമായി ആനകളെ കൂടെ കൂട്ടിയിട്ടുണ്ട്. അങ്ങനെയാണ് നമ്മുടെ നാടിന്റെ അഭിമാനമായ ആനയെ സംസ്ഥാന മൃഗമായി കേരളം പ്രഖ്യാപിച്ചിരിക്കുന്നത്. കേരളത്തിന്റെ മാത്രമല്ല കർണാടകയുടെയും ജാർഖണ്ഡിന്റെയും സംസ്ഥാന മൃഗം കൂടിയാണ് ആന.

കേരളത്തിൽ കാണുന്ന ആന ഭൂമുഖത്ത് ഇന്ന് കണ്ടു വരുന്ന മൂന്ന് ജാതികളിൽ ഒന്നായ ഏഷ്യൻ ആന വർഗത്തിൽപ്പെട്ടവയാണ്. ഇന്റർനാഷണൽ യൂണിയൻ ഫോർ കൺസേർവഷൻ ഓഫ് നേച്ചർ (I U C N ) 1986 മുതൽ ആനയെ വംശനാശ ഭീഷണി നേരിടുന്ന ജീവികളിൽ ഒന്നായി പ്രഖ്യാപിച്ചു. ലോകത്തിൽ ഏതാണ്ട് എണ്ണത്തിൽ പകുതിയോളം മാത്രം ആനകളെ ഇപ്പോൾ നിലനിൽക്കുന്നുള്ളു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിന് ഒരു കാരണം അവയുടെ ആവാസസ്ഥലം നഷ്ടപ്പെടുന്നു എന്നതു തന്നെയാണ്. കാട് ഇല്ലാതാവുമ്പോൾ ജീവികളും ഇല്ലാതാവുന്നു.

കേരളസംസ്കാരത്തിന് ആന ഒരു അഭിമാനസ്തംഭമാണ്. കേരളത്തിലെ കാടുകളിലെ ആനകളെ കൂടാതെ ഏതാണ്ട്

അറുന്നൂറോളം നാട്ടാനകളും ഉണ്ടെന്നാണ് കണക്കുകൾ. പണ്ടുകാലം മുതൽ തന്നെ നാട്ടാനകൾ ചരിത്രത്തിന്റെ ഭാഗമായി. കൂപ്പിൽ നിന്ന് തടി വലിക്കാൻ ഏറ്റവും വലിയ മൃഗത്തെ ഉപയോഗിച്ചു. കാലം മാറിയപ്പോൾ ക്ഷേത്രങ്ങളിലും ആരാധനാലയങ്ങളിലും ആന ഉത്സവങ്ങളുടെ ഭാഗമായി. അഭിമാനത്തിന്റെ കാഴ്ച വസ്തുവായി മാത്രം മാറിയ അവസ്ഥയിലാണ് ഇപ്പോൾ നാട്ടാനകൾ. കേരളത്തിന്റെ ചരിത്രമെടുത്താൽ നമ്മളൊരിക്കലും യുദ്ധങ്ങൾക്ക് ആനയെ ഉപയോഗിച്ചിരുന്നില്ല. പക്ഷെ ഉത്തരേന്ത്യൻ ചരിത്രത്തിൽ ആനയെ മെരുക്കി യുദ്ധങ്ങൾക്ക് വേണ്ടി തയ്യാറാക്കി ഉപയോഗിച്ചിരുന്നു. നാട്ടാനകളെ എഴുന്നെള്ളിച്ചില്ലെങ്കിൽ ഉത്സവങ്ങൾ നന്നാവില്ലെന്ന ധാരണയിലാണ് നമ്മൾ മലയാളികൾ ജീവിക്കുന്നത്. ആനയെ കുറിച്ച് സംസാരിച്ചു തുടങ്ങിയാൽ കൗതുകങ്ങൾ കൂടി കൊണ്ടിരിക്കും.

## THE ELEPHANT MAN

ഇനിയൊരാളെ നിങ്ങൾക്ക് പരിചയപ്പെടുത്തി തരാം. ആനയെ കുറിച്ച് ഏറ്റവും നന്നായി പറഞ്ഞുതരുന്ന ഒരു ചേട്ടനെ.

ആനജീവിതത്തിലെ മിക്ക കാഴ്ചകളും കണ്ട് അവയെ കുറിച്ച് പഠിച്ചുകൊണ്ടിരിക്കുന്ന ഒരാൾ. മലയാളിയായ ജീവശാസ്ത്രജ്ഞൻ ശ്രീധർ വിജയകൃഷ്ണൻ. National Centre for Biological Sciences ൽ നിന്ന് മാസ്റ്റേഴ്സ് ഡിഗ്രിയെടുത്ത ശ്രീധർനെ കുറിച്ച് പറയാൻ കുറെ അനുഭവങ്ങളുണ്ട്.

ആനയെ കാണുമ്പോൾ നമ്മളൊക്കെ ഒരു വിസ്മയത്തോടെ അകന്ന് മാറി നിൽക്കുമ്പോൾ ശ്രീധർ അങ്ങനെയല്ലായിരുന്നു. ഓർമ്മ വെച്ച കാലം മുതലേ ആനയ്ക്ക് പിന്നാലെയായിരുന്നു ഈ 'കോഴിക്കോട്ടുകാരൻ' ശ്രീധർ. ഒന്നാം പിറന്നാളിന് കിട്ടിയ സമ്മാനം ഒരു ആനക്കുട്ടിയുടെ രൂപം. അവിടന്നങ്ങോട്ട് അവന്റെ ആനപ്രാന്തു കൂടി. എവിടെ ആനയെ കണ്ടാലും തൊട്ടും തലോടിയും കൂടെ നിൽക്കും.

സ്കൂളിൽ പഠിക്കുന്ന സമയത്ത് ശ്രീധറിന്റെ ശ്രദ്ധ മുഴുവൻ ആനയിലും ആനയെ കൊണ്ട് നടക്കുന്ന പാപ്പാന്മാരിലുമായിരുന്നു.

എപ്പോഴും സംശയം ചോദിച്ചു കൊണ്ടിരിക്കും. അങ്ങനെ ചിന്ത ഒരു പാപ്പാൻ ആയാലോ എന്നായി. പ്ലസ്ടു കഴിഞ്ഞ വെക്കേഷനിൽ ശ്രീധറിനൊരു തോന്നൽ. ആനയെ കുറിച്ച് കൂടതലറിയാൻ ഒരു പാപ്പാൻ ആയി തന്നെ മാറണം. അങ്ങനെ മംഗലാംകുന്ന് അരവിന്ദൻ എന്ന ആനയുടെ പാപ്പാന്റെ അനുവാദം വാങ്ങി, അവനെ പരിചരിച്ചും സ്നേഹിച്ചും ഉത്സവപ്പറമ്പുകളിൽ നിന്ന് ഉത്സവപ്പറമ്പിലേക്ക് യാത്ര തന്നെ.

പഠിക്കാൻ മിടുക്കനായതു കൊണ്ട് തമിഴ്നാട് കാർഷിക സർവകലാശാലയിൽ ബി എസ് സി ഫോറസ്ട്രിക്ക് പ്രവേശനം കിട്ടി. അപ്പോൾ പതുക്കെ പാപ്പാൻ ജോലി വിട്ടു. വർഷങ്ങൾക്കു ശേഷം ബെംഗളൂരുവിൽ, വൈൽഡ് ലൈഫ് ബയോളജിയിൽ ചേർന്നു. അപ്പോഴാണ് ശ്രീധറിന് ഉത്സാഹ







മേറിയത്. കാട്ടിലെ ആനകളെ കുറിച്ച് പഠിക്കാൻ കഴിയും.

പിന്നെ അവയെ അന്വേഷിച്ചുള്ള യാത്ര തന്നെയായിരുന്നു. അങ്ങനെ കാട്ടാനകളുടെ കൂട്ടുകാരനായി. ബെംഗളൂരുവിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസിൽ ഗവേഷണം നടത്താൻ ചേർന്നു. അതും ആനജീവിതത്തെ പറ്റി തന്നെ. വാൽപ്പാറയിലെ കാടുകളിലാണ് ഏറെ സമയത്തും ശ്രീധർ. അവിടത്തെ ആനകളെ കുറിച്ച് ഏറെ പഠിച്ചു. ഓരോ ആനയും കൂട്ടങ്ങളും പരിചിതരായി. അവർക്കോരോരുത്തർക്കും പ്രത്യേക പേരുകളിട്ടു വിളിച്ചു. എന്തുഗ്രൻ പേരുകളെന്നോ... മീനാക്ഷി, താമര, താര, അക്ബർ അങ്ങനെയങ്ങനെ നൂറിലധികം ആനകൾ. ഒക്കെ കൂട്ടുകാരാ. വാൽപ്പാറയിലെ യാത്രയിൽ ഇവരെ ഒക്കെ തേടിനടന്നു കാണും ശ്രീധർ. അങ്ങനെ ആനകളെ കുറിച്ച് കണ്ടും പഠിച്ചും ശ്രീധർ ഒരു കാര്യം കണ്ടെത്തി. കാട്ടാനയ്ക്കും മാനസികസംഘർഷങ്ങൾ ഉണ്ട്. അവയെ വാസസ്ഥലത്തുനിന്ന് ആട്ടിയോടിക്കുമ്പോൾ. തന്റെ പ്രോജക്ടിൽ ഈ വാസ്തവം കണ്ടെത്തിയപ്പോൾ അത് ഒരു നേട്ടമായി ശാസ്ത്രലോകത്തിനു തന്നെ. ആനപ്പിണ്ടത്തിൽ നിന്ന് ഹോർമോൺ വേർതിരിച്ചെടുത്തു കൊണ്ട് കണ്ടുപിടിച്ച വാസ്തവം. ഇപ്പോൾ ഗവേഷണവിഷയം എന്താണെന്നറിയാമോ? ആനകളുടെ സോഷ്യൽ ജീവിതത്തെ കുറിച്ച്. ആനകളെ തേടി ശ്രീധർ പോവാത്ത കാടുകളില്ല. തായ്‌ലൻഡ്, ശ്രീലങ്ക പിന്നെ ഇന്ത്യൻ കാടുകൾ. അസം, ഉത്തരാഖണ്ഡ്, കർണാടക അങ്ങനെയങ്ങനെ ആനകളുടെ കൂട്ടുകാരനായി ആനയ്ക്കൊപ്പം ഇങ്ങനെ നടന്നുകൊണ്ടിരിക്കുന്നു.

ഇതൊക്കെയാണ് ശ്രീധർ എന്ന സഹ്യന്റെ മക്കളുടെ കൂട്ടുകാരന്റെ ജീവിതകഥകൾ. ആനയെ സ്നേഹിക്കുന്നവർക്കെല്ലാം ഈ ജീവശാസ്ത്രജ്ഞൻ ഒരു പ്രചോദനം തന്നെയാണ്. നിങ്ങൾക്കും. മനസിലെ ഏറ്റവും വലിയ ഇഷ്ടത്തോടൊപ്പം അല്ലെങ്കിൽ ആ ഇഷ്ടത്തിനു വേണ്ടി ജോലിയും ജീവിതവും സമർപ്പിച്ചു ജീവിക്കുക എന്നത് എന്തൊരു ഭാഗ്യാല്ലേ. ആന എന്ന വിസ്മയത്തിനു വേണ്ടി ജീവിക്കുന്ന ഒരാൾ. കൂട്ടുകാരും വീട്ടുകാരും ശ്രീധറിനെ THE ELEPHANT MAN എന്നാണ് സ്നേഹത്തോടെ വിളിക്കുന്നത്. നമുക്കും അദ്ദേഹത്തെ അങ്ങനെ വിളിക്കാം അല്ലേ?





## ശ്രീധർ പറഞ്ഞ ആനക്കാര്യങ്ങൾ

കേരളത്തിലെ കാടുകളിൽ ഒരു കണക്കെടുപ്പ് നടത്തിയാൽ വ്യക്തമായി എത്ര ആനയുണ്ടെന്നു പറയാൻ ബുദ്ധിമുട്ടാണ്. പശ്ചിമഘട്ടത്തിലെ പ്രധാന ഗജവിഹാരകേന്ദ്രങ്ങൾ കേരളം, തമിഴ്നാട്, കർണാടക എന്നിങ്ങനെ മൂന്ന് സംസ്ഥാനങ്ങളുമായി കലർന്നു കിടക്കുന്നതു കൊണ്ട് കൃത്യം എണ്ണം കണക്കാക്കാൻ പറ്റില്ല. പക്ഷെ നീലഗിരി ബയോസ്ഫിയർ റിസർവ് ആണ് ഇന്ത്യയിൽ തന്നെ ഏറ്റവും കൂടുതൽ ആനകൾ ഉള്ള വനം.

❖ മണ്ണിന്റെ, കാടിന്റെ ഭൂപ്രകൃതിയനുസരിയിച്ച് ആനകളുടെ നിറത്തിനു ചെറിയ മാറ്റങ്ങൾ ഉണ്ട്. അസമിലെ ആനകൾക്ക് വെള്ള നിറമുണ്ടാവും. അവിടത്തെ മണ്ണിന്റെ നിറത്തിനനുസരിച്ച്. കേരളത്തിലെ ആനകൾക്ക് ചുവന്ന മണ്ണിന്റെ നിറം കാണാം. നമുക്കറിയാലോ എപ്പോഴും മണ്ണ് വാരി ദേഹത്തിടുന്ന സ്വഭാവം ആനയ്ക്കുണ്ട്. കാസിരംഗയിലെ, കോർബെറ്റിലെ ആനകൾ വലിയ ശരീരപ്രകൃതി ഉള്ളവയാണ്. നല്ല പുൽമേടുകളും മതിവരുവോളം പോഷകക്കൂടുതൽ ഉള്ള തീറ്റയും കിട്ടുന്നതു കൊണ്ടുകൂടിയാണ് അങ്ങനെ. കേരളത്തിലെ ആനകൾക്ക് കുറച്ചു വലിപ്പം കുറവാണ്. ചൂടുകാലങ്ങളിൽ മെലിഞ്ഞും മൺസൂണിൽ തടിച്ചും കാണാൻ കഴിയും.





**മണ്ണിന്റെ, കാടിന്റെ ഭൂപ്രകൃതിയനുസരിയിച്ച് ആനകളുടെ നിറത്തിനു ചെറിയ മാറ്റങ്ങൾ ഉണ്ട്. അസമിലെ ആനകൾക്ക് വെള്ള നിറമുണ്ടാവും. അവിടത്തെ മണ്ണിന്റെ നിറത്തിനനുസരിച്ച്. കേരളത്തിലെ ആനകൾക്ക് ചുവന്ന മണ്ണിന്റെ നിറം കാണാം. നമുക്കറിയാലോ എപ്പോഴും മണ്ണ് വാരി ദേഹത്തിടുന്ന സ്വഭാവം ആനയ്ക്കുണ്ട്.**



❖ ആനക്കൂട്ടങ്ങളുടെ നേതാവ് പിടിയാനയാണ്. കൂട്ടത്തെ ഏതു വഴിയിലൂടെ നയിക്കണമെന്നു തീരുമാനിക്കുന്നതും പെണ്ണാനയാണ്. വലിയ മുതിർന്ന കൊമ്പന്മാരെ പലപ്പോഴും കൂട്ടത്തിന്റെ ഒപ്പം കണ്ടെന്നു വരില്ല.

❖ നമ്മൾ ആനയുള്ള ഭാഗങ്ങളിൽ എത്തിയാൽ ഫോട്ടോഗ്രാഫർ ആയാലും അല്ലെങ്കിലും അകന്നു നിൽക്കാൻ ശ്രമിക്കണം. അൻപതു മുതൽ എഴുപത് മീറ്റർ വരെ. ഒരിക്കലും അതിന്റെ അടുത്തേക്ക് പോകാനായി ശ്രമിക്കരുത്. വാഹനത്തിൽ ആയാൽ പോലും. ഒരിക്കലും അതിനെ അസ്വസ്ഥനാക്കാതിരിക്കാൻ ശ്രമിക്കുക. മുന്നിൽ പെട്ടാൽ രക്ഷപെട്ടു പോരാൻ എളുപ്പമല്ല. കുഞ്ഞു കൂടെയുള്ളപ്പോൾ അമ്മമാർ അസ്വസ്ഥരാവും. കുഞ്ഞാനകൾ ഉറങ്ങുമ്പോൾ ശ്രദ്ധയോടെ കാവൽ നിൽക്കുന്നവരാണ് അമ്മമാർ.

❖ ആന കിടന്നും നിന്നും ഉറങ്ങും. ഏതാണ്ട് മൂന്നു മൂന്നര മണിക്കൂർ ഉറക്കമുണ്ട്. പകൽ നിന്നും ഉറങ്ങാൻ കഴിയും. ഏറ്റവും കൂടുതൽ സമയം ചെലവഴിക്കുന്നത് തീറ്റതേടലി





നാണ്. ഏതാണ്ട് പതിനഞ്ചു മണിക്കൂറോളം. മൂന്നു നാല് കിലോമീറ്ററോളം ഒരുദിവസം നടക്കാൻ സാധിക്കും.

❖ 200 ലിറ്ററോളം വെള്ളം കുടിക്കും ഒരു ദിവസം.

❖ നാലു വർഷം കൂടുമ്പോഴാണ് ആന പ്രസവിക്കുക. ചില ഭൂഭാഗങ്ങളിൽ മാറ്റം സംഭവിക്കുമ്പോഴും ആവാസ സ്ഥലത്തിനു മാറ്റം വരുമ്പോഴും അത് ഏഴു വർഷം വരെ ആയി മാറുന്നത് കണ്ടിട്ടുണ്ട്. ആൺ കുഞ്ഞിനെ ആണ് ഗർഭം ധരിച്ചതെങ്കിൽ ഗർഭകാലം 22 മാസവും പെൺകുഞ്ഞാണെങ്കിൽ 18 മാസവും എടുക്കും. കുഞ്ഞുങ്ങളുണ്ടായാൽ പിന്നെ അമ്മ വളരെ ജാഗ്രതയിലാവും. ആറേഴു വയസ്സ് വരെ കുഞ്ഞു നല്ല കുറുമ്പുള്ള, സ്വഭാവമായിരിക്കും. 10-12 വയസ്സു മുതൽ അമ്മയിൽ നിന്ന് പിരിഞ്ഞു പോവും. പന്ത്രണ്ടു വയസ്സ് മുതൽ കുട്ടിത്തം മാറി പക്വതയുള്ളവരാവും. കുഞ്ഞാന എപ്പോഴും പാൽ കുടിക്കില്ല. പുല്ലു തിന്നാൻ നേരം അമ്മയെ നോക്കി, അമ്മയുടെ വായിൽ തുമ്പിക്കൈ നീട്ടി നോക്കും. എന്നിട്ടേ തിന്നുനോക്കു ഇളം പുല്ല്. അങ്ങനെ ആന വിശേഷങ്ങൾ ഏറെയുണ്ട്. അടുത്ത അവസരത്തിൽ കൂടുതൽ പറഞ്ഞു തരാട്ടോ ...അപ്പൊ കൂട്ടുകാർക്കു കാട്ടിലെ ആനക്കൂട്ടങ്ങളെ കാണണ്ടേ. പെരിയാർ കടുവസങ്കേതം, ചിന്നാർ വന്യജീവി സങ്കേതം, വയനാട്, പറമ്പിക്കുളം ഇവിടെയൊക്കെ പോണേ.

ELEPHANT MAN പറഞ്ഞ പോലെ അകന്നു നിന്ന് ആനകളെ കൺനിറയെ കാണണം.

നമ്മുടെ സംസ്ഥാനത്തിന്റെ അഭിമാനമായ 'ആനയെ' നമുക്ക് എന്നും ആദരവോടെ സംരക്ഷിക്കണം. സ്നേഹിക്കണം. അല്ലെ...



# കണക്കും കുസൃതിയും

**പള്ളിയറ ശ്രീധരൻ**





**1.** എട്ട് എട്ടുകൾ ഉപയോഗിച്ച് 1000 ആക്കാമോ?

**2.** ഒരു സ്റ്റോപ്പിൽ നിന്ന് ബസ്സിൽ രണ്ട് യാത്രക്കാർ കയറി. രണ്ടുപേരും കണ്ടക്ടർക്ക് അപരിചിതരാണ്. ഒരാൾ കണ്ടക്ടർക്ക് 20 രൂപ കൊടുത്തു. എവിടെ ഇറങ്ങണം? എന്നു ചോദിച്ചു. ആവശ്യപ്പെട്ട സ്ഥലത്തേക്ക് ടിക്കറ്റു നൽകി.

രണ്ടാമത്തെ യാത്രക്കാരനും 20 രൂപ നൽകി. അയാളുടെ വേഷത്തിലോ ആംഗ്യത്തിലോ ഇറങ്ങേണ്ട സ്ഥലത്തെക്കുറിച്ച് യാതൊരു സൂചനയും ഉണ്ടായിരുന്നില്ല. രണ്ടുപേർക്കും ഒരേ സ്ഥലത്താണ് ഇറങ്ങേണ്ടതെന്നും അയാൾ പറഞ്ഞില്ല. പക്ഷേ എവിടെ ഇറങ്ങണം എന്നു ചേദിക്കാതെ തന്നെ കാശു വാങ്ങി കണ്ടക്ടർ അയാൾക്ക് ടിക്കറ്റ് നൽകി. എവിടെ ഇറങ്ങണം എന്ന് കണ്ടക്ടർ എന്തുകൊണ്ട് ചോദിച്ചില്ല. എന്താണ് നിങ്ങളുടെ വിശദീകരണം?

**3.** ഒരു കിലോ ലഡുവുമായാണ് അമ്മു സ്കൂളിൽ ചെന്നത്.

ഒരി കിലോ ലഡു എത്ര എണ്ണമുണ്ടാവും? മുഹമ്മദ് ചോദിച്ചു. കൃത്യമായി ഉത്തരം പറയുന്നവർക്ക് അമ്മുവിന്റെ കയ്യിലിരിക്കുന്ന ലഡുവിൽ നിന്ന് 5 ലഡു ഫ്രീ. മുഹമ്മദ് പറഞ്ഞു.

25 എണ്ണം; സുജീഷ് പറഞ്ഞു. അല്ല 30 എണ്ണം; ജിജി തിരുത്തി. 27 എണ്ണമേ ഉണ്ടാവൂ. കണ്ണൻ പറഞ്ഞു. 24 എണ്ണം എന്നതാണ് രശ്മിയുടെ അഭിപ്രായം. അമ്മു പൊതി അഴിച്ചു. എണ്ണം നോക്കി. ആരു പറഞ്ഞ എണ്ണവും ശരിയല്ല. ഓരോ ആൾ

പറഞ്ഞതുമായുള്ള വ്യത്യാസം 1,2,3,4 എന്നിവയാണ്. ഇനി കൃത്യമായി പറയുന്നവർക്കായിരിക്കും സമ്മാനം. എന്തായിരിക്കും സമ്മാനം? എന്തായിരിക്കും ശരിയായ എണ്ണം?

**4.** നാലു തീപ്പെട്ടിക്കമ്പുകൾ തന്നിരിക്കുന്നു. മുറിക്കാതെ, വളക്കാതെ എങ്ങനെ അഞ്ചാക്കാം? ഇതു സാധിച്ചു കഴിഞ്ഞാൽ പിന്നെ രണ്ടു കമ്പുകൾ കൊണ്ടും അഞ്ചാക്കാം. ശ്രമിച്ചുനോക്കൂ.

**5.** നൂറാക്കാമോ? 123456789 എന്ന അക്കങ്ങൾക്കിടയിൽ 8 ചിഹ്നങ്ങൾ ചേർത്താൽ ഫലം നൂറാവും. എങ്ങനെയെന്നു പറയാമോ?

**6.** മുകളിൽ പറഞ്ഞ അക്കങ്ങൾ വെറും മൂന്നു ചിഹ്നങ്ങൾ ചേർത്തും നൂറാക്കി മാറ്റാം? നിങ്ങൾക്ക് കഴിയുമോ?

**7.** നാലിൽ നിന്ന് നാലു കുറച്ചാൽ ഫലം പൂജ്യമായിരിക്കുമെന്ന് നമുക്കെല്ലാവർക്കും അറിയാം. പക്ഷേ ഒരു സന്ദർഭത്തിൽ ഇത് എട്ടായി മാറും. അതെ 4–4= 8. ഏതാണ് ഈ കുസൃതി നിറഞ്ഞ സന്ദർഭം ?

**8.** രണ്ട് അച്ഛന്മാരും രണ്ട് മക്കളും കൂടി ഒരു മരത്തിന്റെ കീഴിലിരുന്ന് ബ്രേക്ക്ഫാസ്റ്റ് കഴിക്കുകയായിരുന്നു. ആകെ മൂന്ന് മുട്ടകളാണ് അവരുടെ കയ്യിൽ ഉണ്ടായിരുന്നത്. എന്നാൽ ഓരോരുത്തർക്കും ഓരോ മുട്ട കിട്ടുകയും ചെയ്തു. എങ്ങനെ?

**9.** 1984ഫെബ്രുവരി 29 ന് രാജന് ഒരു മകൻ പിറന്നു. 2001 ഫെബ്രുവരി 29 ന് കുട്ടിയുടെ എത്രാം പിറന്നാൾ ആയിരിക്കും ആഘോഷിക്കുന്നത്?

## ഉത്തരങ്ങൾ



**1.** 888+88+8+8+8 = 1000

**2.** ആദ്യത്തെയാൾ 20 രൂപയുടെ നോട്ടാണ് കൊടുത്തത്. രണ്ടാമത്തെയാൾ നൽകിയത് ഒരു രൂപയുടെ 20 നാണയങ്ങളാണ്.

**3** ലഡ്ഡുവിന്റെ എണ്ണം : 28

**4.** ചെയ്തുനോക്കൂ.

**5.** ഉത്തരം ഇതാ
1+2+3+4+5+6+7+(8 x 9) = 100

**6.** ശ്രദ്ധിക്കൂ.
123–45–67+89 = 100

**7.** നാലു മൂലകളുള്ള ഒരു കടലാസിന്റെ അറ്റം വെട്ടി നോക്കൂ. മൂലകൾ എട്ടായി മാറുന്നതു കാണാം.

**8.** ഇവർ യഥാർഥത്തിൽ മൂന്നുപേരെ ഉണ്ടായിരുന്നുള്ളൂ. അച്ഛൻ, മകൻ, മകന്റെ മകൻ, രണ്ടച്ഛന്മാരും രണ്ടു മക്കളും.

**9.** 2001 ഫെബ്രുവരിക്ക് 29 ഇല്ല.

palliyarasreedharan@gmail.com

കവിത

# കുന്നിൽ നിന്ന് കീഴോട്ട്

ജനാർദ്ദനൻ പള്ളിക്കുന്ന്



മുത്താരം കുന്നിൽ നി-
ന്നോടിയിറങ്ങുന്ന
ഇത്തിരിപ്പെണ്ണിന്റെ
ചെപ്പ് കിലുങ്ങുമ്പോ
തെച്ചി ചിരിക്ക്ണ്
സന്ധ്യപോലെ
തുമ്പ ചിരിക്ക്ണ്
പാല് പോലെ!

2

അച്ചാലും മുച്ചാലും
ഓടിക്കളിച്ചിട്ട്
തിത്തിത്തെയ് തുള്ളുന്ന
കുസൃതി മുഴക്കണെ
പൊട്ടിച്ചിരി കര
തട്ടിത്തെറിക്ക്ണ്
മുത്തുപോലെ വെള്ളി
മുത്തുപോലെ!

3

പാവാട ചുറ്റീട്ട്
ആടിക്കുഴഞ്ഞിട്ട്
വെള്ളാരം കല്ല്
പറഞ്ഞിട്ടും കേൾക്കാതെ
കല്ലിൻ കടുപ്പം
തടഞ്ഞിട്ടും നിൽക്കാതെ
പാഞ്ഞങ്ങ് പോകണ
പാൽപ്പുഴച്ചേലിന്റെ
പാട്ടുണ്ട് കേൾക്കണ്
വീണതൻ കമ്പി
മുഴക്കും പോലെ
ഓണപ്പൂത്തുമ്പികൾ
മൂളൂമ്പോലെ!

വര : ബോബി എം പ്രഭ

# നവസ്വർഗം

കൈനകരി ഷാജി



വര: ആശ ആർ

ഉയരത്തിൽ
കാണുന്ന
പനിമതിബിംബത്തെ
പുണരുവാൻ നീട്ടിയ
കൈകളുമായ്

നവയുഗ സങ്കൽപ്പ
ഭംഗികൾ നെയ്തിടും
സുഖദമാം സ്വപ്ന
ശതങ്ങളുമായ്

മഹിയിലെ ജീവിത
മാലിന്യം പുരളാത്ത
മഹിതമാം സന്ദേശ-
വാഹകരായ്

മത ജാതി ഭേദത്തിൽ
മദമത്തരാകാത്ത
മനവുമായ് മുന്നേറും
ബാലകരേ!

ഉദയാർക്കകിരണത്തിൻ
സൗവർണ ശോഭയായ്
ഉണരുന്ന പൂവിന്റെ
സൗരഭമായ്

ലയമായിത്താളമായ്
മഹനീയ സ്നേഹത്തിൻ
മധുമയ സംഗീത
ധാരയായി

കണിയായി മലരായി
കായായിത്തേനൂറും
കനിയായി മാറുന്ന
നിങ്ങൾക്കായി

അണിയായിട്ടണയുന്ന
നാളുകൾ നവ നാകം
പണിയുവാൻ വേണ്ടി
ചെലവഴിക്കൂ!

# സേനാപതി ദ്രോണർ


മഹാത്മാവായ ഭീഷ്മപിതാമഹൻ വീണതുകേട്ട് പൊട്ടിക്കരഞ്ഞുകൊണ്ട് ധൃതരാഷ്ട്രർ സഞ്ജയനോട് ചോദിച്ചു. 'പറയൂ, സഞ്ജയ, എന്റെ മക്കൾ, മനസ്സുകെട്ടവർ, പിന്നീടെന്ത് ചെയ്തു? ഹാ! പിതാമഹൻ ശിഖണ്ഡിയാലും പാണ്ഡവരാലും പടക്കളത്തിൽ വീണു കഴിഞ്ഞല്ലോ! എന്റെ പുത്രന്മാർ ഇനിയെന്തു ചെയ്യാൻ തുടങ്ങുന്നു?'

സഞ്ജയൻ പറഞ്ഞു. 'മഹാരാജൻ, ദേവവ്രതനായ ഭീഷ്മസേനാപതി വീണതോടെ കൗരവപ്പട ആർത്തരും ഭയാകുലരുമായി. ആകാശത്തു നക്ഷത്രങ്ങളില്ലാതായപോലെ, പുഴയിൽ നീരൊഴുക്കു നിലച്ചപോലെ, കൊടുങ്കാറ്റിലുടഞ്ഞ കപ്പൽപോലെ- ഇതുകണ്ട് രാജാക്കന്മാർ കർണനെ ഓർത്തു. പത്തുനാളായി കർണൻ യുദ്ധക്കളത്തിലിറങ്ങിയിട്ടില്ല. 'ഭീഷ്മർ വീണതിനുശേഷമേ ഞാൻ പടക്കളത്തിലിറങ്ങൂ, ഒറ്റത്തേരാൽ ഞാൻ പാണ്ഡവരെ ഒടുക്കും.' എന്ന് പ്രതിജ്ഞചെയ്ത് മാറിനിൽക്കുന്ന കർണനെ കൊണ്ടുവരുവിൻ. അവൻ നമ്മെ മഹാഭയത്തിൽ നിന്ന് കാക്കും. അവർ കൂട്ടമായി കർണന്റെ ശിബിരത്തിലെത്തി 'വന്നാലും' എന്നു ക്ഷണിക്കുകയായി. കണ്ണീരൊലിപ്പിച്ചു നിൽക്കുന്ന അവരോട് കർണൻ പറഞ്ഞു.

'ജീവിതവും ഈ ഭൂമിതന്നെയും അനിത്യമാണെന്നു നിങ്ങൾ കാണുന്നില്ലേ? നിങ്ങളെല്ലാവരുമുള്ളപ്പോൾ എങ്ങനെ സൂര്യതുല്യനായ ഭീഷ്മർ അടർക്കളത്തിൽ വീണു? ഞാൻ വരാം. പാണ്ഡവരെ നശിപ്പിക്കാം. അവരുടെ കൈയാൽ ഞാൻ വീണുപോയെന്നും വരാം. ഇതാ ഞാൻ അവരെ ഉന്മൂലനംചെയ്യാൻ തിരിക്കുന്നു. സൂത, മന്ത്രതീർഥത്തിൽ കുളിപ്പിച്ച് പുഷ്ടിയാർന്ന കുതിരകളെ എന്റെ തേരിൽ ഇണക്കുക, തേരിൽ പൊന്മാലകൾ തൂക്കുക. അനുചരരേ, എന്റെ രത്നങ്ങൾപതിച്ച കനത്ത പൊന്നിൻചട്ട എടുത്തുകൊണ്ടുവരിൻ, സൂര്യനെപ്പോലെ തിളങ്ങുന്ന എന്റെ കിരീടവും തലക്കെട്ടും ഉഗ്രമായ വില്ലും പാമ്പുകൾപോലുള്ള അമ്പുകളുമെല്ലാം വേഗം ഒരുക്കുവിൻ. എന്റെ പൊന്നുകെട്ടിയ ശംഖും വേലും വാളും ഗദയും തേരിൽ വയ്ക്കുക. പൊന്നാനച്ചങ്ങല ചിഹ്നമുള്ളതും താമരപ്പൂനിറമാർന്നതുമായ കൊടി സ്വർണധ്വജത്തിലുയരട്ടെ. ഞാണുകളും ആവനാഴികളും ചട്ടകളും നിറയ്ക്കുക. പെരുമ്പറ മുഴങ്ങട്ടെ!' പടച്ചട്ടയിട്ട് കിരീടഭൂഷാദികളാൽ അലങ്കൃതനായി ആവനാഴിയും പടവില്ലുമേന്തി കുതിച്ചുപായുന്ന അശ്വങ്ങളെപൂട്ടിയ തേരിൽ സൂര്യനെപ്പോലെ വരുന്ന കർണനെ മാറോടണച്ചു പുൽകി ദുര്യോധനൻ പറഞ്ഞു. 'എന്റെ സോദരാ, കർണ, നിന്നാൽ എന്റെ സൈന്യം സനാഥമായിരിക്കുന്നു. നീ യുദ്ധക്കളത്തിലിറങ്ങിയാൽ അതിനർഥം പാണ്ഡവന്മാർ മരിച്ചു എന്നുതന്നെയാണ്.'

കർണൻ പറഞ്ഞു. 'ദുര്യോധന, ദ്രോണാചാര്യരുള്ളപ്പോൾ ഞാൻ സേനാപതിയാകുന്നത് ഉചിതമല്ല. മഹാവീരനും സർവാസ്ത്രശസ്ത്രവിദഗ്ധനും ജ്ഞാനിയുമായ അദ്ദേഹത്തെ സേനാധിപനാക്കിയാലും.'

ദുര്യോധനന്റെ അപേക്ഷ കൈക്കൊണ്ട് ദ്രോണർ സേനാധിപതിയായി അഭിഷിക്തനായി. പെരുംപട ഹർഷാരവം മുഴക്കി. വാദ്യഘോഷങ്ങളും ജയശബ്ദങ്ങളും ശംഖധ്വനികളും ദിക്കെങ്ങും മാറ്റൊലിക്കൊണ്ടു. പൂജചെയ്ത് ശകടവ്യൂഹം ചമച്ച് ശംഖനാദം മുഴക്കിക്കൊണ്ട് ദ്രോണർ പടയ്ക്കിറങ്ങി. ജയാരവങ്ങളും വാദ്യഘോഷങ്ങളും മാറ്റൊലിക്കൊള്ളുന്ന പടനിലത്തേക്ക് അഗ്നിപോലെ തേജസ്വിയായ ദ്രോണാചാര്യരും പൊന്നാനച്ചങ്ങല അടയാളമായുള്ള കൊടിപറപ്പിച്ചും പൊൻചട്ടയിട്ടും കൊടുംവില്ലെടുത്തും ബാലസൂര്യനെപ്പോലെ പ്രഭയാർന്ന് വൻതേരിൽ നിവർന്നു വിളങ്ങി നിൽക്കുന്ന കർണനും പ്രവേശിച്ചപ്പോൾ സേനാപംക്തികളിൽ നിന്ന് ഹർഷാരവമുയർന്നു. പെട്ടെന്ന് പൊടിക്കാറ്റടിച്ചു കത്തുന്ന നീണ്ടവാലുള്ള കൊള്ളിമീൻ കൗരവപ്പട നിൽക്കുന്ന ഭാഗത്തു വന്നുവീണു. ക്രൂരപക്ഷികളുടെയും മൃഗങ്ങളു


വര: ജയേന്ദ്രൻ

ടെയും ആക്രന്ദനം കേൾക്കായി. കഴുകന്മാർ കുരുസേനയ്ക്കു മേൽ വട്ടംചുറ്റിപ്പറന്നു. അപ്പോഴതാ മറുഭാഗത്ത് വെള്ളക്കുതിരകളെ പൂട്ടിയ പള്ളിത്തേരിൽ പ്രസന്നമുഖനായ ശ്രീവാസുദേവൻ കടിഞ്ഞാണേന്തി ഇരുന്നരുളുന്നതും പിന്നിൽ ഗാണ്ഡീവധാരിയായ അർജുനൻ മുഴുതിങ്കൾപോൽ വിളങ്ങിനിൽക്കുന്നതും ദൃശ്യമാവുന്നു. കർണാർജുനന്മാർ ക്രോധംകൊണ്ടു ചുവന്ന കണ്ണുകളാൽ പരസ്പരം നോക്കി.

യുദ്ധം ആരംഭിച്ചു. ദ്രോണരെന്ന മഹാധന്വി ശരവർഷം പൊഴിച്ചുകൊണ്ട് മുന്നോട്ടടുത്തു. അദ്ദേഹത്തോടൊപ്പം വീരാധിവീരനായ കർണനും കൂരമ്പുകൾ എയ്ത് പാണ്ഡവസൈന്യത്തെ കൂട്ടംകൂട്ടമായി വീഴ്ത്തിത്തുടങ്ങി. ദ്രോണരുടെ ദിവ്യാസ്ത്രങ്ങൾക്കു മുന്നിൽ ധൃഷ്ടദ്യുമ്നാദികൾ വിറച്ചുപോയി. അർജുനൻ പടയുടെ രക്ഷയ്ക്കെത്തി കൗരവരുടെ കടന്നുകയറ്റം തടഞ്ഞുനിർത്തി. ഭീഷ്മപതനമോർത്ത് ക്രുദ്ധനായ ദ്രോണർ സിംഹം മൃഗക്കൂട്ടത്തിലെന്നപോലെ പാണ്ഡവസേന പിളർന്നു കടന്നുകയറി കൊള്ളിമീൻപോലെ ചുറ്റുന്നതുകണ്ട് സൈനികർ ഭയാർത്തരായി. അട്ടഹാസങ്ങളും ആർത്തനാദങ്ങളും ഇരമ്പുന്ന രണഭൂമിയിൽവെച്ച് ദ്രോണർ ദുര്യോധനനോടു ചോദിച്ചു. 'ദുര്യോധന, സേനാപതിയെന്ന നിലയിൽ ഞാൻ നിന്റെ എന്തഭീഷ്ടമാണ് സാധിച്ചു തരേണ്ടത്? ചോദിച്ചുകൊള്ളൂ.' (തുടരും)



വര: ആശ ആർ

# കൊറ്റിയോട്

അസുരമംഗലം വിജയകുമാർ

കൊറ്റീ കൊറ്റീ, കണ്ടത്തിൽ
കൊത്താൻ മീനെ കിട്ടാഞ്ഞോ,
കുറ്റിയടിച്ചതുപോലെന്തേ
ഒറ്റക്കാലിൽ നിൽക്കുന്നു?

ചുറ്റിനടന്നു തളർന്നിട്ടോ,
മറ്റേ കാലു കഴച്ചിട്ടോ,
മുട്ടോളം ചെളിവെള്ളത്തിൽ
ക്ഷീണം തീർക്കാൻ നിൽക്കുന്നു?

ചുറ്റുമിരുട്ടു പരക്കുന്നേ,
കൂട്ടിൽ തിരികെ പോകേണ്ടേ,
കൊറ്റീ കൊറ്റീ ചങ്ങാതീ
ഒട്ടു മയങ്ങിപ്പോയോ നീ?



## തളിരിലേക്ക് രചനകൾ ക്ഷണിക്കുന്നു.

പത്തുവയസ്സിനു മുകളിൽ പ്രായമുള്ള കുട്ടികൾക്ക് ഉതകുന്നതും പുതുമയുള്ളതുമായ രചനകൾ ക്ഷണിക്കുന്നു. കഥ, കവിത, ലേഖനം, കാർട്ടൂൺ തുടങ്ങി ഏതു രൂപത്തിലുള്ള രചനകളും ആവാം. യുണിക്കോഡിൽ ടൈപ്പു ചെയ്ത രചനകൾ thaliru@ksicl.org എന്ന ഇമെയിൽ വിലാസത്തിലാണ് അയച്ചുതരേണ്ടത്. തപാലിലും അയയ്ക്കാം. പ്രസിദ്ധീകരിക്കാത്ത രചനകൾ തിരിച്ചയയ്ക്കുന്നതല്ല.

എഡിറ്റർ
തളിര്, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34

# ഇളം തളിര്

ഇളംതളിരിലേക്ക്
രചനകൾ അയയ്ക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.

## പ്രിയപ്പെട്ട അമ്മയ്ക്ക്

**ധ്യാൻചന്ദ്, ക്ലാസ് 7,**
**ജി എം യു പി എസ് വേളൂർ,**
**അത്തോളി**

ഒരു നട്ടുച്ചനേരം. അയാൾ തെരുവിന്റെ മധ്യഭാഗത്തുകൂടെ നടന്നുപോകുകയാണ്. കണ്ടാലറിയാം വളരെ ക്ഷീണിതനാണെന്ന്. അയാൾ എത്തേണ്ട സ്ഥലത്ത് എത്തിയിരിക്കുന്നു. കർമി പറഞ്ഞു. ''ഇനി ആ ആത്മാവിനെ വിചാരിച്ച് ബലിയർപ്പിച്ചോളൂ.'' അയാൾ വിറയ്ക്കുന്ന കൈകളോടെ ഉരുളയായി ബലിയർപ്പിച്ചു. ''ഇനി ആത്മാവിനെ മനസ്സിൽ ധ്യാനിച്ച് ചിതാഭസ്മം മെല്ലെ ഒഴുക്കിവിട്ടോളൂ.'' അയാൾ ചിതാഭസ്മം മെല്ലെ ഒഴുക്കിവിട്ടു. അതിനെ തിരമാലകൾ തട്ടിപ്പറിച്ച് കൊണ്ടുപോയി.

അയാൾ വീണ്ടും നടക്കാനാരംഭിച്ചു. കണ്ണുകൾ ചുവന്നിരിക്കുന്നു. കണ്ണുകളെ കണ്ണീർത്തുള്ളികൾ പൊതിഞ്ഞിരിക്കുന്നു. ഇനിയെന്തെന്നറിയാതെ അയാൾ വീട്ടിലേക്കു മടങ്ങി. ഇന്നലെ നടന്ന അന്ത്യവിശ്രമച്ചടങ്ങുകളുടെ പൂക്കളും മണവും ആ വീട്ടിൽ അയാളെ തഴുകുകയായിരുന്നു. വീട്ടിന്റെ വരാന്തയിൽ ഒരു സ്ത്രീ അയാളെ കാത്തിരുന്നതുപോലെ അയാളുടെ നേർക്ക് വന്നു. എന്നിട്ട് ചോദിച്ചു. ''നിങ്ങളത് ചെയ്തോ?'' ശ്വാസം നിലയ്ക്കാൻ പോകുന്നു എന്ന ഭാവത്തോടെ പതുങ്ങിയ ശബ്ദത്തിൽ അയാൾ പറഞ്ഞു. ''ഉം''. ആ സ്ത്രീയുടെ കണ്ണിൽ നിന്ന് കണ്ണീർത്തുള്ളികൾ മെല്ലെമെല്ലെ മണ്ണിലേക്കു വീണു.

സ്ത്രീ മുറിയിലേക്കു കടന്നുപോയി. ഒരു പഴകിയ അലമാരയിൽ നിന്ന് പൊടിപിടിച്ച് കിടന്നിരുന്ന തന്റെ മകന്റെ പട്ടാളവേഷം വിറച്ചുകൊണ്ടിരിക്കുന്ന കൈകൾകൊണ്ട് പതുക്കെ എടുത്ത് മാറോടടുപ്പിച്ചു. പുറത്തെ കിളികളുടെ ചിലയ്ക്കൽ ഒഴിച്ചാൽ ആ വീട് നിശ്ശബ്ദമായിരുന്നു.



വര: ഗോപു പട്ടിത്തറ

പെട്ടെന്ന് സൈക്കിളിന്റെ ബെല്ലോടുകൂടി ഒരു പോസ്റ്റുമാൻ വന്നു. എന്നിട്ട് ഉറക്കെ വിളിച്ചു. ''ജാനകിയമ്മയ്ക്കൊരു കത്തുണ്ട്. ഇവിടെ ഒപ്പിടൂ.'' പോസ്റ്റുമാൻ പറഞ്ഞത് യാന്ത്രികമായി അനുസരിച്ചുകൊണ്ട് അവർ ഒപ്പിട്ടു. അടുത്ത വീട് തേടി പോസ്റ്റുമാൻ പോയി. ഇടറിയ ശബ്ദത്തോടെ ആ സ്ത്രീ കത്തുവായിച്ചു. ''പ്രിയപ്പെട്ട അമ്മയ്ക്ക്...''

ഇളം തളിര്

# കാടിനു നടുവിലൊരുവീട്....

**(അചൽ തേജ് കൃഷ്ണൻ എന്ന അഞ്ചാം ക്ലാസ്സുകാരൻ കാടിനെയും പരിസ്ഥിതിയേയും കുറിച്ച് ജൈവകർഷകനായ ശ്രീ കെ വി ദയാലുമായി നടത്തിയ അഭിമുഖത്തിൽ നിന്നും)**

ആലപ്പുഴ കായിപ്പുറം കവലയോട് ചേർന്നാണ് ദയാലിന്റെ വീട്. പൂഴിമണൽ കാടാക്കി മാറ്റിയ ബഹുമാന്യനായ ഈ കർഷകന്റെ വീടിനു ചുറ്റും പലതരം മരങ്ങളുണ്ട്. വേപ്പും നാരകവും പേരയ്ക്കായും പപ്പായയും 'പ്രോട്ടീൻ കായ്ക്കുന്ന' പീനട്ട് ബട്ടറും ഈ കാടിന്റെ സവിശേഷതയാണ്. കാടിനെയും പരിസ്ഥിതിയേയും കുറിച്ച് കെ വി ദയാൽ സംസാരിക്കുന്നു.

**ആലപ്പുഴയിൽ വർഷങ്ങൾക്കു മുമ്പേ കാടുണ്ടായിരുന്നോ?**

കാടേയില്ലായിരുന്നു. പുല്ലുപോലുമുണ്ടായിരുന്നില്ല. എല്ലാം ഞാൻ നട്ടുനനച്ച് പിടിപ്പിച്ചതാണ്. ഇപ്പോൾ 23 വർഷം കഴിഞ്ഞു. ഈ കാട്ടിൽ കീരിയും ഉടുമ്പും പാമ്പും അണ്ണാനും പക്ഷികളുമൊക്കെയുണ്ടാകും. പാമ്പിനെ കാണാൻ പറ്റില്ല. കാട്ടിലെവിടെയെങ്കിലും ഒളിച്ചിരിക്കും. സന്ധ്യയാവുമ്പോൾ അവർ ഭക്ഷണം തേടിയിറങ്ങും. സന്ധ്യ കഴിഞ്ഞാൽ അവരുടെ ലോകമാണ്. അതുകൊണ്ട് നേരമിരുട്ടി പുറത്തിറങ്ങുമ്പോൾ കൈയിലൊരു ടോർച്ച് കരുതണം. വെളിച്ചം തെളിച്ചേ നടക്കാവൂ. പാമ്പുകളിൽ ചെറിയ ഇനങ്ങൾ വലിയ ഇനങ്ങളുടെ കുഞ്ഞുങ്ങളെ തിന്ന് വിശപ്പു തീർക്കും. മഞ്ഞച്ചേര പാവമാണെങ്കിലും മൂർഖന്റെ കുഞ്ഞുങ്ങളെ വരെ തിന്നുകളയും.



**കാട്ടിൽ ചെടികൾ എങ്ങനെയാണ് വളർന്നുവരുന്നത്?**

സസ്യങ്ങൾ കാട്ടിൽ പെരുകുന്നതിന് മൂന്നു ഘട്ടങ്ങളുണ്ട്. ആദ്യം പുല്ലുകൾ മുളയ്ക്കും. തുടർന്ന് കുറ്റിച്ചെടികൾ വളരും. അവസാനമാണ് മരങ്ങൾ വേരുപിടിക്കുന്നത്. ഒരു കരിമ്പാറ മണ്ണായി മാറാൻ ചിലപ്പോൾ അഞ്ഞൂറു വർഷങ്ങൾ വേണ്ടിവരും. മനുഷ്യബുദ്ധി സഹായിച്ചാൽ അതിന് കുറച്ചു വർഷങ്ങൾ മതിയാകും. ആദ്യം ചാണകം

കുഴമ്പുരൂപത്തിലാക്കി തളിച്ച് മുകളിൽ അല്പം മണ്ണ് വിതറണം. നാലഞ്ചു വർഷം കഴിഞ്ഞ് ചെന്നുനോക്കിയാൽ അവിടെ പാറയ്ക്കു പകരം കാണുക ഫലഭൂയിഷ്ഠമായ മണ്ണായിരിക്കും. ചാണകത്തിലുള്ള സൂക്ഷ്മജീവികൾ മണ്ണിൽ പ്രവർത്തിച്ചാണ് ഇത് സംഭവിക്കുന്നത്.

**എത്ര ദിവസമെടുത്താണ് വീടിനു ചുറ്റും ഇങ്ങനെയൊരു കാട് വളർത്തിയെടുത്തത്?**

ആദ്യമെനിക്ക് കാട് വളർത്താനൊന്നും അറിയില്ലായിരുന്നു. പ്രകൃതിയെ നിരീക്ഷിച്ച് പഠിച്ചെടുത്തതാണ്. ഈ അറിവുകളൊക്കെ ഉണ്ടാക്കിയെടുക്കാനായി കുറെയധികം വർഷങ്ങളെടുത്തു. ഇപ്പോൾ ഈ പാഠശാലയിലെത്തുന്ന കുഞ്ഞുങ്ങൾക്ക് വളരെ എളുപ്പത്തിൽ വീടിനു ചുറ്റും കാവുപോലെ ഒരു കൊച്ചുകാട് വളർത്തിയെടുക്കാം. കാൽനൂറ്റാണ്ടുകൊണ്ട് ചെയ്ത കാര്യം ഇന്നെനിക്ക് എട്ടുവർഷം കൊണ്ട് പൂർത്തിയാക്കാം. ടെക്നോളജി ഉപയോഗിച്ചാൽ നാലു വർഷംകൊണ്ട് ഇത്തരം കാട് സൃഷ്ടിക്കാം.

**അതൊന്നു വിശദീകരിക്കാമോ?**

കാട്ടിൽ സസ്യങ്ങളുടെ ഇലകളും തണ്ടും തടിയുമൊക്കെ പൊടിഞ്ഞുചേർന്നാണല്ലോ നല്ല കറുത്ത മണ്ണുണ്ടാകുന്നത്. ഒരു മരം വേരറ്റ് വീണാൽ ചിതലുകളും മറ്റും കൂട്ടം ചേർന്നതിനെ മണ്ണിന്റെ ഭാഗമാക്കും. സൂക്ഷ്മജീവികൾ പ്രവർത്തിച്ച് പോഷകസംപുഷ്ടമാക്കും. ഇലകളൊക്കെ ചെറുതായി നുറുക്കിയിട്ട് നാടൻപശുവിന്റെ ചാണകവും മൂത്രവുമൊക്കെ ചേർത്ത ലായനിയിൽ മുക്കിയിട്ട് പിറ്റേന്നെടുത്ത് മണ്ണുമായി കലർത്തിയാൽ വേഗം മേൽമണ്ണ് രൂപപ്പെടും. യന്ത്രങ്ങളൊക്കെ ഉപയോഗിച്ച് കൂറ്റൻമരങ്ങൾ പോലും പൊടിച്ച് മണ്ണിൽ ചേർത്ത് മരങ്ങൾ നട്ടുപിടിപ്പിക്കാൻ അധികകാലമൊന്നും വേണ്ടിവരില്ല. ജെ സി ബി വാങ്ങാൻ വാശിപിടിക്കുന്നവരെ നാം തിരുത്തണം. കുന്നിടിക്കുന്നതു കണ്ട് വളരുന്ന കുട്ടികൾക്ക് കുന്നുകളാണ് പ്രകൃതിയുടെ വലിയ ജലസംഭരണികളെന്ന് നാം പറഞ്ഞുകൊടുക്കണം.


പൂഴിമണൽ കാടാക്കി മാറ്റിയ കെ വി ദയാൽ


കെ വി ദയാൽ

**ജീവികൾക്ക് വംശനാശം വരുന്നത് തടയാൻ നമുക്കെന്തൊക്കെ ചെയ്യാൻ സാധിക്കും?**

പുല്ലും പുൽച്ചാടിയും തവളയും പാമ്പുമൊക്കെയുക്കെയുള്ള ആഹാരശൃംഖല മുറിഞ്ഞുപോകാതെ കാത്തുസൂക്ഷിക്കണം. കാട്ടിലാണ് പ്രകൃതിയുടെ നിയമങ്ങൾ തെറ്റിക്കാതെ ജീവികൾ സഹകരിച്ചു വളരുന്നത്. സിംഹം, കടുവ, പുലി എന്നിവ മാംസഭുക്കുകളും, കാട്ടി, മാൻ, പന്നി, മുയൽ എന്നിവയൊക്കെ സസ്യഭുക്കുകളുമാണ്. വിശപ്പിനു മാത്രമേ മാംസഭുക്കുകൾ സഹജീവികളെ കൊല്ലൂ. അമ്മയാവാൻ പോകുന്ന ഒരു മാനിനെ ഒരിക്കലും കടുവ പിടിച്ചുതിന്നില്ല. മാൻകുഞ്ഞിനേയും കുരങ്ങുകളേയുമൊക്കെ വിശപ്പുമാറിയ കടുവകൾ കളിക്കാൻ കൂടെ കൂട്ടുന്നതുപോലും കാണാം. പിറന്നുകിടക്കുന്ന മുയൽക്കുട്ടികളെ ചെന്നായ കടിച്ചു കൊല്ലില്ല. എന്നാൽ ചെന്നായയേക്കാൾ ക്രൂരന്മാരാണ് മനുഷ്യർ. മത്തിക്കുഞ്ഞുങ്ങളേയും അയലക്കുഞ്ഞുങ്ങളേയും വലിപ്പം നോക്കാതെ വലയിട്ടു പിടിച്ച് കൂട്ടത്തോടെ തിന്നുതീർക്കും.

49

## വിവിധ ജില്ലകളിൽ നടന്ന
# സർഗവസന്തം
## അവധിക്കാല ക്യാമ്പുകൾ

സർഗവസന്തം 2019

# കഥാക്യാമ്പ്

### എല്ലാ വീടുകളിലും പുസ്തകങ്ങളുണ്ടായ കാലം ഓർമയാകുന്നു - ടി പത്മനാഭൻ



കഥാക്യാമ്പ് മലയാളത്തിന്റെ പ്രിയ കഥാകാരൻ ശ്രീ ടി പത്മനാഭൻ ഉദ്ഘാടനം ചെയ്യുന്നു.

ഗ്രാമത്തിലെ എല്ലാ വീടുകളിലും പുസ്തകങ്ങളുണ്ടായിരുന്ന കാലം ഓർമ മാത്രമായിക്കൊണ്ടിരിക്കുകയാണെന്ന് പ്രശസ്ത കഥാകൃത്ത് ടി പത്മനാഭൻ. അത്തരം സാഹചര്യം പുതുതലമുറയ്ക്ക് അന്യമാവുകയാണെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ സർഗവസന്തം കഥാക്യാമ്പ് പറശ്ശിനിക്കടവ് കണ്ണൂർ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് കോ– ഓപ്പറേറ്റീവ് മാനേജ്മെന്റിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു ടി പത്മനാഭൻ. സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ അധ്യക്ഷത വഹിച്ചു.

വായന എത്രമാത്രം മഹത്തരമായൊരു ശീലമാണെന്ന് കുട്ടികളുമായുള്ള മുഖാമുഖത്തിൽ ടി പത്മനാഭൻ ഓർമിപ്പിച്ചു. എഴുതിയതെല്ലാം പച്ചയായ അനുഭവങ്ങളാണ്. വായനയാണ് തന്നെ എഴുത്തുകാരനാക്കിയത്. വായനപോലെ ജീവിതത്തെ വലുതാക്കുന്ന മറ്റൊന്ന് ഈ ലോകത്തില്ലെന്ന് ടി പത്മനാഭൻ കുട്ടികളോടു പറഞ്ഞു.

ചടങ്ങിൽ പയ്യന്നൂർ കുഞ്ഞിരാമൻ സ്വാഗതവും ഇൻസ്റ്റിറ്റ്യൂട്ട് എഡിറ്റോറിയൽ അസിസ്റ്റന്റ് ഗായത്രീദേവി നന്ദിയും പറഞ്ഞു

പ്രൊഫ. ബി. മുഹമ്മദ് അഹമ്മദ്, അഴീക്കോടൻ ചന്ദ്രൻ, പയ്യന്നൂർ കുഞ്ഞിരാമൻ, എന്നിവർ സംസാരിച്ചു.

കെ പി രാമനുണ്ണി, നാരായണൻ കാവുമ്പായി, ടി പി വേണുഗോപാലൻ, കെ പി സുധീര, ഹരിദാസ് കരിവെള്ളൂർ, ജിനേഷ് കുമാർ എരമം എന്നിവർ കഥയുടെ വിവിധതലങ്ങൾ വിശദീകരിച്ചു. രചനകളിലെ വൈവിധ്യം കൊണ്ട് ശ്രദ്ധേയമായിരുന്നു ക്യാമ്പിൽ കുട്ടികൾ അവതരിപ്പിച്ച രചനകൾ. വർത്തമാന കാലത്തിന്റെ പൊള്ളുന്ന അനുഭവങ്ങൾ കോറിയിട്ടതായിരുന്നു അവയിലേറെയും. അമ്മയെ ഗൂഗിളിൽ തിരയുന്ന കുട്ടിയുടെ ദൈന്യംപോലും കുട്ടികൾ കഥയിലൂടെ വരച്ചുകാട്ടി. കുട്ടികളുടെ ഇടപെടലും ചർച്ചയും കൊണ്ട് ക്യാമ്പ് വളരെ സജീവമായിരുന്നു.

# ചിത്രരചനാക്യാമ്പ്

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മൂന്നുനാൾ നീണ്ടുനിന്ന ചിത്രരചനാ ശില്പശാല പടന്നക്കാട് കാർഷിക കോളജിൽ നടന്നു. വിവിധ ജില്ലകളിൽ നിന്നും തിരഞ്ഞെടുത്ത 40 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. പടന്നക്കാട് കാർഷിക കോളജ് എൻഡമോളജി പ്രൊഫ. ഡോ. കെ എം ശ്രീകുമാർ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ അധ്യക്ഷത വഹിച്ചു. ക്യാമ്പ് ഡയറക്ടർ കാരയ്ക്കാമണ്ഡപം വിജയകുമാർ, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗങ്ങളായ വാസു ചോറോട്, പയ്യന്നൂർ കുഞ്ഞിരാമൻ, ഡോ. കെ ജി സംഗീത, പി വി കവിത എന്നിവർ സംസാരിച്ചു. പ്രമോദ് കൂരമ്പാല, ടി കെ സുജിത്, എ കെ ഗോപീദാസ്, പ്രൊഫ. വി ജയചന്ദ്രൻ, ശ്യാമ ശശി, രവീന്ദ്രൻ തൃക്കരിപ്പൂർ, ഉണ്ണി കാനായി, രാജേന്ദ്രൻ പുല്ലൂർ, സചീന്ദ്രൻ കാറഡുക്ക എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസെടുത്തു. കാർട്ടൂൺ, രേഖാചിത്രം, പോസ്റ്റർ രചന, സ്റ്റിൽ ലൈഫ് ചിത്രീകരണം, ശില്പനിർമാണം, ജലച്ഛായ രചന, പെയിന്റിങ് തുടങ്ങി ചിത്രകലയുടെ വിവിധ മേഖലകളിൽ പ്രായോഗിക പരിശീലനം നൽകി. ദി ഡിവൈൻ മൈക്കലാഞ്ചലോ, ലിയാനാർഡോ എന്നീ ചലച്ചിത്രങ്ങൾ പ്രദർശിപ്പിച്ചു.




ചിത്രരചനാക്യാമ്പ് പടന്നക്കാട് കാർഷിക കോളജ് എൻഡമോളജി പ്രൊഫ. ഡോ. കെ എം ശ്രീകുമാർ ഉദ്ഘാടനം ചെയ്യുന്നു.



# ശാസ്ത്രക്യാമ്പ്

## മലയാളികളായ ശാസ്ത്രജ്ഞരെക്കുറിച്ച് കുട്ടികൾ അറിയണം - ഡോ. ബി ഇക്ബാൽ




ശാസ്ത്രക്യാമ്പ് ഡോ. ബി ഇക്ബാൽ ഉദ്ഘാടനം ചെയ്യുന്നു.

മലയാളികളായ ശാസ്ത്രജ്ഞരെ കുട്ടികൾ പരിചയപ്പെടണമെന്ന് ഡോ. ബി ഇക്ബാൽ. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ സർഗവസന്തം ശാസ്ത്രക്യാമ്പ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ശാസ്ത്രമുന്നേറ്റങ്ങൾക്ക് ഏറ്റവും പ്രാധാന്യം നൽകിയ ഒരു സമൂഹമായിരുന്നു നമ്മുടേത്. നവോത്ഥാനനായകനായ സഹോദരൻ അയ്യപ്പൻ സയൻസ് ദശകം എന്ന ശാസ്ത്രകവിത രചിച്ച നാടു കൂടിയാണിത്. ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയായ ജവഹർലാൽനെഹ്റുവാണ് ശാസ്ത്രീയമനോഭാവം എന്നർഥം വരുന്ന സയന്റിഫിക്

ടെംപറമെന്റ് എന്ന വാക്ക് ആദ്യമായി ഉപയോഗിച്ചത്. പിന്നീടത് ഭരണഘടനയുടെ ഭാഗമായി.

ശാസ്ത്രതത്പരതയും മാനവികതയും വളർത്തുക എന്നത് ഭരണഘടനാപരമായ ചുമതലയാണിന്ന്. ഈ ബോധ്യത്തോടുകൂടി വേണം കുട്ടികൾ ശാസ്ത്രം പഠിക്കാൻ, അദ്ദേഹം പറഞ്ഞു. തിരുവനന്തപുരം കോവളം അനിമേഷൻ സെന്ററിൽ നടന്ന ഉദ്ഘാടനച്ചടങ്ങിൽ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ അധ്യക്ഷനായിരുന്നു. സാംസ്കാരിക ഉന്നത സമിതി സെക്രട്ടറി പ്രഭാകരൻ പഴശ്ശി, ഭരണസമിതി അംഗം ജി രാധാകൃഷ്ണൻ, സബ് എഡിറ്റർ ജെ എൻ സെലിൻ എന്നിവർ സംസാരിച്ചു. മൂന്നു ദിവസം നീണ്ടുനിന്ന ക്യാമ്പിൽ അൻപതോളം കുട്ടികൾ പങ്കെടുത്തു.

നമുക്കു ചുറ്റുമുള്ള സയൻസ് എന്ന വിഷയത്തിൽ പ്രൊഫ. സി പി അരവിന്ദാക്ഷനും ശാസ്ത്രപഠനം ഗൂഗിൾ കാലഘട്ടത്തിൽ എന്ന വിഷയത്തിൽ ഡോ. അച്യുത് ശങ്കർ എസ് നായരും കുട്ടികളും ആരോഗ്യവും എന്ന വിഷയത്തിൽ ഡോ. ബി പത്മകുമാറും ക്ലാസുകൾ നയിച്ചു. ശാസ്ത്രപരീക്ഷണങ്ങൾക്ക് ശരത് പ്രഭാവ്, അശ്വതി ആർ എസ്, അനിരുദ്ധ് വി എൽ എന്നിവർ നേതൃത്വം നൽകി. ക്യാമ്പിന്റെ ഭാഗമായി കുട്ടികൾ ശാസ്ത്രസാങ്കേതിക മ്യൂസിയം സന്ദർശിച്ചു. വാനനിരീക്ഷണവും നടത്തി.



ദിവ്യ ചന്ദ്രനും ആർഷ എൻ എസ്സിനും ഇൻസ്റ്റിറ്റ്യൂട്ട് വക ഉപഹാരം ഡയറക്ടർ സമ്മാനിക്കുന്നു.

ഇക്കഴിഞ്ഞ സിവിൽ സർവീസ് പരീക്ഷയിൽ ഉന്നതവിജയം നേടിയ ദിവ്യ ചന്ദ്രനും ആർഷ എൻ എസും ക്യാമ്പിൽ കുട്ടികളുമായി സംവദിച്ചു. മറ്റ് ഏതൊരു പരീക്ഷയും പോലെ തന്നെയാണ് സിവിൽ സർവീസ് പരീക്ഷയും. പക്ഷേ തിരഞ്ഞെടുക്കപ്പെടുന്നവരുടെ എണ്ണം കുറവായതിനാൽ കൂടുതൽ ആഴത്തിലുള്ള പഠനം ആവശ്യമാണ്. കുട്ടികൾക്കിടയിലേക്കിറങ്ങി അവർ സംശയങ്ങൾക്കു മറുപടി പറഞ്ഞു. ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ ഇരുവർക്കും ഉപഹാരങ്ങൾ നൽകി ആദരിച്ചു.

# പരിസ്ഥിതിക്യാമ്പ്



ബീറ്റ് ഫോറസ്റ്റ് ഓഫീസർ ശ്രീമതി കവിത പി ആർ പരിസ്ഥിതി ക്യാമ്പിൽ കുട്ടികളുമായി സംവദിക്കുന്നു.

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മൂന്ന് ദിവസം നീണ്ടുനിന്ന പരിസ്ഥിതിക്യാമ്പ് പെരിയാർ ടൈഗർ റിസർവ്, വള്ളക്കടവ് വച്ചു നടന്നു. വിവിധ ജില്ലകളിൽ നിന്നെത്തിയ 47 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായ കവിത പി ആർ, രശ്മി എസ് പി, രജിൻ ആർ വി തുടങ്ങിയവർ പെരിയാർ കടുവാസങ്കേതത്തെക്കുറിച്ച് കുട്ടികളോട് സംസാരിച്ചു. കടുവകളെക്കുറിച്ചുള്ള ഡോക്യുമെന്റേഷൻ പ്രദർശനവും പെരിയാർ കടുവാ സങ്കേതത്തിലെ പരിസ്ഥിതി വ്യതിയാനത്തെക്കുറിച്ചുള്ള വീഡിയോ കാഴ്ചകളും കുട്ടികൾക്ക് അനുഭവമായി. തുടർന്നു നടന്ന വനയാത്രയും മ്യൂസിയം സന്ദർശനവും കുട്ടികളിൽ ഏറെ ആഹ്ലാദം പകർന്നു. മാനംമുട്ടി മലമുകളിലേക്ക് നടന്ന ട്രക്കിങ് കുട്ടികൾക്ക് മറക്കാനാവാത്ത അനുഭവമായി. പ്രളയകാലത്ത് ഏറ്റവും ശ്രദ്ധാകേന്ദ്രമായിരുന്ന മുല്ലപ്പെരിയാർ അണക്കെട്ട് മലമുകളിൽ നിന്നും വ്യക്തമായി കുട്ടികൾ കണ്ടു. ക്യാമ്പവലോകനവും സർട്ടിഫിക്കറ്റുവിതരണത്തോടും കൂടി ക്യാമ്പ് സമാപിച്ചു. ചടങ്ങിൽ ഇൻസ്റ്റിറ്റ്യൂട്ട് എഡിറ്റോറിയൽ അസിസ്റ്റന്റ് ചിത്ര നന്ദി പറഞ്ഞു.

# ഗണിതക്യാമ്പ്



കോട്ടയം ജില്ലാ കളക്ടർ ശ്രീ പി.കെ സുധീർ ബാബു ഐ എ എസ് ഗണിത ക്യാമ്പ് ഉദ്ഘാടനം ചെയ്യുന്നു.

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാന തലത്തിൽ കുട്ടികൾക്ക് വേണ്ടി നടത്തുന്ന സർഗവസന്തം ഗണിത ക്യാമ്പ് കോട്ടയം ജില്ലയിലെ തെള്ളകം ചൈതന്യ പാസ്റ്റർ സെന്ററിൽ വച്ച് നടന്നു. കോട്ടയം ജില്ലാ കളക്ടർ പി.കെ സുധീർ ബാബു ഐ എ എസ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. മറ്റ് ക്യാമ്പുകളിൽ നിന്നും വ്യത്യസ്ത സ്വഭാവമുള്ളതാണ് ഗണിത ക്യാമ്പെന്നും ഗണിതത്തിൽ താത്പര്യമില്ലാത്തവർക്ക് പോലും താത്പര്യം ജനിപ്പിക്കാൻ ഇത്തരം ക്യാമ്പുകൾക്ക് കഴിയുമെന്നും കഴിഞ്ഞ തലമുറകൾക്ക് ലഭിക്കാതെ പോയ അനുഗ്രഹമാണ് ഇത്തരം ക്യാമ്പുകളെന്നും ക്യാമ്പ് ഉദ്ഘാടനം ചെയ്തു കൊണ്ട് കളക്ടർ സുധീർ ബാബു പറഞ്ഞു.

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ അധ്യക്ഷനായ ചടങ്ങിൽ ഇൻസ്റ്റിറ്റ്യൂട്ട് മുൻ ഡയറക്ടറായ പോൾ മണലിൽ, ഇൻസ്റ്റിറ്റ്യൂട്ട് ഭരണ സമിതി അംഗങ്ങളായ സെബാസ്റ്റ്യൻ പള്ളിത്തോട്, രാജേഷ് വള്ളിക്കോട്, ഇൻസ്റ്റിറ്റ്യൂട്ട് ഡോക്യുമെന്റേഷൻ ഓഫീസർ ഉല്ലാസ് സി ജി തുടങ്ങിയവർ സംസാരിച്ചു.

ഡോ. സി.ജെ റോയ് രചിച്ച 'കുറ്റിപ്പുഴ കൃഷ്ണപ്പിള്ള' എന്ന പുസ്തകം ഡോ. പോൾ മണലിന് നൽകി കളക്ടർ സുധീർ ബാബു പ്രകാശനം ചെയ്തു. ഡോ.സുനിൽ കുമാർ ആർ (പ്രൊഫസർ, ബി. ജെ.എം. കോളജ്, ചവറ,കൊല്ലം) ആയിരുന്നു ക്യാമ്പ് ഡയറക്ടർ. ഗണിതശാസ്ത്രത്തിലെ പ്രഗത്ഭരായ വ്യക്തികൾ ക്ലാസ്സുകൾ നയിച്ചു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറും ഗണിതശാസ്ത്രത്തിൽ നൂറ്റിയമ്പതോളം പുസ്തകങ്ങളുടെ രചയിതാവുമായ ശ്രീ പള്ളിയറ ശ്രീധരൻ കുട്ടികളുമായി മുഖാമുഖം നടത്തി. ഗണിതശാസ്ത്ര സമസ്യകൾക്ക് അതിവേഗം ഉത്തരം കണ്ടെത്തുന്ന മാസ്റ്റർ കാർത്തിക് കുട്ടികൾക്ക് ക്ലാസെടുത്തു. ശ്രീനിവാസ രാമാനുജന്റെ ജീവചരിത്രത്തെ ആസ്പദമാക്കി നിർമിച്ച 'ദ മാൻ ഹു ന്യൂ ഇൻഫിനിറ്റി' എന്ന സിനിമ ക്യാമ്പിൽ പ്രദർശിപ്പിച്ചു.

# കവിതാക്യാമ്പ്



കവിതാക്യാമ്പ് കവി ശ്രീ കുരീപ്പുഴ ശ്രീകുമാർ തളിര് മാസിക കുട്ടികൾക്കു നൽകികൊണ്ട് ഉദ്ഘാടനം ചെയ്യുന്നു.

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സർഗവസന്തം കവിതാക്യാമ്പ് കൊല്ലം ജില്ലയിലെ പെരുങ്ങാലം മാർത്തോമാ ധ്യാനതീരത്തിൽ സംഘടിപ്പിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ അധ്യക്ഷനായ ചടങ്ങ് കവി കുരീപ്പുഴ ശ്രീകുമാർ ഉദ്ഘാടനം ചെയ്തു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗം സെബാസ്റ്റ്യൻ പള്ളിത്തോട് സ്വാഗതം പറഞ്ഞു. മുൻ ഭരണസമിതി അംഗം എബി

പാപ്പച്ചൻ, മാർത്തോമാ ധ്യാന തീരം ഡയറക്ടർ റവ.മാത്യു കെ എം എന്നിവർ ആശംസയർപ്പിച്ചു.

ക്യാമ്പിന്റെ ഭാഗമായി കുട്ടികൾ പ്രിയ കവി ഡി വിനയചന്ദ്രൻ മാഷിന്റെ ഓർമ്മയിൽ മാഷിന്റെ സ്മൃതിമണ്ഡപം സ്ഥിതി ചെയ്യുന്ന പടിഞ്ഞാറേ കല്ലടയിലെ അദ്ദേഹത്തിന്റെ വീടായ വിനയചന്ദ്രിക സന്ദർശിച്ചു. അഷ്ടമുടിക്കായലിലെ ഓളപ്പരപ്പിലൂടെ ബോട്ടുയാത്ര ചെയ്ത് അവിടെ എത്തിയ കുട്ടികൾ മാഷിന്റെ കവിതകൾ ചൊല്ലിയും ഏറ്റുചൊല്ലിയും അവിടെ കുറച്ചു സമയം ചില വഴിച്ചു. ശേഷം അവിടെ ലൈബ്രറിയിൽ ചേർന്ന യോഗത്തിൽ മാഷിനെക്കുറിച്ചെഴുതിയ കവിതകൾ സുഹൃത്തുക്കൾ ആലപിച്ചു.

വിനോദ് വൈശാഖി ആയിരുന്നു ക്യാമ്പ് ഡയറക്ടർ. സിപ്പി പള്ളിപ്പുറം, സാബു കോട്ടുക്കൽ, വി എസ് ബിന്ദു, പ്രൊഫ. എ ജി ഒലീന, ഡോ. സി ഉണ്ണിക്കൃഷ്ണൻ, ഡോ. സിന്ധു ജി ആർ, യുവ കവി ഡി അനിൽകുമാർ എന്നിവർ വിവിധ വിഷയങ്ങളിൽ കുട്ടികളുമായി സംവദിച്ചു.

നാടൻപാട്ട് കലാകാരൻ ജയചന്ദ്രൻ കടമ്പനാട് കുട്ടികൾക്കായി നാടൻപാട്ട് അവതരിപ്പിച്ചു. മൂന്നാം ദിവസം നടന്ന സമാപന സമ്മേളനത്തിൽ പങ്കെടുത്ത എല്ലാ കുട്ടികൾക്കും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

# ചരിത്ര ക്യാമ്പ്

## കുട്ടികളുടെ കൈയിൽനിന്നും മൊബൈൽ ഫോണുകൾ മാറ്റി ബൈനോക്കുലർ നൽകണം. പ്രകൃതിയെ അറിയാൻ അതു സഹായിക്കും - ഡോ. കെ മുഹമ്മദ് ബഷീർ






ചരിത്രക്യാമ്പ് കാലിക്കറ്റ് സർവകലാശാല വൈസ് ചാൻസലർ
ഡോ. മുഹമ്മദ് ബഷീർ ഉദ്ഘാടനം ചെയ്യുന്നു.

കുട്ടികളുടെ കൈയിൽനിന്നും മൊബൈൽ ഫോണുകൾ മാറ്റി ബൈനോക്കുലർ നൽകണമെന്ന് കാലിക്കറ്റ് സർവകലാശാല വൈസ് ചാൻസലർ ഡോ. മുഹമ്മദ് ബഷീർ പറഞ്ഞു. കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് കുട്ടികൾക്കായി സംഘടിപ്പിച്ച സർഗവസന്തം ചരിത്രക്യാമ്പ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ചുറ്റുമുള്ളവരുടെ പ്രശ്നം തിരിച്ചറിയാൻ കഴിയുന്നത് കുട്ടികൾക്കാണ്. കുട്ടികളെ അവരുടെ അഭിരുചിക്കനുസരിച്ച് വളർത്തിയില്ലെങ്കിൽ പല പ്രതിഭകളെയും നമുക്ക് നഷ്ടപ്പെടും. കുട്ടികൾ പ്രായമേറിയവരുമായി സംസാരിച്ച് അവരുടെ പഴയ കാലത്തെക്കുറിച്ചു കുറിച്ചുവയ്ക്കണം. ഇത് ഒരു ചരിത്രരചനയാണ്. അദ്ദേഹം പറഞ്ഞു. ചടങ്ങിൽ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.

ഡയറക്ടർ പള്ളിയറ ശ്രീധരൻ അധ്യക്ഷനായിരുന്നു. മലയാള സർവകലാശാല ചരിത്രവിഭാഗം മേധാവി ഡോ. മഞ്ജുഷ ആർ വർമ്മയാണ് ക്യാമ്പ് ഡയറക്ടർ. വെട്ടത്തുനാട് ചരിത്ര സാംസ്കാരികസമിതി സെക്രട്ടറി കെ സി അബ്ദുള്ള, പ്രസിഡന്റ് കെ കെ അബ്ദുൾ റസാഖ് ഹാജി, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ജീവനക്കാരായ ജെ എൻ സെലിൻ, നവനീത് കൃഷ്ണൻ എസ് എന്നിവർ സംസാരിച്ചു.

കാലിക്കറ്റ് സർവകലാശാല ചരിത്രവിഭാഗം മേധാവി ഡോ. മുഹമ്മദ് മാഹീൻ എ, ചരിത്രവിഭാഗം പ്രൊഫസർ ഡോ. ശിവദാസൻ പി, ചരിത്രവിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. കെ എസ് മാധവൻ, മലയാള സർവകലാശാല ഭാഷാശാസ്ത്രവിഭാഗം അസോ. പ്രൊഫസർ ഡോ. സെയ്തലവി സി, ക്യാമ്പ് ഡയറക്ടർ ഡോ. മഞ്ജുഷ ആർ വർമ്മ, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ, കോട്ടയ്ക്കൽ ആയുർവേദ കോളജ് അസി. പ്രൊഫസർ ഡോ. ചൈതന്യ ആർ മേനോൻ, അമച്വർ വാനനിരീക്ഷകൻ സുരേന്ദ്രൻ പുന്നശ്ശേരി, റി-എക്കോ തിരുനാവായ പ്രവർത്തകൻ ചിറക്കൽ ഉമ്മർ തുടങ്ങിയവർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നയിച്ചു. തിരൂർ മാമാങ്ക സ്മാരകങ്ങളും മറ്റ് ചരിത്രസ്മാരകങ്ങളും സന്ദർശിക്കുന്ന ചരിത്രയാത്രയും ക്യാമ്പിന്റെ ഭാഗമായിരുന്നു.



# 'മധുര മാമ്പഴം' സാഹിത്യക്യാമ്പ്



'മധുര മാമ്പഴം' സാഹിത്യക്യാമ്പ് പ്രശസ്ത സാഹിത്യകാരൻ ശ്രീ സി വി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് മേലാങ്കോട്ട് എ സി കണ്ണൻനായർസ്മാരക ഗവ. യു പി സ്കൂളും ജില്ലാ ലൈബ്രറി കൗൺസിലുമായി സഹകരിച്ച് അതിയാമ്പൂർ ബാലബോധിനി ഗ്രന്ഥാലയത്തിൽ 'മധുര മാമ്പഴം' സാഹിത്യക്യാമ്പ് സംഘടിപ്പിച്ചു. പ്രശസ്ത സാഹിത്യകാരൻ ശ്രീ സി വി ബാലകൃഷ്ണൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ക്യാമ്പിന്റെ ഭാഗമായി മാമ്പഴമേളയും നടന്നു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ അധ്യക്ഷത വഹിച്ചു. യു പി, ഹൈസ്കൂൾ വിദ്യാർഥികളായ 40 പേരായിരുന്നു ക്യാമ്പംഗങ്ങൾ. പയ്യന്നൂർ കുഞ്ഞിരാമനായിരുന്നു ക്യാമ്പ് ഡയറക്ടർ. കവിതാശില്പശാലയ്ക്ക് സി എം വിനയചന്ദ്രൻ, സി പി ശുഭ, ബാബു മണ്ടൂർ എന്നിവർ നേതൃത്വം നൽകി. കഥാശില്പശാലയ്ക്ക് ഇ പി രാജഗോപാലൻ, അംബികാസുതൻ മാങ്ങാട്, പി വി ഷാജികുമാർ, ടി പി വേണുഗോപാലൻ എന്നിവർ നേതൃത്വം നൽകി. ക്യാമ്പിൽ പങ്കെടുത്ത എല്ലാവർക്കും മാവിൻതൈ വിതരണം ചെയ്തു.

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2018-2020
RNI No. 20076/70 June 2019
Regd KL/TV (N)/399/2018-2020 Published on 29-05-2019 Vol:25, Issue:06, ₹20

